# കുടുംബജ്യോതി 2026

SINCE 1982

മാർച്ച് ▸▸ പുസ്തകം 45 ▸▸ ലക്കം 3

ചങ്ങനാശേരി അതിരൂപതാ കുടുംബ പ്രസിദ്ധീകരണം


## പുതുയുഗത്തിലെ കരുത്തുറ്റ കാൽവെപ്പുകൾ

## ഡിജിറ്റൽ വിടവുകൾക്കപ്പുറം വളരുന്ന സ്ത്രീജീവിതങ്ങൾ






## പ്രണയത്തിൽ പതിയിരിക്കുന്ന അപകടങ്ങൾ

# content | ഉള്ളടക്കം

**ചീഫ് എഡിറ്റർ**
ഫാ. ജോണിക്കുട്ടി തറക്കുന്നേൽ
ഫോൺ: 8606612262

**മാനേജിംഗ് എഡിറ്റർ**
ഡോ. ജോസഫ് പാറയ്ക്കൽ

**സർക്കുലേഷൻ മാനേജർ**
ജോസി ജോസഫ് ആലഞ്ചേരി
ഫോൺ: 8921677078

**പത്രാധിപസമിതി**
മാർ തോമസ് തറയിൽ

**ആശയം, രൂപകല്പന.**
കിളിക്കൂട്, ആലപ്പുഴ

**അക്ഷരവിന്യാസം.**
മനോജ് വർഗീസ്

**മുദ്രണം.** സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്, ചങ്ങനാശേരി
ഫോൺ: 0481 2410101



Disclaimer:
The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published. Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.

ചിത്രങ്ങൾക്ക് കടപ്പാട്: ഗൂഗിൾ

അഭിപ്രായങ്ങളും രചനകളും അയക്കാനുള്ള വിലാസം
chiefeditor.kj@gmail.com
9633008272

| | | |
|---|---|---|
| വില (ഒറ്റപ്രതി) | - | ₹ 25 |
| ഒരുവർഷത്തേക്ക് | - | ₹ 250 |
| തപാലിൽ ലഭിക്കാൻ | - | ₹ 300 |

To subscribe Kudumbajyothi
Whatsapp 'sub' to 9633008272
www.kudumbajyothis.com
kudumbajyothi1982@gmail.com
Like Kudumbajyothi@/ kudumbajyothi



06 **സന്തോഷിക്കാൻ കാരണങ്ങങ്ങൾ ഏറെറെയുണ്ട്**
ഷീജാമോൾ തോമസ്



10 **ഡിജിറ്റൽ വിടവുകൾക്കപ്പുറം വളരുന്ന സ്ത്രീജീവിതങ്ങൾ**
പ്രൊഫ. ഡോ. ജയ്സിമോൾ അഗസ്റ്റിൻ

17 **2025–26 ലെ ശ്രദ്ധേയരായ വനിതകൾ**

20 **ചങ്ങനാശേരി അതിരൂപതയുടെ പൊൻതൂവലുകൾ**



22 **ചതിക്കുഴികൾ: പ്രണയത്തിൽ പതിയിരിക്കുന്ന അപകടങ്ങൾ**
കുട്ടിച്ചായൻ

29 **ഇത് യൗസേപ്പിന്റെ യുഗം**
ഫാ. സോനു കുളത്തൂർ വി.സി.

32 **സമുദായത്തിന്റെ ഉള്ളുലയ്ക്കുന്ന സമകാലിക വെല്ലുവിളികൾ**
ആന്റണി ആറിൽചിറ ചമ്പക്കുളം



38 **പരീക്ഷാചൂടും മാതാപിതാക്കളും**
ഡോ. ജസ്റ്റിൻ തോമസ്

42 **മാറുന്ന വേദികൾ, മാറുന്ന കലകൾ**
സോജൻ സെബാസ്റ്റ്യൻ

44 **നാവിനും വേണം ഒരു നോമ്പ്!**
ആന്റണി സെബാസ്റ്റ്യൻ

## സ്ഥിരംപംക്തികൾ

04 പൂമുഖം: ജോസ് ആൻഡ്രൂസ്
**അർഥവത്തായ നോമ്പുകാലം**

26 തിരിവെട്ടം: ബോബി ജോസ് കട്ടിക്കാട്
**അവൾ**

46 റവ. ഡോ. തോമസ് വള്ളിയാനിപ്പുറം
**പുതിയനിയമത്തിലെ കുടുംബദർശനം**

50 പുറംവാതിൽ: ജെ. മണക്കുന്നേൽ
**നോമ്പിലൊരു അമ്പ്! പിന്നെ അൻപ്**

കുടുംബജ്യോതി | ചങ്ങനാശേരി അതിരൂപതാ കുടുംബ പ്രസിദ്ധീകരണം
പുസ്തകം 45 ലക്കം 03

പൂമുഖം
Poomugham

# അർഥവത്തായ നോമ്പുകാലം

ജോസ് ആൻഡ്രൂസ്

**ഒരു നോമ്പുകാലത്തേക്കുപോലും ത്യജിക്കാനാവാത്ത ദുശ്ശീലങ്ങളു ണ്ടോണ്ടോയെന്ന് ഇത്തവണ ഒന്നു പരീക്ഷിച്ചുനോക്കൂ. ഉണ്ടെങ്കിൽ അത് ദുശ്ശീലമല്ല, നമ്മളതിന് അടിമയായി എന്ന് ഉറപ്പിക്കാം.**

മൂന്നുപേരുടെ നോമ്പിന്റെ കഥയാണിത്. ഫെബ്രുവരി 16 മുതൽ മത്സ്യം, മാംസം, പാലുല്പ്പന്നങ്ങൾ തുടങ്ങിയവയൊക്കെ വർജിച്ചിരിക്കുന്ന ആളാണ് ഒന്നാമൻ. ദിവസവും പള്ളിയിൽ പോകുകയും കുടുംബ പ്രാർഥനയിൽ പങ്കെടുക്കുകയുമൊക്കെ ചെയ്യുന്നുണ്ട്. രണ്ടാമത്തെയാൾ തന്റെ ബലഹീനതകളായിരുന്ന മദ്യവും മധുരവും ഉൾപ്പെടെ ചില കാര്യങ്ങളാണ് ഒഴിവാക്കിയിരിക്കുന്നത്. മത്സ്യമാംസാദികൾ ഉപയോഗിക്കുകയും എന്നാൽ, സാധിക്കുമ്പോഴൊക്കെ ആത്മീയ കാര്യങ്ങളിൽ വ്യാപൃതനാകുകയും ചെയ്യുന്നു. മൂന്നാമത്തെയാൾ ഒരു വനിതയാണ്. രണ്ടാഴ്ചയ്ക്കുശേഷം മാർച്ച് ഒന്നിനാണ് നോമ്പ് തുടങ്ങിയത്. പക്ഷേ, പൂർണ്ണ നോമ്പും പ്രാർഥനാജീവിതവും ത്യാഗങ്ങളും പരിത്യാഗങ്ങളുമൊക്കെയായി ഉഷാറാണ്.

മൂവരും സമാനമായ മറ്റു ചില കാര്യങ്ങളിൽ വ്യാപൃതരാണ്. തങ്ങൾ ഒഴിവാക്കുന്നവ മാത്രമല്ല, ഗുണകരമായ ചിലതിനെ ജീവിതത്തിലേക്ക് ഉൾപ്പെടുത്തുന്നത് കൂടിയാണ് നോമ്പിനെ അർഥവത്താക്കുന്നത് എന്നവർ വിശ്വസിക്കുന്നു. മാറ്റിവച്ചിരുന്ന പല കാര്യങ്ങളും 50 ദിവസത്തേക്ക് ചെയ്യുമെന്ന തീരുമാനമാണ് അതിൽ പ്രധാനം. ഈ നോമ്പുകാലത്ത്, യുക്തിവിചാരങ്ങളെ മാറ്റിവച്ച് എല്ലാ ദിവസവും ബൈബിൾ വായിക്കാൻ ഇവർ തീരുമാനിച്ചിരിക്കുന്നു. ഒപ്പം, ഏറെനാളായി മാറ്റിവച്ചിരിക്കുന്ന പുസ്തകങ്ങൾ വായിക്കാനും. കഴിഞ്ഞ നോമ്പുകാലത്ത് സാഹിത്യവും ചരിത്രവുമൊക്കെയായി ആറു മുതൽ പത്തുവരെ പുസ്തകങ്ങൾ മൂവർസംഘം വായിച്ചിരുന്നു. മറ്റൊന്നാണ് 15 മിനിറ്റെങ്കിലും ദിവസവും തനിച്ചിരിക്കും എന്ന തീരുമാനം. റീൽസ് കാഴ്ച 50 ദിവസത്തേക്ക് മാറ്റിവച്ചതുകൊണ്ട് സമയം ധാരാളമുണ്ട്. സമൂഹ മാധ്യമങ്ങൾ പൂർണ്ണമായി ഒഴിവാക്കിയിട്ടില്ല. എന്നാൽ, അവയിൽ വിദ്വേഷത്തിന്റെ സൂചനപോലുമുള്ള ഒരു വാക്കും എഴുതുകയോ ലൈക്കോ ഷെയറോ ചെയ്യുകയോ ഇല്ല. വ്യായാമം നിർത്തിവച്ചിരുന്നത് വീണ്ടും തുടങ്ങി.



കുടുംബത്തോടൊത്ത് സമയം ചെലവഴിക്കുമെന്ന് പ്രതിജ്ഞയെടുത്തിട്ടുണ്ട്. പാചകത്തിലുൾപ്പെടെ സഹായം, പ്രാർഥന, ഒന്നിച്ചുള്ള ഭക്ഷണം, എല്ലാം മുമ്പത്തേതിലും സജീവമായി. സ്വന്തം പറമ്പിലൂടെ ഏറെ നാളുകൾക്കുശേഷം വെറുതെ നടന്നു. മണ്ണിനും മരങ്ങൾക്കും നമ്മളെ ഒരു പരിചയവുമില്ല. റബർ വെട്ടുകാരനെ അറിയാം, എന്നെ അറിയില്ല.

ഇവയ്ക്കു പുറമേ ഓരോരുത്തരും അവധിക്കു വച്ചിരുന്ന വ്യക്തിപരമായ പല കാര്യങ്ങളും ചിട്ടയോടെ ചെയ്തുകൊണ്ടിരിക്കുകയാണ്. കുടുംബാംഗങ്ങളുമായുള്ള ബന്ധം കൂടുതൽ ഊഷ്മളമായി. ഒന്നിച്ചു പോയി സിനിമ കണ്ടു. ക്രിയാത്മകമായ കാര്യങ്ങളിൽ ഏർപ്പെട്ടതുകൊണ്ട് വർജിച്ച മത്സ്യവും മാംസവും മദ്യവുമൊന്നും ഒരാളെയും ആദ്യത്തെ ഒരാഴ്ചക്കപ്പുറം ബുദ്ധിമുട്ടിക്കുന്നില്ല. രണ്ടാമത്തെ ആഴ്ചയിൽ ആത്മവിശ്വാസം വർധിച്ചു. പുതുവർഷത്തിലെ പ്രതിജ്ഞകൾ പാളിപ്പോകുന്നതിന്റെ അനുഭവം ഏതാണ്ട് എല്ലാവർക്കുമുണ്ട്. പക്ഷേ, നോമ്പുകാലത്തെ ഉപേക്ഷകളുടെ ഗുണം, 50 ദിവസത്തേക്കല്ലേ ഉള്ളൂ എന്നതാണ്. ചെറിയ ചില അദ്ഭുതങ്ങൾക്കും സാധ്യതയുണ്ട്. നാം വർജിച്ച പല തിന്മകളും പിന്നീട് ആവശ്യമായി വരില്ല!

ഇനിയുള്ള ദിവസങ്ങളിലും നോമ്പിലേക്കു പ്രവേശിക്കാവുന്നതേയുള്ളൂ. നമുക്ക് മറ്റാരെയും ബോധിപ്പിക്കാനില്ല. നോമ്പ് നോൽക്കാൻ ആഹ്വാനമുണ്ടെന്നല്ലാതെ സഭ ആരെയും നിർബന്ധിക്കുന്നുമില്ല. ആരും ശിക്ഷിക്കാനില്ലാത്ത, സ്വയം തീരുമാനിക്കാവുന്ന ഒരു ശിക്ഷണം മാത്രം. ഒരു നോമ്പുകാലത്തേക്കുപോലും ത്യജിക്കാനാവാത്ത ദുശ്ശീലങ്ങളുണ്ടോയെന്ന് ഇത്തവണ ഒന്നു പരീക്ഷിച്ചുനോക്കൂ. ഉണ്ടെങ്കിൽ അത് ദുശ്ശീലമല്ല, നമ്മളതിന് അടിമയായി എന്ന് ഉറപ്പിക്കാം. തുടക്കത്തിൽ ബോറടിപ്പിക്കുന്ന ഒരു പരീക്ഷണവും തുടർന്ന് പുതിയ അനുഭവങ്ങളിലേക്കു വാതിൽ തുറക്കുന്നതുമായ അനുഭവമാണ് നോമ്പ്. ശബ്ദകോലാഹലങ്ങൾ അടങ്ങുമ്പോൾ ഒപ്പമൊരാളുടെ സാന്നിധ്യം അനുഭവിച്ചേക്കാം. അധികാരനഗരങ്ങളിൽ തനിച്ചുനിന്നു സത്യം വിളിച്ചുപറഞ്ഞ, ദുർബലരുടെ സഹയാത്രികനായിരുന്ന, മരുഭൂമിയിൽ തനിച്ചിരുന്ന, കാലിത്തൊഴുത്തിന്റെ മണമുള്ള ഒരാളുടേത്. •

## നന്ദിപൂർവ്വം...



രണ്ട് പതിറ്റാണ്ടിലധികം കാലം കുടുംബജ്യോതി മാസികയുടെ ജീവാത്മാവായി നിലകൊണ്ട ബഹുമാനപ്പെട്ട **ജോസ് തെക്കേപ്പുറത്തച്ചന്** സ്നേഹനിർഭരമായ നന്ദി. ഒരു എഡിറ്റർ എന്ന നിലയിൽ, വായനക്കാരുടെ ഹൃദയമിടിപ്പറിഞ്ഞ്, ചങ്ങനാശേരി അതിരൂപതയിലെ ഓരോ കുടുംബത്തിലേക്കും കുടുംബജ്യോതിയുടെ താളുകളിലൂടെ കടന്നുചെല്ലാൻ അദ്ദേഹത്തിന് സാധിച്ചു. അക്ഷരങ്ങളിലൂടെ അച്ചൻ പകർന്നുനൽകിയ ജ്യോതി വായനക്കാരുടെ മനസുകളിൽ എന്നും പ്രകാശിച്ചുനിൽക്കും. അച്ചന്റെ വരാനിരിക്കുന്ന എല്ലാ പ്രേഷിത ദൗത്യങ്ങളിലും സർവ്വശക്തന്റെ അനുഗ്രഹവും ആയുരാരോഗ്യ സൗഖ്യവും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കുടുംബജ്യോതി വായനക്കാർക്കുവേണ്ടി,

ചീഫ് എഡിറ്റർ



# സന്തോഷിക്കാൻ കാരണങ്ങൾ ഏറെയുണ്ട്

ഷീജാമോൾ തോമസ്

**One Hand Embroidery എന്ന ഇൻസ്റ്റഗ്രാം പേജിലൂടെ ശ്രദ്ധേയയായ അഞ്ജനാ ആൽവിന്റെ അതിജീവനത്തിന്റെ കഥ.**

**ച**ലനപരിമിതിയുള്ള വൈകല്യവുമായി (Locomotor Disability) ഞാൻ പിറന്നുവീണപ്പോൾ എന്റെ പപ്പയും മമ്മിയും അതിന്റെ പേരിൽ കരഞ്ഞതായോ അവരുടെ മനസ്സ് തകർന്നുപോയതായോ എനിക്കറിയില്ല. ഇന്നേവരെ എന്റെ മുമ്പിൽ അവർ അതോർത്ത് കരഞ്ഞിട്ടുമില്ല. സാധാരണ ഒരു കുട്ടിയെന്ന പോലെയാണ് അവർ എന്നെ വളർത്തിയത്. സ്പെഷ്യൽ സ്കൂൾ ഒഴിവാക്കി സാധാരണ സ്കൂളിലാണ് അവർ എന്നെ ചേർത്തത്. പപ്പ എന്നെ സൈക്കിൾ ഓടിക്കാനും വണ്ടി ഓടിക്കാനും നീന്താനും പഠിപ്പിച്ചു.

അയൽക്കാർക്കോ നാട്ടുകാർക്കോ ഞാൻ ഒരദ്ഭുതമായില്ല. തുറിച്ചുനോട്ടങ്ങളില്ലാതെയാണ് ഞാൻ ജീവിച്ചത്. സഹതാപം നേടാതെ മുന്നോട്ടുപോയി. ആരോടെങ്കിലും ഒരു സഹായം ചോദിക്കാൻ പോലും ഞാൻ തയ്യാറായിരുന്നില്ല. മറ്റെല്ലാ കുട്ടികളെയും പോലെ സാധാരണക്കാരിയായി ഞാൻ എന്റെ പ്രൈമറി സ്കൂൾ വിദ്യാഭ്യാസകാലത്തിലൂടെ കടന്നുപോയി. സ്പോർട്സ് ഒഴികെ മറ്റെല്ലാ വിഭാഗങ്ങളിലും മത്സരങ്ങളിൽ ഞാൻ സമ്മാനം നേടിയിരുന്നു.

## പ്രതിസന്ധിയിലാക്കിയ കൗമാരം

അഞ്ചാം ക്ലാസ് മുതൽ പ്ലസ് ടു വരെ ഞാൻ ഗ്രാമത്തിന് വെളിയിലുള്ള ഒരു സ്കൂളിലാണ് പഠിച്ചത്. അതെന്നെ സംബന്ധിച്ച് വ്യത്യസ്തമായ ഒരു ലോകമായിരുന്നു. ഞാൻ അവിടെ 'സ്പെഷ്യൽ' ആണെന്ന് തോന്നത്തക്ക രീതിയിലായിരുന്നു എല്ലാവരുടെയും പ്രതികരണം. എന്റെ കുറവുകൾ അവിടെ എല്ലാവരുടെയും നോട്ടമായി മാറി. മറ്റു കുട്ടികൾ എന്നെ ചൂണ്ടി എന്റെ കൈകളിലേക്ക് നോക്കി സംസാരിക്കുന്നത് കാണുമ്പോൾ അവർ എന്താണ് പറയുന്നതെന്നോർത്ത് ഞാൻ അസ്വസ്ഥയായി. അതോടെ ഞാൻ എന്നിലേക്ക് തന്നെ ചുരുങ്ങിക്കൂടാൻ ആരംഭിച്ചു. എന്റെ കുറവുകളെയോർത്ത് ഞാൻ ഖേദിച്ചു. മത്സരവേദികളെല്ലാം എനിക്ക് അന്യമായി മാറി.

## ഡിഗ്രി പഠനവും വ്യക്തിത്വ വികാസവും

കോട്ടയം ബി.സി.എം. കോളേജിലായിരുന്നു ഞാൻ ഡിഗ്രി പഠിച്ചത്. ഇക്കാലം എന്നെ വ്യക്തിപരമായി ഏറെ വളർത്തിയെന്നു പറയാം. ഇടുക്കി കഞ്ഞിക്കുഴിയിൽ നിന്ന് കോട്ടയം വരെയും തിരിച്ചും ഒറ്റയ്ക്ക് യാത്ര ചെയ്യാൻ പഠിച്ചു എന്നതാണ് അതിൽ ഏറ്റവും പ്രധാനം.

സി.എം.ഐ. വൈദികർ നേതൃത്വം നൽകുന്ന തൊടുപുഴ ശാന്തിഗിരി കോളേജിലായിരുന്നു ഞാൻ എം.എസ്.ഡബ്ല്യു പഠിച്ചത്. കമ്മ്യൂണിറ്റി ഡെവലപ്മെന്റാണ് ഞാൻ തിരഞ്ഞെടുത്തത്. അവിടെ ഒരു റീഹാബിലിറ്റേഷൻ സെന്റർ ഉണ്ടായിരുന്നു.



അവിടെയുള്ളവരെ കണ്ടപ്പോഴാണ് ഞാൻ എത്ര ഭാഗ്യവതിയാണെന്ന് തിരിച്ചറിഞ്ഞത്. മറ്റൊരാളുടെ സഹായമില്ലാതെ അവിടുത്തെ അന്തേവാസികൾക്ക് യാതൊന്നും ചെയ്യാൻ കഴിയില്ലായിരുന്നു. മറ്റുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ എനിക്ക് ഒരു പ്രശ്നവുമില്ലെന്ന് ഞാൻ മനസ്സിലാക്കി. ചിന്ത മാറുമ്പോൾ ജീവിതം മാറും എന്ന തിരിച്ചറിവിലേക്ക് ഞാൻ വളരുകയായിരുന്നു.

## ജോലിക്കുവേണ്ടിയുള്ള അന്വേഷണം

കോഴ്സ് കഴിഞ്ഞ് ജോലിക്കുവേണ്ടിയുള്ള അന്വേഷണം ആരംഭിച്ചു. പക്ഷേ, നിരാശയായിരുന്നു ഫലം. ഒപ്പം പഠിച്ചവർക്കും ജൂനിയേഴ്സിനുമെല്ലാം ജോലി കിട്ടിയിട്ടും എനിക്ക് മാത്രം ലഭിക്കുന്നില്ല. 'ഇതെന്തുകൊണ്ട്?' എന്ന ചോദ്യത്തിന് ഉത്തരം കിട്ടിയത് ഒരു ഇന്റർവ്യൂവിന് ചെന്നപ്പോഴാണ്. ബോർഡിന് മുമ്പിൽ ഇരുന്നപ്പോൾ നേരിടേണ്ടി വന്ന ചോദ്യം ഇതായിരുന്നു, "മോൾക്ക് യാത്രയാക്കെ ചെയ്യാൻ പറ്റുമോ?"







എന്റെ ശാരീരികമായ വൈകല്യം കണ്ടപ്പോൾ എനിക്ക് ഒറ്റയ്ക്ക് യാത്ര ചെയ്യാൻ കഴിയില്ലെന്നായിരുന്നു അവരുടെ ധാരണ. എന്നാൽ, എവിടെയും ഒറ്റയ്ക്ക് യാത്ര ചെയ്യാൻ ആത്മവിശ്വാസമുള്ളവളായിരുന്നു ഞാൻ. പക്ഷേ, അത് അവർക്ക് ബോധ്യമാവണ്ടേ? ആ ജോലി എനിക്ക് നഷ്ടമായി. ഇങ്ങനെ ശാരീരിക പരിമിതിയുടെ പേരിൽ ഇരുപതോളം ജോലികളാണ് എനിക്ക് നഷ്ടപ്പെട്ടത്.

### കഞ്ഞിക്കുഴി to പള്ളുരുത്തി

2022-ലായിരുന്നു വിവാഹം. പള്ളുരുത്തി സ്വദേശിയായ ആൽവിനാണ് ഭർത്താവ്. ഇരുവീട്ടുകാരുടെയും അനുഗ്രഹത്തോടെയുള്ള പ്രണയവിവാഹമായിരുന്നു ഞങ്ങളുടേത്. ആൽവിന്റെ പിന്തുണയും പ്രോത്സാഹനവുമാണ് എന്നെ ഇന്ന് ഈ നിലയിലെത്തിച്ചത്. ഞാൻ മാനസികമായി തളർന്നുപോകാൻ ആൽവിൻ ഒരിക്കലും സമ്മതിക്കാറില്ല. എന്നെ എപ്പോഴും പ്രചോദിപ്പിച്ച് സജീവമായി നിർത്തുന്നത് അദ്ദേഹമാണ്.

### കുട്ടിയുടുപ്പിലെ വിസ്മയം

ഒരു ബന്ധുവിന്റെ മാമ്മോദീസയ്ക്ക് പോയപ്പോൾ സമ്മാനമായി വാങ്ങിയ ഉടുപ്പിൽ കണ്ട എംബ്രോയ്ഡറിയാണ് എന്റെ ജീവിതം വഴിതിരിച്ചുവിട്ടത്. എന്റെ അമ്മയ്ക്ക് ഒരു തയ്യൽ മെഷീൻ ഉണ്ടായിരുന്നു. സ്വന്തം ആവശ്യത്തിന് വസ്ത്രങ്ങൾ തുന്നുകയായിരുന്നു അമ്മയുടെ പതിവ്. അത്തവണ വീട്ടിൽ ചെന്നപ്പോൾ ആ മെഷീനിൽ ഞാൻ ചില പരീക്ഷണങ്ങൾ നടത്തി. അതൊരു തുടക്കമായിരുന്നു.

ആൽവിന്റെ ടീഷർട്ടിലായിരുന്നു ആദ്യ പരീക്ഷണം. സാധാരണയായി കോട്ടൺ തുണിയിലാണ് എംബ്രോയ്ഡറി ചെയ്യുന്നത്; ബനിയൻ തുണിയിൽ അത് പ്രയാസമാണ്. പക്ഷേ, ഞാൻ അതിൽ വിജയിച്ചു. എംബ്രോയ്ഡറി ചെയ്ത ടീഷർട്ടിന്റെയും അത് ചെയ്യുന്നതിന്റെയും ദൃശ്യങ്ങൾ ഞങ്ങൾ വെറുതെ ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്തു. പബ്ലിക് ആയിട്ടായിരുന്നു പോസ്റ്റ് ചെയ്തത്. ഞങ്ങളെ അദ്ഭുതപ്പെടുത്തിക്കൊണ്ട് ആദ്യദിവസം തന്നെ ആയിരം പേർ ആ വീഡിയോ കണ്ടു. തുടർന്ന്, ആൽവിന്റെ പ്രോത്സാഹനവും ആൽവിന്റെ അനിയന്റെ സാങ്കേതിക സഹായവും വഴി കൂടുതൽ വീഡിയോകൾ പോസ്റ്റ് ചെയ്തു തുടങ്ങി.

OHE (One Hand Embroidery) എന്ന പേര് നിർദ്ദേശിച്ചത് ആൽവിനാണ്. ആയിരത്തിൽ നിന്ന് മില്യൺ കണക്കിന് കാഴ്ചക്കാരിലേക്ക് വളരെ വേഗം പേജ് വളർന്നു. ഇന്ന് എന്നെ ഒരു






മോട്ടിവേഷണൽ സ്പീക്കറാക്കി മാറ്റിയതിന് പിന്നിലും ആൽവിൻ തന്നെയാണ്. നിരവധി പ്രശസ്തർ പോലും എന്റെ എംബ്രോയ്ഡറി വർക്കുകളെ പ്രശംസിച്ചിട്ടുണ്ട്.

### വിജയം നേടിത്തന്ന ഒറ്റക്കൈ

പ്രശസ്തിയും അംഗീകാരവുമായി ഇവിടെ എത്തിനിൽക്കുമ്പോൾ, ഇതിനെല്ലാം വഴിയൊരുക്കിയത് എന്റെ ഒറ്റക്കൈ ആണെന്ന് ഞാൻ തിരിച്ചറിയുന്നു. ചില പ്രത്യേക വസ്ത്രങ്ങൾ ധരിക്കാൻ ഒരുകാലത്ത് ഞാൻ മടിച്ചിരുന്നു. ഒരു കൈ മാത്രമുള്ളതുകൊണ്ട് അത് അഭംഗിയാണെന്നായിരുന്നു എന്റെ ധാരണ. പക്ഷേ, ഇന്ന് ഞാൻ ആ ചിന്ത തിരുത്തുന്നു. എനിക്കിഷ്ടമുള്ള ഏതു വസ്ത്രവും ഞാൻ ധരിക്കുന്നു. ജീവിതത്തിൽ പോസിറ്റീവ് ആയ കാര്യങ്ങൾ കണ്ടെത്തുക, സന്തോഷിക്കാൻ കാരണങ്ങൾ കണ്ടെത്തുക; അപ്പോൾ ജീവിതം മനോഹരമായിത്തീരും.

*(1998ൽ കോതമംഗലത്തായിരുന്നു അഞ്ജനയുടെ ജനനം. മാതാപിതാക്കൾ കർഷകരായ ഷാജിയും ആലീസും. മനു സഹോദരനാണ്.)* •



**പ്രായമായവർക്ക്**
**ഗ്രേയ്സ്ഫുൾ ധ്യാനം**
(60 വയസിനു മുകളിലുള്ളവർക്ക് താമസിച്ചുള്ളത്)
**കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ**
**2026 മാർച്ച് 27,28,29,30**
മുൻകൂട്ടി ബുക്ക് ചെയ്യുക
ധ്യാനം ബുക്ക് ചെയ്യാൻ വിളിക്കുക
**ഫോൺ - 8086399023, 9495107045**

**വിവാഹ ഒരുക്ക ധ്യാനം**

| | | |
|---|---|---|
| 2026 MARCH | - 7,8,9 (Zion) | - Booking going on |
| | - 14,15,16 (Zion) | - Booking going on |
| | - 20,21,22 (Zion) | - Booking going on |
| 2026 APRIL | - 6,7,8 (Zion) | - Booking going on |
| | - 11,12,13 (Zion) | - Booking going on |
| | - 20,21,22 (Zion) | - Booking going on |
| | - 30, May 1, 2 (Zion) | - Booking going on |
| 2026 MAY | - 9,10,11 (Zion) | - Booking going on |
| | - 16,17,18 (Zion) | - Booking going on |
| | - 30, 31, June 1 (Zion) | - Booking going on |

*അന്വേഷണങ്ങൾക്ക്*
**ഫാമിലി അപ്പോസ്തലേറ്റ്, ചങ്ങനാശ്ശേരി**
ഫോൺ - **0481 2424476** സമയം - 11 am to 5 pm

വനിതാദിന സ്പെഷ്യൽ






# ഡിജിറ്റൽ വിടവുകൾക്കപ്പുറം വളരുന്ന സ്ത്രീജീവിതങ്ങൾ

പ്രൊഫ. ഡോ. ജയ്സിമോൾ അഗസ്റ്റിൻ
മലയാളവിഭാഗം അധ്യക്ഷ
അസംപ്ഷൻ കോളജ്, ചങ്ങനാശ്ശേരി

**അ**ടുക്കളയിൽ നിന്ന് അരങ്ങത്തേക്കും ആകാശസീമകളോളവും പടർന്നുകയറിയ സ്ത്രീശക്തിയുടെ വിളംബരമാണ് ലോക വനിതാദിനം. ഒരു നൂറ്റാണ്ട് മുമ്പ് വോട്ടവകാശത്തിനായി പോരാടിയ പെൺകരുത്തിന്റെ ഓർമ്മ പുതുക്കുമ്പോൾ, 2026-ൽ നാം നിൽക്കുന്നത് മറ്റൊരു വിപ്ലവത്തിന്റെ മുനമ്പിലാണ് - ഡിജിറ്റൽ വിപ്ലവം.

ഇന്ന് സാങ്കേതികവിദ്യ ഒരു ആഡംബരമല്ല, മറിച്ച് ഓരോ സ്ത്രീയുടെയും മൗലികാവകാശമാണ്. ഭക്ഷണവും വസ്ത്രവും പോലെ തന്നെ 'ഡിജിറ്റൽ സാക്ഷരതയും' ജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിക്കഴിഞ്ഞു. **ഡിജിറ്റൽ യുഗത്തിലെ സമത്വം: ലിംഗസമത്വത്തിനായി സാങ്കേതികവിദ്യയും നവീകരണവും** എന്ന ഐക്യരാഷ്ട്രസഭയുടെ ഈ വർഷത്തെ വനിതാദിനത്തിന്റെ പ്രമേയം നമ്മോട് ആവശ്യപ്പെടുന്നത് ഒന്നുമാത്രം: സാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ വിവേചനമില്ലാതെ എല്ലാ സ്ത്രീകൾക്കും ലഭ്യമാകണം.

ഡിജിറ്റൽ ലോകത്തെ അവസരങ്ങളെ ഭയമില്ലാതെ സ്വീകരിക്കാനും സുരക്ഷിതമായി ഉപയോഗിക്കാനും നമ്മുടെ കുടുംബങ്ങളിലെ സ്ത്രീകൾക്ക് സാധിക്കുന്നുണ്ടോ? ക്രൈസ്തവ മൂല്യങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് ഈ ആധുനിക യുഗത്തെ എങ്ങനെ ശക്തീകരണത്തിനുള്ള ഉപാധിയാക്കാം? നമുക്ക് പരിശോധിക്കാം.

## 1. ഡിജിറ്റൽ വിടവ്: സ്മാർട്ട്ഫോണിന് അപ്പുറം

ലോകം സാങ്കേതികമായി അതിവേഗം മുന്നേറുമ്പോഴും ആധുനിക സൗകര്യങ്ങൾ ലഭിക്കുന്നവരും അത് കൃത്യമായി ഉപയോഗിക്കാൻ അറിയാത്തവരും തമ്മിലുള്ള ഒരു വലിയ അന്തരം ഇന്നും നിലനിൽക്കുന്നു. ഇതിനെയാണ് 'ഡിജിറ്റൽ വിടവ്' (Digital Divide) എന്ന് വിളിക്കുന്നത്. 2026-ൽ ഈ വിടവ് കേവലം ഒരു ഫോണിന്റെ അഭാവമല്ല, മറിച്ച് താഴെ പറയുന്ന കാരണങ്ങളാൽ ഉണ്ടാകുന്ന ഗൗരവകരമായ ഒരു സാമൂഹിക പ്രശ്നമാണ്:

- **നൈപുണ്യ വിടവ് (Skill Gap)**: ഇന്ന് മിക്ക വീടുകളിലും സ്മാർട്ട്ഫോണുകൾ ഉണ്ടെങ്കിലും, അവ കേവലം വിനോദത്തിനപ്പുറം സ്വന്തം കരിയർ വളർച്ചയ്ക്കോ സാമ്പത്തിക കാര്യങ്ങൾക്കോ (ഉദാഹരണത്തിന് ബാങ്കിംഗ്, സർക്കാർ സേവനങ്ങൾ) വേണ്ടി ഉപയോഗിക്കുന്നതിൽ സ്ത്രീകൾ ഇന്നും പിന്നിലാണ്.
- **അൽഗോരിതമിക് വിവേചനം:** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) വികസിപ്പിക്കുമ്പോൾ പുരുഷന്മാരുടെ ഡാറ്റയ്ക്ക് ലഭിക്കുന്ന മുൻഗണന, തൊഴിൽ തിരഞ്ഞെടുപ്പിലും അവസരങ്ങൾ ലഭ്യമാകുന്നതിലും സ്ത്രീകൾക്ക് അദൃശ്യമായ തിരിച്ചടിയുണ്ടാക്കുന്നു.
- **ആത്മവിശ്വാസക്കുറവ്:** ''സാങ്കേതികവിദ്യ പുരുഷന്മാർക്ക് എളുപ്പത്തിൽ വഴങ്ങുന്നതാണ്'' എന്ന കാലഹരണപ്പെട്ട ചിന്താഗതിയും, പുതിയ പരീക്ഷണങ്ങൾ നടത്തിയാൽ തനിക്കും കുടുംബത്തിനും സുരക്ഷിതമാണോ എന്ന ഭയവും സ്ത്രീകളെ ഡിജിറ്റൽ ലോകത്തുനിന്ന് അകറ്റി നിർത്തുന്നു.
- **സൈബർ സുരക്ഷാ ഭീതി:** ഓൺലൈൻ ചതിക്കുഴികളെക്കുറിച്ചുള്ള അമിതമായ പേടി കാരണം പലരും ഡിജിറ്റൽ സാമ്പത്തിക ഇടപാടുകൾ നടത്താൻ പോലും മടിക്കുന്നു. സുരക്ഷാ ക്രമീകരണങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണയില്ലാത്തതിനാൽ, ഈ ഭയം സ്ത്രീകളെ ഡിജിറ്റൽ ലോകത്തെ വലിയ അവസരങ്ങളിൽ നിന്ന് സ്വയം പിന്തിരിപ്പിക്കാൻ കാരണമാകുന്നു.

സ്ത്രീകൾ വെറും ഡിജിറ്റൽ ഉപഭോക്താക്കൾ (Consumers) എന്നതിലുപരി സാങ്കേതികവിദ്യയുടെ സ്രഷ്ടാക്കളും (Creators) കൂടി ആയാൽ മാത്രമേ ഈ വിടവ് നികത്തി തുല്യനീതി ഉറപ്പാക്കാൻ സാധിക്കൂ.




## 2. STEM: ഭാവിയിലേക്കുള്ള വാതിൽ

ഭാവിയിലെ തൊഴിൽ സാധ്യതകൾ STEM (Science, Technology, Engineering, Mathematics) മേഖലകളെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ, ഇത്തരം വിഷയങ്ങൾ കടുപ്പമേറിയതാണെന്നും പെൺകുട്ടികൾക്ക് വഴങ്ങില്ലെന്നുമുള്ള തെറ്റായ മുൻവിധികൾ നമ്മുടെ സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നു.

- **ചിന്താഗതിയിലെ മാറ്റം:** നേഴ്സിംഗും അധ്യാപനവും പോലെ തന്നെ പെൺകുട്ടികൾക്ക് മികച്ച കരിയർ കെട്ടിപ്പടുക്കാവുന്ന മേഖലകളാണ് റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബയോ-ടെക്നോളജി എന്നിവ. ലോകത്തെ മാറ്റിമറിച്ച പല കണ്ടുപിടുത്തങ്ങൾക്കും പിന്നിൽ സ്ത്രീകളുടെ ചിന്താശക്തിയുണ്ടെന്ന വസ്തുത നാം തിരിച്ചറിയണം.
- **പുതിയ കാലത്തെ ഭാഷ (Coding):** കോഡിംഗ് എന്നത് വെറുമൊരു കമ്പ്യൂട്ടർ പഠനമല്ല, മറിച്ച് ഒരു പ്രശ്നത്തെ യുക്തിപൂർവ്വം വിശകലനം ചെയ്യാനും പരിഹരിക്കാനുമുള്ള കഴിവാണ്. പെൺകുട്ടികൾ ചെറിയ പ്രായത്തിൽ തന്നെ കോഡിംഗും ലോജിക്കൽ തിങ്കിംഗും ശീലിക്കുന്നത് അവരിൽ വലിയ ആത്മവിശ്വാസം വളർത്തും.
- **മാതൃകകളെ കണ്ടെത്താം:** വിദേശരാജ്യങ്ങളിൽ മാത്രമല്ല, നമ്മുടെ നാട്ടിലും STEM മേഖലയിൽ വിജയിച്ച ഒട്ടേറെ വനിതകളുണ്ട്. അവരെക്കുറിച്ചുള്ള അറിവ് കുട്ടികൾക്ക് പകരുന്നത് ''എനിക്കും ഇത് സാധിക്കും'' എന്ന ബോധ്യം അവരിൽ ഉണ്ടാക്കാൻ സഹായിക്കും.

### പ്രൊഫ. ഡോ. ജയ്സിമോൾ അഗസ്റ്റിൻ



**ഭാ**രതീയ ദളിത് സാഹിത്യ അക്കാദമിയുടെ 2025-ലെ 'അംബേദ്കർ സാഹിത്യശ്രീ' ദേശീയ പുരസ്കാരം ചങ്ങനാശ്ശേരി അസംപ്ഷൻ കോളജ് മലയാള വിഭാഗം അധ്യക്ഷ പ്രൊഫ. ഡോ. ജയ്സിമോൾ അഗസ്റ്റിൻ സ്വന്തമാക്കി. ഇവരുടെ ശ്രദ്ധേയമായ ഗവേഷണ ഗ്രന്ഥമായ 'എക്കോസ് ഫ്രം മാർജിൻസ്: ദ സൗത്ത് ഇന്ത്യൻ ദളിത് വോയിസസ്' (Echoes from Margins: The South Indian Dalit Voices) എന്ന കൃതിക്കാണ് ഈ ഉന്നത അംഗീകാരം ലഭിച്ചത്. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലക വുമടങ്ങുന്ന പുരസ്കാരം ഡൽഹിയിലെ പഞ്ചശീലിൽ നടന്ന ഭാരതീയ ദളിത് സാഹിത്യ അക്കാദമി സമ്മേളനത്തിൽ വെച്ച് സമ്മാനിക്കപ്പെട്ടു. ദക്ഷിണേന്ത്യയിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശബ്ദങ്ങളെ സാഹിത്യ ലോകത്ത് അടയാളപ്പെടുത്തിയ ഡോ. ജയ്സിമോളുടെ ഈ നേട്ടം അക്കാദ മിക മേഖലയ്ക്കും മലയാള ഭാഷയ്ക്കും ഒരുപോലെ അഭിമാനകരമാണ്.

## *She Labs:* ഡിജിറ്റൽ വിടവ് നികത്തുന്ന വിപ്ലവം

പെൺകുട്ടികളിൽ ശാസ്ത്രീയാഭിരുചിയും നൂതന ആശയങ്ങളും വളർത്തുവാനായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇൻകുബേഷൻ സെന്ററുകളാണ് She Labs. വെറുതെ പുസ്തകം വായിച്ചു പഠിക്കുന്നതിന് പകരം, റോബോട്ടുകൾ നിർമ്മിക്കാനും മൊബൈൽ ആപ്പുകൾ വികസിപ്പിക്കാനും ആവശ്യമായ സാങ്കേതിക സഹായവും മെന്റർ ഷിപ്പും ഇവിടെ ലഭിക്കുന്നു.

### ആഗോള തലത്തിൽ

- **UNESCO ഡാറ്റ:** ആഗോളതലത്തിൽ STEM മേഖലയിലെ ഗവേഷകരിൽ 33.3% മാത്രമാണ് സ്ത്രീകൾ. ഈ വിടവ് നികത്താൻ 'Girls Who Code', 'She Code Africa' തുടങ്ങിയ സംഘ ടനകൾ ലാബുകളിലൂടെ സൗജന്യ പരിശീലനം നൽകുന്നു.
- **UN Women റിപ്പോർട്ട്:** ഡിജിറ്റൽ ലോകത്തുനിന്നും സ്ത്രീകളെ മാറ്റിനിർത്തുന്നത് വികസ്വര രാജ്യങ്ങളുടെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ (GDP) ഏകദേശം ഒരു ട്രില്യൺ ഡോളറിന്റെ നഷ്ടമുണ്ടാക്കുന്നു എന്നാണ് കണക്ക്.

### കേരളീയ പശ്ചാത്തലത്തിൽ

സാങ്കേതിക തൊഴിലിടങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ സർക്കാർ തലത്തിൽ വലിയ ശ്രമങ്ങൾ നടക്കുന്നു:

- **കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM)**: സ്ത്രീകൾക്ക് മാത്രമായി 'Women Startup Summit' ഉം അവർക്ക് സാങ്കേതിക സഹായം നൽകാൻ പ്രത്യേക ഇൻകുബേഷൻ സെന്ററുകളും She Labs മാതൃകയിൽ ഒരുക്കുന്നു.
- **ASAP & ICT Academy:** കോളേജ് തലത്തിൽ പെൺകുട്ടികൾക്കായി ആർട്ടിഫിഷ്യൽ ഇന്റലി ജൻസ്, ഡാറ്റ സയൻസ് തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക ലാബുകളും പരിശീലന പരിപാടികളും നടത്തുന്നു.
- **ഡിജിറ്റൽ കേരള മിഷൻ:** കുടുംബശ്രീ വഴി, സാധാരണക്കാരായ സ്ത്രീകൾക്ക് ഡിജി റ്റൽ സേവനങ്ങൾ പഠിപ്പിക്കാൻ രൂപീകരിച്ച പ്രാദേശിക ലാബുകൾ She Labs-ന്റെ അടിത്തട്ടിലുള്ള പതിപ്പുകളാണ്.

## 3. ഡിജിറ്റൽ വിപ്ലവവും തൊഴിൽ സാധ്യതകളും

സാങ്കേതികവിദ്യയുടെ വളർച്ച സ്ത്രീകളുടെ തൊഴിൽ സങ്കൽപ്പങ്ങളെത്തന്നെ മാറ്റിമറിച്ചിരിക്കുന്നു. വീടിന്റെ ഉത്തരവാദിത്തങ്ങൾക്കൊപ്പം സാമ്പത്തിക സ്വാതന്ത്ര്യം നേടാൻ ഒട്ടേറെ ഡിജിറ്റൽ വഴികളുണ്ട്. രക്ഷിതാക്കൾക്കും വിദ്യാർഥികൾക്കും പ്രയോജനപ്പെടുന്ന ചില പ്രധാന മേഖലകൾ ഇവയാണ്:

• **ഓൺലൈൻ സംരംഭകത്വം (E-commerce)**:

വലിയ മൂലധനമോ കടമുറികളോ ഇല്ലാതെ തന്നെ വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം എന്നിവ വഴി സ്വന്തം ഉത്പ്പന്നങ്ങൾ (വസ്ത്രങ്ങൾ, ആഭരണങ്ങൾ, കരകൗശല വസ്തുക്കൾ) ആഗോളതലത്തിൽ വിൽക്കാം. 'റീസെല്ലിംഗ്' വഴി സ്റ്റോക്കുകൾ കൈവശം വെക്കാതെ തന്നെ വരുമാനം നേടാനും ഇന്ന് സാധിക്കും.

• **ഗിഗ് ഇക്കോണമി (Gig Economy)**:

നിശ്ചിത സമയബന്ധിതമല്ലാത്ത ഫ്രീലാൻസ് ജോലികളാണിത്. എഴുത്ത് (Content Writing), ഡിജിറ്റൽ ഡിസൈനിംഗ്, വിവർത്തനം, ഓൺലൈൻ ട്യൂഷൻ തുടങ്ങിയ മേഖലകളിൽ അന്താരാഷ്ട്ര തലത്തിലുള്ള കമ്പനികൾക്കുവേണ്ടി വീട്ടിലിരുന്ന് ജോലി ചെയ്യാം. ഇതിനായി Upwork, Fiverr തുടങ്ങിയ വിശ്വസനീയമായ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കാം.

• **പുതിയ കരിയർ സാധ്യതകൾ**:

ഭാവിയിൽ പെൺകുട്ടികൾക്ക് തിരഞ്ഞെടുക്കാവുന്ന മികച്ച മേഖലകളാണ് Data Analytics, Digital Marketing, UI/UX Designing ഇവയൊക്കെ. വലിയ എഞ്ചിനീയറിംഗ് ബിരുദങ്ങൾ ഇല്ലാതെ തന്നെ ഹ്രസ്വകാല കോഴ്സുകൾ വഴി ഈ മേഖലകളിൽ ഉയർന്ന ശമ്പളമുള്ള ജോലി നേടാനാകും.

• **സാമ്പത്തിക സ്വയംപര്യാപ്തത:** UPI, Net Banking എന്നിവയിലൂടെ സ്വന്തം വരുമാനം കൈകാര്യം ചെയ്യാനും ആപ്പുകൾ വഴി മ്യൂചൽ ഫണ്ടുകളിലോ സ്വർണ്ണത്തിലോ നിക്ഷേപം നടത്താനും ഇന്ന് സ്ത്രീകൾക്ക് സാധിക്കുന്നു. ഇത് അവരെ സാമ്പത്തികമായി മറ്റൊരാളെ ആശ്രയിക്കുന്നതിൽ നിന്ന് മോചിപ്പിക്കുന്നു.

**സാങ്കേതികവിദ്യയുടെ ലോകം തുറന്നിടുന്നത് വലിയ അവസരങ്ങളാണെങ്കിലും, അതിൽ മറഞ്ഞിരിക്കുന്ന ചതിക്കുഴികൾ തിരിച്ചറിയാനുള്ള 'ഡിജിറ്റൽ ജാഗ്രത' ഓരോ സ്ത്രീയും വളർത്തിയെടുക്കണം.**



• **മാറ്റങ്ങൾക്കായുള്ള തയ്യാറെടുപ്പ്**: യന്ത്രവൽക്കരണം (Automation) വർദ്ധിക്കുന്നതോടെ പകർത്തിയെഴുത്ത് പോലുള്ള ലളിതമായ ജോലികൾ ഭാവിയിൽ ഇല്ലാതായേക്കാം. അതിനാൽ, കമ്പ്യൂട്ടർ അടിസ്ഥാന വിജ്ഞാനത്തിന് പുറമെ ChatGPT, Canva പോലെയുള്ള AI ടൂളുകൾ ഉപയോഗിക്കാനുള്ള നൈപുണ്യം ഓരോ പെൺകുട്ടിയും വീട്ടമ്മയും ആർജിക്കേണ്ടതുണ്ട്.

## 4. ഡിജിറ്റൽ ലോകത്തെ വെല്ലുവിളികളും സുരക്ഷയും

സാങ്കേതികവിദ്യയുടെ ലോകം തുറന്നിടുന്നത് വലിയ അവസരങ്ങളാണെങ്കിലും, അതിൽ മറഞ്ഞിരിക്കുന്ന ചതിക്കുഴികൾ തിരിച്ചറിയാനുള്ള 'ഡിജിറ്റൽ ജാഗ്രത' ഓരോ സ്ത്രീയും വളർത്തിയെടുക്കണം. സുരക്ഷിതമായ ഒരു ഡിജിറ്റൽ അന്തരീക്ഷം ഒരുക്കുക എന്നത് കുടുംബത്തിന്റെ മൊത്തത്തിലുള്ള ഉത്തരവാദിത്തമാണ്.

- **പുതിയ കാലത്തെ കെണികൾ:**

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് ഒരാളുടെ ശബ്ദമോ മുഖമോ കൃത്യമായി അനുകരിക്കുന്ന 'ഡീപ്ഫേക്ക്' തട്ടിപ്പുകൾ ഇന്ന് വ്യാപകമാണ്. നിങ്ങളുടെ അടുത്ത ബന്ധുവിന്റെ ശബ്ദത്തിൽ പണം ആവശ്യപ്പെട്ട് വരുന്ന ഫോൺ കോളുകൾ പോലും വ്യാജമാകാം. കൂടാതെ, അമിതലാഭം വാഗ്ദാനം ചെയ്യുന്ന ഓൺലൈൻ നിക്ഷേപങ്ങളും, നിസ്സാര നിബന്ധനകളിൽ പണം നൽകുന്ന വ്യാജ വായ്പാ ആപ്പുകളും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത തകർക്കാൻ ലക്ഷ്യമിട്ടുള്ളതാണ്.

- **സൈബർ അതിക്രമങ്ങളും പ്രതിരോധവും:**

സോഷ്യൽ മീഡിയ വഴിയുള്ള ബോഡി ഷെയിമിംഗ്, മോർഫിംഗ് (ചിത്രങ്ങളിൽ മാറ്റം വരുത്തൽ) എന്നിവയിലൂടെ സ്ത്രീകളെ മാനസികമായി തളർത്താൻ പലരും ശ്രമിക്കാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ഭയപ്പെട്ട് പിന്മാറാതെ, നിയമപരമായ സഹായം തേടാൻ സ്ത്രീകൾ ധൈര്യം കാണിക്കണം.

- **ഡിജിറ്റൽ അതിരുകൾ:**

നമ്മുടെ വീടിന്റെ വാതിലുകൾ അപരിചിതർക്കായി തുറന്നിടാറില്ലാത്തതുപോലെ, ഡിജിറ്റൽ ലോകത്തും സുരക്ഷിതമായ അതിരുകൾ വേണം. സോഷ്യൽ മീഡിയയിൽ വ്യക്തിഗത വിവരങ്ങളും കുടുംബചിത്രങ്ങളും പങ്കുവെക്കുമ്പോൾ 'പ്രൈവസി സെറ്റിംഗ്സ്' കൃത്യമായി ഉപയോഗിക്കുക. അപരിചിതരിൽ നിന്നുള്ള ഫ്രണ്ട് റിക്വസ്റ്റുകളും സന്ദേശങ്ങളും സ്വീകരിക്കുന്നതിൽ അതീവ ജാഗ്രത പുലർത്തുക.



## സ്ത്രീ സുരക്ഷ: വിരൽത്തുമ്പിലുണ്ട് സഹായം


**സൈ**ബർ ലോകത്തോ പുറത്തോ നിങ്ങൾ ഭീഷണിയോ ചൂഷണമോ നേരിടുന്നുണ്ടോ? മടിക്കാതെ ഈ സേവനങ്ങളെ പ്രയോജനപ്പെടുത്തുക.

- **സൈബർ കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യാൻ (24/7):**
  - ➡ ഹെൽപ്പ് ലൈൻ നമ്പർ: **1930**
  - ➡ വെബ്സൈറ്റ്: **www.cybercrime.gov.in**
- **ദേശീയ വനിതാ ഹെൽപ്പ് ലൈൻ:** 1091 / 181

  (സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ)
  - ➡ കേരള പോലീസിന്റെ **'നിർഭയ' ഹെൽപ്പ് ലൈൻ:** 1800 425 1400
  - ➡ വാട്സാപ്പ് വഴി പരാതി നൽകാൻ (Kerala Police): 94979 00300

**ഓർക്കുക:**

1. നിങ്ങളുടെ പാസ്‌വേഡുകളോ ഒടിപി (OTP) നമ്പറുകളോ ആരുമായും പങ്കുവെക്കരുത്.
2. ഏതെങ്കിലും തരത്തിലുള്ള സൈബർ ആക്രമണം നേരിട്ടാൽ അതിന്റെ 'സ്ക്രീൻഷോട്ടുകൾ' തെളിവായി സൂക്ഷിക്കുക.


### 5. സാങ്കേതികവിദ്യയും സഭാവീക്ഷണവും: സമത്വത്തിന്റെ സുവിശേഷം

സ്ത്രീപുരുഷ സമത്വത്തിന്റെ ആദിരൂപം നാം കണ്ടെത്തുന്നത് വിശുദ്ധ ഗ്രന്ഥത്തിലാണ്. ''ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു; പുരുഷനും സ്ത്രീയുമായി അവരെ സൃഷ്ടിച്ചു'' (ഉല്പത്തി 1:27) എന്ന വചനം ഡിജിറ്റൽ യുഗത്തിലും നമ്മുടെ വഴികാട്ടിയാണ്. സാങ്കേതികവിദ്യയെ കേവലം ഉപകരണങ്ങളായല്ല, മറിച്ച് ദൈവം മനുഷ്യന് നൽകിയ സർഗാത്മകമായ ദാനമായാണ് സഭ വീക്ഷിക്കുന്നത്.

- **സ്ത്രൈണ പ്രതിഭയും അന്തസ്സും:**

വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ തന്റെ 'സ്ത്രീയുടെ അന്തസ്സ്' (Mulieris Dignitatem) എന്ന അപ്പസ്തോലിക ലേഖനത്തിൽ ഊന്നിപ്പറഞ്ഞ 'സ്ത്രൈണ പ്രതിഭ' (Feminine Genius) ഡിജിറ്റൽ ലോകത്തും പ്രകടമാകേണ്ടതുണ്ട്. സാങ്കേതിക മേഖലകളിൽ സ്ത്രീകൾക്ക് ലഭിക്കുന്ന തുല്യമായ അവസരം അവരുടെ ബുദ്ധിശക്തിയെയും ദൈവം നൽകിയ സവിശേഷമായ തനിമയെയും ആദരിക്കുന്നതിന് തുല്യമാണ്. ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ സ്ത്രീകളുടെ സാന്നിധ്യം ലോകത്തെ കൂടുതൽ കരുണയുള്ളതാക്കി മാറ്റും.

- **പൊതുനന്മയ്ക്കായുള്ള സാങ്കേതികവിദ്യ:**

ഫ്രാൻസിസ് മാർപാപ്പ 'ലൗദാത്തോ സി'യിൽ ഓർമ്മിപ്പിക്കുന്നത് പോലെ, സാങ്കേതികവിദ്യ വെറും ലാഭത്തിനോ അധികാരത്തിനോ വേണ്ടിയുള്ളതാകരുത്. അത് 'പൊതുനന്മയ്ക്കായി' (Common Good) ഉപയോഗിക്കപ്പെടണം. ഡിജിറ്റൽ ലോകത്ത് സ്ത്രീകൾ നേരിടുന്ന വിവേചനവും അരികുവൽക്കരണവും അവസാനിപ്പിക്കുക എന്നത് ഒരു ധാർമിക ഉത്തരവാദിത്തമാണ്. സാങ്കേതികവിദ്യ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം വളർത്താനുള്ള ഉപാധിയാകണം.

- **തുല്യനീതിയും അരികുവൽക്കരിക്കപ്പെട്ടവരും:**

''...പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല; നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്'' (ഗലാ 3:28) എന്ന പൗലോസ് ശ്ലീഹായുടെ വചനം ഡിജിറ്റൽ ലോകത്തെ അവസരങ്ങൾക്കും ബാധകമാണ്. ഡിജിറ്റൽ വിടവ് കാരണം അറിവും വരുമാനവും നിഷേധിക്കപ്പെടുന്ന സ്ത്രീകളെ സഹായിക്കുക എന്നത് ഒരു ആധുനിക ക്രൈസ്തവ പുണ്യമാണ്.

- **ഡിജിറ്റൽ സന്മാർഗ്ഗികത:**

ഇന്റർനെറ്റിലൂടെ സ്ത്രീകളുടെ അന്തസിനെ മുറിപ്പെടുത്തുന്ന പ്രവർത്തനങ്ങളെയും സൈബർ ആക്രമണങ്ങളെയും സഭ ഗൗരവകരമായ പാപമായി കാണുന്നു. സാങ്കേതികവിദ്യ നന്മയ്ക്കായിരിക്കണം; അത് മറ്റുള്ളവരുടെ അന്തസ്സിനെ ഹനിക്കാൻ ഉപയോഗിക്കുന്നത് സുവിശേഷ മൂല്യങ്ങൾക്ക് വിരുദ്ധമാണ്. ഡിജിറ്റൽ ഇടങ്ങളെ ക്രിസ്തീയ സ്നേഹത്താൽ പ്രകാശിപ്പിക്കാൻ നാം ബാധ്യസ്ഥരാണ്.

### 6. മനസിന്റെ തടവറകളും ആത്മീയ മോചനവും

ഡിജിറ്റൽ വിപ്ലവം ഭൗതിക സാഹചര്യങ്ങളിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുമ്പോഴും, സ്ത്രീമനസ്സുകൾ ഇന്നും ചില അദൃശ്യ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു.

2026-ലെ സങ്കീർണ്ണമായ ജീവിതസാഹചര്യങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രധാന മാനസിക വെല്ലുവിളികൾ ഇവയാണ്:

• **'സൂപ്പർ വുമൺ' സിൻഡ്രോമും മാനസിക ഭാരവും:** ഡിജിറ്റൽ യുഗത്തിൽ ജോലിഭാരം കുറയുകയല്ല, മറിച്ച് കൂടുകയാണ് ചെയ്തത്. ഒരേ സമയം മികച്ച ഉദ്യോഗസ്ഥയും മാതൃകയായ വീട്ടമ്മയും ആകാനുള്ള സാമൂഹിക സമ്മർദം സ്ത്രീകളെ 'Mental Load' എന്ന അവസ്ഥയിലേക്ക് എത്തിക്കുന്നു. വീടിന്റെ ഉത്തരവാദിത്തങ്ങൾ പ്ലാൻ ചെയ്യുന്നതും നടപ്പിലാക്കുന്നതും ഇന്നും സ്ത്രീയുടെ മാത്രം ബാധ്യതയായി തുടരുന്നത് അവരെ നിശബ്ദമായ തളർച്ചയിലേക്ക് നയിക്കുന്നു.

• **സോഷ്യൽ മീഡിയയും താരതമ്യങ്ങളും:**

സോഷ്യൽ മീഡിയയിൽ മറ്റുള്ളവർ പങ്കുവെക്കുന്ന 'പെർഫെക്റ്റ്' ജീവിത ചിത്രങ്ങളുമായി സ്വന്തം ജീവിതത്തെ താരതമ്യം ചെയ്യുന്നത് ഇന്ന് പലരിലും അപകർഷതാബോധം സൃഷ്ടിക്കുന്നുണ്ട്. ഇത് സമാധാനം കെടുത്തുകയും താൻ ചെയ്യുന്ന കാര്യങ്ങൾ പോരാ എന്ന തോന്നൽ ഉണ്ടാക്കുകയും ചെയ്യുന്നു.

• **വൈകാരികമായ ഒറ്റപ്പെടൽ:**

ലോകം മുഴുവൻ വിരൽത്തുമ്പിൽ ബന്ധിക്കപ്പെട്ടിരിക്കുമ്പോഴും, ഒരേ മേൽക്കൂരക്ക് താഴെ കഴിയുന്നവർ സ്ക്രീനുകളിലേക്ക് ഒതുങ്ങിപ്പോകുന്നത് സ്ത്രീകളെ വൈകാരികമായി ഒറ്റപ്പെടുത്തുന്നു. ഹൃദയം തുറന്നുള്ള സംസാരങ്ങൾ ഇല്ലാതാകുന്നത് മാനസികാരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു.

• **ഭയമില്ലാത്ത മനസ്സ്; യഥാർത്ഥ സ്വാതന്ത്ര്യം**

ഇവിടെയാണ് ക്രൈസ്തവ ആത്മീയതയുടെ പ്രസക്തി. പരിശുദ്ധ മറിയത്തെപ്പോലെ പ്രതിസന്ധികളിൽ ധീരമായി 'അതെ' എന്ന് പറയാനും സ്വന്തം വ്യക്തിത്വം ഉയർത്തിപ്പിടിക്കാനുമുള്ള കരുത്ത് ആത്മീയതയിലൂടെയാണ് നാം നേടിയെടുക്കേണ്ടത്.

സഭ മുന്നോട്ടുവെക്കുന്ന 'സ്ത്രൈണ പ്രതിഭ' എന്നത് കേവലം അധ്വാനിക്കാനുള്ള കഴിവല്ല, മറിച്ച് സ്നേഹിക്കാനും കരുതാനും തീരുമാനങ്ങൾ എടുക്കാനുമുള്ള ആത്മീയ കരുത്താണ്. അനാവശ്യമായ ഭയങ്ങളിൽ നിന്നും താരതമ്യങ്ങളിൽ നിന്നും മനസ്സിനെ മോചിപ്പിക്കുക എന്നതാണ് യഥാർത്ഥ സ്ത്രീശാക്തീകരണം.

## 7. ഡിജിറ്റൽ യുഗത്തിലെ ആത്മീയ ജീവിതവും കുടുംബവും

സാങ്കേതികവിദ്യ കുടുംബങ്ങളിലെ സ്ത്രീകളുടെ ദൈനംദിന ജീവിതരീതിയെയും ആത്മീയതയെയും ഒരുപോലെ സ്വാധീനിച്ചിട്ടുണ്ട്. ഡിജിറ്റൽ ലോകത്തെ ഒരു 'ആത്മീയ വേദിയായി' മാറ്റാൻ ഓരോ സ്ത്രീക്കും സാധിക്കും.

• **ബന്ധങ്ങളുടെ ദൂരം കുറയുന്നു:**

വിദേശത്തോ ദൂരെയോ ഉള്ള പ്രിയപ്പെട്ടവരുമായി വീഡിയോ കോളുകളിലൂടെ നിരന്തരം ബന്ധപ്പെടാൻ സാധിക്കുന്നത് സ്ത്രീകളുടെ വൈകാരികമായ ഒറ്റപ്പെടൽ കുറയ്ക്കുന്നു. എന്നാൽ, ഈ സാങ്കേതിക സൗകര്യം വീടിനുള്ളിലെ നേരിട്ടുള്ള സംഭാഷണങ്ങളെ ഇല്ലാതാക്കാതെ നോക്കണം. ഭക്ഷണസമയത്തും പ്രാർഥനാ സമയത്തും സ്ക്രീനുകൾക്ക് അവധി നൽകുന്നത് കുടുംബബന്ധങ്ങൾക്ക് കൂടുതൽ ആഴമേകും.

• **ഡിജിറ്റൽ പ്രാർത്ഥനാ സഹായികൾ:**

ജോലിത്തിരക്കിനിടയിലും യാത്രകൾക്കിടയിലും ജപമാല ചൊല്ലാനും വിശുദ്ധ ഗ്രന്ഥം ശ്രവിക്കാനും ഇന്ന് സ്മാർട്ട്ഫോൺ ആപ്പുകൾ സഹായിക്കുന്നു. അകലങ്ങളിലായിരിക്കുന്നവർക്ക് ഒരുമിച്ചു പ്രാർഥിക്കാനും സന്ധ്യാപ്രാർഥന നടത്താനും മധ്യസ്ഥപ്രാർഥനക്കും ഡിജിറ്റൽ കൂട്ടായ്മകൾ വഴി സാധിക്കുന്നത് അനുഗ്രഹമാണ്.

• **കൗദാശിക ജീവിതം**

ഓൺലൈൻ കുർബാനകളും ശുശ്രൂഷകളും അടിയന്തര സാഹചര്യങ്ങളിൽ അനുഗ്രഹമാണെങ്കിലും, അവ നേരിട്ടുള്ള കൂദാശ സ്വീകരണത്തിന് പകരമാവില്ല എന്ന വിവേചനാബുദ്ധി നമുക്കുണ്ടാകണം.

**ഉപസംഹാരം**

2026-ലെ ലോക വനിതാ ദിനം നമ്മോട് ആവശ്യപ്പെടുന്നത് സാങ്കേതികവിദ്യയുടെ ലോകത്ത് സ്ത്രീകൾ വെറും കാഴ്ചക്കാരാകരുത് എന്നാണ്. ഡിജിറ്റൽ വിടവുകൾ നികത്തി, ജാഗ്രതയോടെയും പ്രാർഥനാപൂർവ്വവും മുന്നേറുമ്പോൾ നാം ഓരോരുത്തരും പുതിയ കാലത്തിന്റെ ശില്പികളായി മാറുന്നു.

സാങ്കേതികവിദ്യയെ, സഭ പഠിപ്പിക്കുന്നത് പോലെ, സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും ഉപകരണമാക്കി മാറ്റാം. അന്തസ്സോടെയും തുല്യനീതയോടെയും സ്ത്രീകൾക്ക് ശോഭിക്കാൻ കഴിയുന്ന ഒരു നാളേയ്ക്കായി നമുക്ക് കൈകോർക്കാം. •











### പുതുയുഗത്തിലെ കരുത്തുറ്റ കാൽവെപ്പുകൾ:

# 2025-26 ലെ ശ്രദ്ധേയരായ വനിതകൾ

**ലോ**കചരിത്രത്തിന്റെ ഗതിമാറ്റിയ സ്ത്രീ ശക്തിയുടെ പ്രഭാവം 2025-26 കാലഘട്ടത്തിലും അതീവ ശക്തമായി തുടരുന്നു. ശാസ്ത്രം, രാഷ്ട്രീയം, കായികം, സാങ്കേതികവിദ്യ, സാമൂഹിക സേവനം എന്നീ മേഖലകളിൽ സ്ത്രീകൾ കൈവരിച്ച നേട്ടങ്ങൾ ലിംഗസമത്വത്തിന്റെ പുതിയ അധ്യായങ്ങളാണ് രചിക്കുന്നത്. കേവലം അതിജീവനത്തിനപ്പുറം, ലോകത്തെ നയിക്കാനുള്ള പ്രാപ്തി തങ്ങൾക്കുണ്ടെന്ന് തെളിയിച്ച ചില പ്രമുഖ വനിതകളെ പരിചയപ്പെടാം.

## 1. രാഷ്ട്രീയവും ഭരണനേതൃത്വവും

രാഷ്ട്രീയ രംഗത്ത് ലോകം ഇന്ന് ഉറ്റുനോക്കുന്നത് സ്ത്രീകളുടെ നയതന്ത്രജ്ഞതയിലേക്കാണ്.

- **കമല ഹാരിസ്:** അമേരിക്കൻ രാഷ്ട്രീയത്തിലെ നിർണ്ണായക സ്വാധീനമായി തുടരുന്ന കമല ഹാരിസ്, ആഗോള രാഷ്ട്രീയ നയരൂപീകരണത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു.
- **ക്ലോഡിയ ഷെയ്ൻബോം (Claudia Sheinbaum):**



മെക്സിക്കോയുടെ ആദ്യ വനിതാ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഇവർ, കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനുള്ള നയങ്ങളിലൂടെയും പരിഷ്കരണങ്ങളിലൂടെയും 2025-ൽ ആഗോള ശ്രദ്ധ പിടിച്ചുപറ്റി.




## 2. ശാസ്ത്രം, ബഹിരാകാശം, സാങ്കേതികവിദ്യ

ബഹിരാകാശ ഗവേഷണ രംഗത്ത് സ്ത്രീകൾ കൈവരിച്ച നേട്ടങ്ങൾ അഭിമാനകരമാണ്.

● **ക്രിസ്റ്റീന കോക്ക് (Christina Koch):** നാസയുടെ ആർട്ടെമിസ് ദൗത്യത്തിന്റെ ഭാഗമായി ചന്ദ്രനിലേക്ക് യാത്ര തിരിക്കാൻ ഒരുങ്ങുന്ന വനിതകളിൽ പ്രധാനിയാണ് ഇവർ. 2025-26 കാലഘട്ടത്തിൽ ബഹിരാകാശ പര്യവേഷണത്തിലെ സ്ത്രീ സാന്നിധ്യത്തിന്റെ മുഖമായി ക്രിസ്റ്റീന മാറി.

● **ഡോ. പ്രീതി അഘലായം:** ഐഐടിയുടെ വിദേശത്തെ ആദ്യ ക്യാമ്പസിന്റെ (IIT Zanzibar) ഡയറക്ടറായി ചുമതലയേറ്റ ഇവർ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ സ്ത്രീ ശാക്തീകരണത്തിന്റെ മികച്ച ഉദാഹരണമാണ്.

● **ഡോ. അന്നപൂർണ്ണി സുബ്രഹ്മണ്യം:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സ് ഡയറക്ടറായ ഇവർ, ഇന്ത്യയുടെ ബഹിരാകാശ ഗവേഷണങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രമുഖ വനിതയാണ്.

● **ഡോ. സോണാലി ഘോഷ്:** കാസിരംഗ നാഷണൽ പാർക്കിന്റെ നേതൃത്വം ഏറ്റെടുത്തുകൊണ്ട് പരിസ്ഥിതി സംരക്ഷണ രംഗത്ത് വിപ്ലവം സൃഷ്ടിച്ച വനിത.

## 3. കായിക രംഗത്തെ കരുത്ത്

കായിക ലോകത്ത് റെക്കോർഡുകൾ തിരുത്തിക്കുറിക്കുന്ന വനിതകളുടെ എണ്ണം വർദ്ധിച്ചുവരുന്നു.

● **ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം:** സ്മൃതി മന്ദാനയുടെയും ഹർമൻപ്രീത് കൗറിന്റെയും നേതൃത്വത്തിൽ ഇന്ത്യൻ വനിതാ ടീം 2025-ലെ ഐസിസി ടൂർണമെന്റുകളിൽ നടത്തിയ പ്രകടനം രാജ്യത്തെ പെൺകുട്ടികൾക്ക് വലിയ ആവേശമാണ് നൽകിയത്.

● **സിമോൺ ബൈൽസ് (Simone Biles):** ജിംനാസ്റ്റിക്സ് രംഗത്തെ ഇതിഹാസമായ ഇവർ കായികക്ഷമതയ്ക്കൊപ്പം മാനസികാരോഗ്യത്തിന്റെ പ്രാധാന്യവും ഉയർത്തിപ്പിടിച്ചുകൊണ്ട് 2025-ലും പ്രചോദനമായി തുടരുന്നു.

## 4. സാമൂഹിക പ്രവർത്തനവും മനുഷ്യാവകാശവും

● **മലാല യൂസഫ്സായി:** പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി പോരാടുന്ന മലാല, ഡിജിറ്റൽ യുഗത്തിൽ പെൺകുട്ടികൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് 2025-26 കാലഘട്ടത്തിൽ ആഗോളതലത്തിൽ വലിയ ചർച്ചകൾക്ക് തുടക്കമിട്ടു.

● **സുധാ മൂർത്തി:** സാമൂഹിക സേവന രംഗത്തും സാഹിത്യത്തിലും ഒരുപോലെ തിളങ്ങുന്ന ഇവർ, ലളിതജീവിതത്തിലൂടെയും ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയും ഭാരതീയ സ്ത്രീകൾക്ക് എന്നും മാതൃകയാണ്.

## 5. അക്ഷരങ്ങളിലെ പെൺകരുത്ത്

സാഹിത്യ ലോകത്ത് 2025-26 കാലഘട്ടം വനിതാ എഴുത്തുകാരുടെ സുവർണ്ണകാലമാണ്.



• **ബാനു മുഷ്താഖ് (Banu Mushtaq)**: കന്നഡ സാഹിത്യകാരിയായ ബാനു മുഷ്താഖ് 2025-ലെ ഇന്റർനാഷണൽ ബുക്കർ പ്രൈസ് നേടി ചരിത്രം കുറിച്ചു. അവരുടെ 'Heart Lamp' എന്ന കൃതിയിലൂടെ കന്നഡ സാഹിത്യത്തെ ലോകത്തിന്റെ നെറുകയിൽ എത്തിക്കാൻ അവർക്ക് സാധിച്ചു.

• **ദീപ ഭസ്തി (Deepa Bhasthi):** ബാനു മുഷ്താഖിന്റെ കൃതി വിവർത്തനം ചെയ്തതിലൂടെ ബുക്കർ പ്രൈസ് നേടുന്ന ആദ്യ ഇന്ത്യൻ വിവർത്തകയായി ഇവർ മാറി.

## 6. ബിസിനസ്സ്: കോർപ്പറേറ്റ് ലോകത്തെ നായികമാർ

• **മീര മുരതി (Mira Murati):** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) വിപ്ലവത്തിന് പിന്നിലെ ബുദ്ധിയായി അറിയപ്പെടുന്ന മീര, ഓപ്പൺ എഐ (OpenAI) പോലുള്ള ലോകോത്തര സ്ഥാപനങ്ങളിൽ വഹിക്കുന്ന നേതൃസ്ഥാനം ഡിജിറ്റൽ യുഗത്തിലെ പെൺകരുത്തിന്റെ അടയാളമാണ്.

• **ഫാൽഗുനി നായർ (Nykaa):** ഇന്ത്യയിലെ വനിതാ സംരംഭകർക്ക് ഇന്നും വലിയൊരു പ്രചോദനമാണ് ഇവർ. 2025-ൽ ഡിജിറ്റൽ കൊമേഴ്സ് രംഗത്ത് സ്ത്രീകളുടെ ആധിപത്യം ഉറപ്പിക്കുന്നതിൽ ഫാൽഗുനിയുടെ നേതൃത്വത്തിലുള്ള സ്റ്റാർട്ടപ്പുകൾ വലിയ പങ്കുവഹിച്ചു.

• **ലീന നായർ (Leena Nair):** ആഗോള ലക്ഷ്വറി ബ്രാൻഡായ ഷാനൽ (Chanel) സി.ഇ.ഓ. ആയ ലീന നായർ, കാരുണ്യത്തിലും മനുഷ്യത്വത്തിലും അധിഷ്ഠിതമായ നേതൃത്വ ശൈലിയിലൂടെ ലോകത്തിന് മാതൃകയായി തുടരുന്നു.

• **സിന്ധു ഗംഗാധരൻ (Sindhu Gangadharan):** SAP ലാബ്സ് ഇന്ത്യയുടെ എം.ഡി.യും നാസ്കോം (Nasscom) ചെയർപേഴ്സണുമായ ഇവർ, സാങ്കേതിക വിദ്യയിലെ ലിംഗവിവേചനം കുറയ്ക്കുന്നതിനും ഡിജിറ്റൽ നവീകരണത്തിനും നേതൃത്വം നൽകുന്നു.

## 7. സിനിമയും കലയും

സിനിമയിൽ കേവലം നടിമാർ എന്നതിലുപരി സംവിധായകർ, നിർമ്മാതാക്കൾ, സാങ്കേതിക വിദഗ്ധർ എന്നീ നിലകളിൽ സ്ത്രീകൾ വലിയ വിപ്ലവം സൃഷ്ടിച്ചു.

• **ഗ്രെറ്റ ഗെർവിഗ് (Greta Gerwig) പ്രഭാവം**: 'ബാർബി'ക്ക് ശേഷം സ്ത്രീപക്ഷ സിനിമകൾക്ക് ലഭിച്ച ആഗോള സ്വീകാര്യത 2025-ലും തുടരുന്നു.

• **പായൽ കപാഡിയ (Payal Kapadia):** ഇന്ത്യൻ സിനിമയെ ആഗോള വേദികളിൽ (Cannes പോലുള്ളവ) പുനർനിർവചിച്ച സംവിധായികയാണ് പായൽ.

• **കല്യാണി പ്രിയദർശൻ:** മലയാള സിനിമയിൽ നിന്ന് 2025-ൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച നടിയാണ് കല്യാണി. ശക്തമായ സ്ത്രീ കഥാപാത്രങ്ങളിലൂടെ തെന്നിന്ത്യൻ സിനിമയിലെ മുൻനിര നായികയായി അവർ മാറി.

• **മോണിക പൻവാർ:** ഒടിടി (OTT) പ്ലാറ്റ്ഫോമുകളിലെ മികച്ച പ്രകടനങ്ങളിലൂടെ 2025-ലെ ശ്രദ്ധേയരായ പെർഫോർമർമാരിൽ ഒരാളായി ഇവർ മാറി. •

# ചങ്ങനാശേരി അതിരൂപതയുടെ
# പൊൻതൂവലുകൾ





## സിസ്റ്റർ ദീപ്തി മരിയ FCC

പ്ലാസ്റ്റിക് മാലിന്യങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന വിപത്തിനെക്കുറിച്ച് ഗവേഷണപഠനം നടത്തിയ സിസ്റ്റർ ദീപ്തി മരിയ FCCക്ക് കേരള സംസ്ഥാന ശാസ്ത്ര മേളയിലും ദക്ഷിണേന്ത്യൻ ശാസ്ത്ര മേളയിലും അംഗീകാരവും ബഹുമതിയും ലഭിച്ചു. തെലങ്കാന ഡിപ്പാർട്ട്മെന്റ് ഓഫ് സ്കൂൾ എജ്യുക്കേഷൻ, SCERT, ബാംഗ്ലൂർ വിശ്വേശ്വരയ്യ ഇൻഡസ്ട്രിയൽ ആൻഡ് ടെക്നോളജിക്കൽ മ്യൂസിയം എന്നിവയുടെ ആഭിമുഖ്യത്തിലാണ് ദക്ഷിണേന്ത്യൻ ശാസ്ത്രമേള സംഘടിപ്പിച്ചത്.

ആധുനിക കാലത്തെ ഏറ്റവും വലിയ വിപത്തായി കണക്കാക്കപ്പെടുന്ന പ്ലാസ്റ്റിക് മലിനീകരണത്തെക്കുറിച്ചുള്ള സിസ്റ്ററുടെ പഠനത്തിനാണ് സ്പെഷ്യൽ ജൂറി അവാർഡ് ലഭിച്ചത്. ആലപ്പുഴ-ചങ്ങനാശേരി കനാലിലെ വെള്ളത്തിലുള്ള മൈക്രോപ്ലാസ്റ്റിക് സാന്നിധ്യത്തെക്കുറിച്ചായിരുന്നു ഗവേഷണം. പ്ലാസ്റ്റിക് വ്യാപനം തടയുന്നതിനായി 'റോബോട്ടിക് ഫിഷ്' എന്ന നൂതന ആശയമാണ് സിസ്റ്റർ ഈ പ്രോജക്ടിലൂടെ അവതരിപ്പിച്ചത്. കേരള സംസ്ഥാന ശാസ്ത്രമേളയിലെ റിസർച്ച് പ്രോജക്ട് വിഭാഗത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച ഈ പ്രോജക്ട്, ജനുവരി 19 മുതൽ 23 വരെ നടന്ന ദക്ഷിണേന്ത്യൻ ശാസ്ത്രമേളയിലും ശ്രദ്ധിക്കപ്പെട്ടു. ചങ്ങനാശേരി സെന്റ് ആൻസ് ഗേൾസ് ഹൈസ്കൂളിലെ ബയോളജി അധ്യാപികയാണ് സിസ്റ്റർ ദീപ്തി മരിയ.

## ഡോ. സിസ്റ്റർ ജോവാൻ ചുങ്കപ്പുര MMS

ക്ലിനിക്കൽ സൈക്കോളജിസ്റ്റും കൗൺസിലിംഗ് രംഗത്തെ പ്രഗത്ഭയുമായ ഡോ. സിസ്റ്റർ ജോവാൻ ചുങ്കപ്പുര ഈ വർഷത്തെ സി.ബി.സി.ഐ ആദരം നേടി. മദ്യാസക്തിയുൾപ്പെടെയുള്ള വിവിധതരം ലഹരികളിൽ കുടുങ്ങിക്കഴിയുന്ന ആയിരക്കണക്കിന് ആളുകളെ കൗൺസിലിംഗിലൂടെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്ന വ്യക്തിത്വമാണ് സിസ്റ്റർ ജോവാന്റേത്.

കോട്ടയം മാങ്ങാനത്തുള്ള മദ്യലഹരി വിമുക്ത കേന്ദ്രമായ 'ട്രാഡ'യുടെ (TRADA) പ്രിൻസിപ്പലും സെക്രട്ടറിയുമാണ് ഇവർ. ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്ന് ക്ലിനിക്കൽ സൈക്കോളജിയിൽ പി.എച്ച്.ഡിയും, യു.എസ്.എയിലെ ഫ്ലോറിഡയിൽ നിന്ന് ഫാമിലി തെറാപ്പി ട്രെയിനിംഗും, മിനസോട്ടയിൽ നിന്ന് അഡിക്ഷൻ ട്രീറ്റ്മെന്റിൽ സ്പെഷ്യലൈസേഷനും നേടിയിട്ടുണ്ട്. 1987-ൽ ലഹരിവിമുക്ത-പുനരധിവാസ കേന്ദ്രമായി ട്രാഡയ്ക്ക് രൂപം നൽകി. ലഹരിക്കെതിരെ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കായി ഇവർ ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു. ഡോ. ഡി.ഡബ്ല്യു. മാറ്റെഗാവോങ്കർ നാഷണൽ അവാർഡ് ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ സിസ്റ്ററിന് ലഭിച്ചിട്ടുണ്ട്.

# ചങ്ങനാശേരി അതിരൂപതയുടെ
# പൊൻതൂവലുകൾ



## പി. വി. മേരിക്കുട്ടി

**സി.**ബി.സി.ഐയുടെ ഈ വർഷത്തെ പ്രത്യേക അംഗീകാരം നേടിയ മറ്റൊരു വ്യക്തിയാണ് പി. വി. മേരിക്കുട്ടി. 'ക്രിസ്റ്റീൻ' എന്ന് കേൾക്കുമ്പോൾ വിശ്വാസികളുടെ മനസ്സിലേക്ക് ആദ്യം കടന്നുവരുന്ന മുഖം 'മേരിക്കുട്ടി ചേച്ചി' എന്ന് എല്ലാവരും വിളിക്കുന്ന പി. വി. മേരിക്കുട്ടിയുടേതാണ്. കഴിഞ്ഞ അമ്പത് വർഷമായി കുട്ടികൾക്കിടയിൽ സുവിശേഷ പ്രവർത്തനങ്ങൾ നടത്തിവരുന്ന ഇവർ, സുവിശേഷ മൂല്യങ്ങൾക്കനുസരിച്ച് കുട്ടികളെ വളർത്തിയാൽ ഭൂമിയിൽ സ്വർഗരാജ്യം സ്ഥാപിതമാകുമെന്ന വിശ്വാസത്തിലാണ് പ്രവർത്തിക്കുന്നത്.

അധ്യാപികയായി സേവനം അനുഷ്ഠിക്കവെയാണ് കുട്ടികൾക്കായുള്ള സുവിശേഷ പ്രവർത്തനങ്ങളിലേക്ക് ഇവർ തിരിഞ്ഞത്. 1952 ജനുവരി 15-ന് കാഞ്ഞിരപ്പള്ളി രൂപതയിലെ കപ്പാടാണ് ജനനം. 1989 മുതൽ കോട്ടയം കളത്തിപ്പടി കേന്ദ്രീകരിച്ച് 'ക്രിസ്റ്റീൻ മിനിസ്ട്രി' ആരംഭിച്ചു. ബി.എഡും സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. ഫിലിപ്പീൻസിൽ നിന്ന് ഇവാഞ്ചലൈസേഷൻ ആനിമേറ്റേഴ്സ് പരിശീലനം പൂർത്തിയാക്കി. അമേരിക്ക മുതൽ നൈജീരിയ വരെ അമ്പതോളം രാജ്യങ്ങളിൽ കുട്ടികൾക്കായി ശുശ്രൂഷകൾ നടത്തിയിട്ടുണ്ട്. കത്തോലിക്കാ കരിസ്മാറ്റിക് നാഷണൽ സർവീസ് ടീമിലും കേരള സർവീസ് ടീമിലും അംഗമായിരുന്നു.



## ശ്രീമതി ജാൻസിമോൾ അഗസ്റ്റിൻ

**മൂ**ന്നു പതിറ്റാണ്ടായി ചങ്ങനാശ്ശേരി അതിരൂപതയുടെ സ്കൂളുകളിൽ അധ്യാപികയായി സേവനമനുഷ്ഠിച്ചുവരുന്ന ജാൻസിമോൾ അഗസ്റ്റിൻ 2025-26 കാലഘട്ടത്തിലെ കെ.സി.ബി.സി ഔട്ട്സ്റ്റാൻഡിംഗ് അധ്യാപക അവാർഡുനേടി.

നല്ലൊരു കലാകാരി കൂടിയായ ശ്രീമതി ജാൻസിമോൾ ഗായിക, അഭിനേത്രി എന്ന നിലകളിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. കുട്ടികൾക്ക് 7 കഥാപ്രസംഗങ്ങൾ, മുന്തിരിത്തോപ്പുകൾ, അമ്മത്തൊട്ടിൽ, എന്റെ കുഞ്ഞ് എന്റെ സ്വപ്നം എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവായ ജാൻസി ടീച്ചർ ചങ്ങനാശേരി അതിരൂപതയുടെ വിവാഹ ഒരുക്ക സെമിനാർ ടീച്ചിംഗ് ടീം മെമ്പർ, അതിരൂപതാ സൺഡേ സ്കൂൾ പുസ്തക കമ്മിറ്റി മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചു വരുന്നു. ഇവ കൂടാതെ 90.8 റേഡിയോ മീഡിയ വില്ലേജ് മുൻ അവതാരക, അൽഫോൻസാമ്മ ടെലിഫിലിമിലെ പ്രധാന കഥാപാത്രം, നിരവധി ഷോർട്ട് ഫിലിമുകളിലും ടെലിഫിലിമുകളിലും അഭിനേതാവായും വോയ്സ് ആർട്ടിസ്റ്റായും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ പാറമ്പുഴ ഹോളി ഫാമിലി ഹൈസ്കൂളിലെ ഹെഡ്മിസ്ട്രസാണ്.



## കുട്ടിച്ചായന്റെ കുറിപ്പുകൾ

# ചതിക്കുഴികൾ: പ്രണയത്തിൽ പതിയിരിക്കുന്ന അപകടങ്ങൾ





കഴിഞ്ഞ ലക്കത്തിൽ നാം കണ്ടത് കൗമാര പ്രണയങ്ങളുടെ വർണ്ണാഭമായ ഡിജിറ്റൽ മുഖമായിരുന്നു. എന്നാൽ, സ്ക്രീനിന്റെ വെളിച്ചത്തിന് പിന്നിൽ മാതാപിതാക്കൾ കാണാതെ പോകുന്ന ഒരു ഇരുണ്ട ലോകമുണ്ട്. പ്രണയത്തിന്റെ മറവിൽ ലഹരിയും ചൂഷണവും കുറ്റകൃത്യങ്ങളും ഒളിഞ്ഞിരിക്കുന്നു എന്നതാണ് കേരളത്തിലെ സമകാലിക സംഭവങ്ങൾ നമുക്ക് നൽകുന്ന മുന്നറിയിപ്പ്. നമ്മുടെ മക്കൾ ചെന്നുപെടാൻ സാധ്യതയുള്ള ചതിക്കുഴികളെ തിരിച്ചറിയുക എന്നത് ഭയപ്പെടാനല്ല, മറിച്ച് ജാഗ്രത പാലിക്കാനാണ്.



### സ്ക്രീനിനു പിന്നിലെ കറുത്ത ലോകം

കൗമാരക്കാർ ഇന്ന് ജീവിക്കുന്നത് രണ്ട് ലോകത്താണ്. ഒന്ന്, മാതാപിതാക്കൾ കാണുന്ന ലോകം, രണ്ട്, അവരുടെ 'ഡിജിറ്റൽ' ലോകം.

- **ഫിൻസ്റ്റ (FInsta) സംസ്കാരം:** മാതാപിതാക്കൾക്ക് 'follow' ചെയ്യാൻ മക്കൾ നൽകുന്ന ഇൻസ്റ്റഗ്രാം അക്കൗണ്ട് ആയിരിക്കില്ല അവർ യഥാർത്ഥത്തിൽ ഉപയോഗിക്കുന്നത്. 'ഫേക്ക് ഇൻസ്റ്റാഗ്രാം' അഥവാ Finsta എന്ന രഹസ്യ അക്കൗണ്ടുകളിലാണ് അവരുടെ യഥാർഥ ജീവിതം നടക്കുന്നത്. അവിടെ അവർക്ക് വേറൊരു വ്യക്തിത്വമാണ്. അപരിചിതരായ മുതിർന്നവർ പോലും ഈ അക്കൗണ്ടുകളിൽ നുഴഞ്ഞുകയറുന്നു.



• **ഗെയിമിംഗിലെ പ്രണയക്കെണി:** കാസർഗോഡ് ജില്ലയിൽ 16 വയസ്സുകാരനെ ഓൺലൈൻ ഗെയിമിലൂടെ (Free Fire, PUBG പോലുള്ളവ) പരിചയപ്പെട്ട സംഘം തട്ടിക്കൊണ്ടു പോയി പീഡിപ്പിച്ച വാർത്ത നാം മറന്നുകൂടാ. ഗെയിമിനിടയിലെ ചാറ്റുകളിലൂടെയാണ് ബന്ധം തുടങ്ങുന്നത്. ''നിന്നെ വീട്ടുകാർക്ക് മനസ്സിലാവില്ല, ഞങ്ങൾക്കേ മനസ്സിലാവൂ'' എന്നൊക്കെ പറഞ്ഞാണ് ഇവർ കുട്ടികളെ വലയിലാക്കുന്നത്. ഗെയിമിംഗ് കൺസോളുകൾ ഇന്ന് പുതിയ ഡേറ്റിംഗ് പ്ലാറ്റ്ഫോമുകളായി മാറിക്കഴിഞ്ഞു.

• **സ്നാപ്ചാറ്റ് സ്ട്രീക്ക് എന്ന ലഹരി:** ''ഇന്നലെ അവൻ എനിക്ക് സ്നാപ് അയച്ചില്ല'' എന്ന് പറഞ്ഞ് കരയുന്ന കുട്ടികളെ ഇപ്പോൾ കാണാറുണ്ട്. തുടർച്ചയായി മെസേജ് അയക്കുന്നതിനെയാണ് 'സ്ട്രീക്ക്' എന്ന് പറയുന്നത്. ഇതൊരു മത്സരമാണ്. ഇതിനിടയിൽ സ്വന്തം നഗ്നചിത്രങ്ങൾ പോലും അയക്കാൻ കുട്ടികൾ നിർബന്ധിതരാകുന്നു. ഒരിക്കൽ അയച്ചു പോയാൽ, പിന്നെ അത് വെച്ചുള്ള ഭീഷണി തുടങ്ങുകയായി.

## പ്രണയമോ അതോ ലഹരിയോ?

കേരളത്തിലെ കൗമാര പ്രണയങ്ങളിൽ കണ്ടുവരുന്ന ഏറ്റവും ഭയാനകമായ പ്രവണതയാണിത്. പ്രണയത്തെ ലഹരി വിപണനത്തിനുള്ള ഒരു 'മാർക്കറ്റിംഗ് തന്ത്രമായി' ലഹരി മാഫിയകൾ ഇന്ന് ഉപയോഗിക്കുന്നു.

• **ആലപ്പുഴയിലെ നടുക്കുന്ന വെളിപ്പെടുത്തൽ:**

ഈയിടെ ആലപ്പുഴയിൽ കഞ്ചാവ് വില്പനയ്ക്കിടെ പിടിയിലായ ഒരു 17-കാരൻ പോലീസിന് നൽകിയ മൊഴി മാതാപിതാക്കളുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. തന്റെ കയ്യിൽ നിന്ന് ലഹരി വാങ്ങുന്നവരിൽ ഭൂരിഭാഗവും സ്കൂൾ യൂണിഫോം ധരിച്ച കുട്ടികളാണെന്നും അതിൽ പെൺകുട്ടികളുണ്ടെന്നുമുള്ള വസ്തുത അതീവ ഗൗരവകരമാണ്.

• **ഇമോഷണൽ ബ്ലാക്ക് മെയിലിംഗ്:** ''സ്നേഹമാണെങ്കിൽ നീ ഇത് കഴിക്കണം'' എന്ന വാചകത്തിലൂടെ പെൺകുട്ടികളെ ലഹരിക്ക് അടിമകളാക്കി, പിന്നീട് അവരെ ലഹരിക്കടത്തിനുള്ള 'കാരിയർമാരായി' ഉപയോഗിക്കുന്നു. കാമുകന്റെ ബൈക്കിന് പിന്നിലിരുന്ന് പോകുന്ന പെൺകുട്ടികളെ പോലീസ് സംശയിക്കില്ല എന്ന ആനുകൂല്യം മാഫിയകൾ മുതലെടുക്കുന്നു.

• **കെമിക്കൽ പ്രണയം:** ലഹരി നൽകുന്ന താല്ക്കാലിക സന്തോഷത്തെ പ്രണയമായി കുട്ടികൾ തെറ്റിദ്ധരിക്കുന്നു. ഇതിനെ മനഃശാസ്ത്രജ്ഞർ 'കെമിക്കൽ പ്രണയം' എന്ന് വിളിക്കുന്നു. ഒരിക്കൽ ഇതിൽ വീണുപോകുന്ന പെൺകുട്ടി പിന്നീട് ലഹരിയുടെയും കാമുകന്റെയും അടിമയായി മാറുന്നു.

## പ്രണയപ്പകയുടെ മനഃശാസ്ത്രം: ഷാരോൺ മുതൽ ഗ്രീഷ്മ വരെ

പാറശാലയിലെ ഷാരോൺ രാജ് വധക്കേസ് കേരളത്തെ പഠിപ്പിച്ചത് 'Toxic' പ്രണയത്തിന്റെ ക്രൂരമായ മുഖമാണ്. ബന്ധങ്ങൾ പക്വതയോടെ അവസാനിപ്പിക്കാൻ അറിയാത്ത ഒരു തലമുറ ഇവിടെ വളരുന്നു.

• **ഇമേജ് ട്രാപ്പ്:** മറ്റൊരു വിവാഹം കഴിക്കാൻ വേണ്ടി കാമുകനെ വിഷം കൊടുത്തു കൊന്ന ഗ്രീഷ്മയുടെ കേസിലെ പ്രധാന വില്ലൻ 'ഇമേജ്' ഭയമാണ്. സമൂഹത്തിന് മുന്നിൽ തന്റെ മാന്യത തകരുമോ എന്ന പേടി ഒരാളെ കൊലപാതകിയാക്കി മാറ്റുന്നു.

• **ഉടമസ്ഥാവകാശം:** പ്രണയം ഒരു ആത്മ ബന്ധമായി കാണുന്നതിന് പകരം ഒരു ഉടമ സ്ഥാവകാശമായി കാണുന്നതാണ് ഇത്തരം കുറ്റകൃത്യങ്ങൾക്ക് കാരണം. തനിക്ക് വേണ്ടാത്തതിനെ വിവേകത്തോടെ ഉപേക്ഷിക്കാൻ അറിയാത്തതാണ് പ്രണയപ്പകക്ക് പിന്നിലെ മനഃശാസ്ത്രം.

## സിനിമകൾ നൽകുന്ന തെറ്റായ പാഠങ്ങൾ

സിനിമകൾ വെറും വിനോദമല്ല; പലപ്പോഴും അവ കൗമാരക്കാരുടെ ജീവിതശൈലിയെയും പെരുമാറ്റത്തെയും സ്വാധീനിക്കുന്ന പാഠപുസ്തകങ്ങളായി മാറുന്നു.

### 1. അക്രമവും പ്രണയവും: തല്ലാണ് സ്നേഹം!

'ഭീഷ്മപർവ്വം', 'ആവേശം' പോലെയുള്ള സിനിമകൾ കാമുകിക്ക് വേണ്ടിയോ പ്രണയത്തിന് വേണ്ടിയോ തല്ലുണ്ടാക്കുന്നതാണ് യഥാർഥ പൗരുഷം എന്ന് കുട്ടികളെ പഠിപ്പിക്കുന്നു. 'തല്ലുമാല'യിലും 'RDX'ലും അക്രമം ഒരു സ്റ്റൈൽ ആയി ആഘോഷിക്കപ്പെടുന്നു. കേരളത്തിൽ സമീപകാലത്ത് കോളേജ് ക്യാമ്പസുകളിലും സ്കൂൾ പരിസരങ്ങളിലും നടന്ന അടിപിടി കേസുകളിൽ ഭൂരിഭാഗവും പെൺകുട്ടികളുടെ പേരിലുള്ള തർക്കങ്ങളിൽ നിന്നാണ് ഉടലെടുത്തത്. അക്രമത്തെ സ്നേഹപ്രകടനമായി കാണുന്നത് ക്രിമിനൽ വാസനകൾ വളരാൻ മാത്രമേ സഹായിക്കൂ.

### 2. ടോക്സിക് പ്രണയം: സംരക്ഷണമല്ല, ഇത് അടിമത്തം

'ഉയരെ'യിലെ ഗോവിന്ദിനെപ്പോലെ, കാമുകി മറ്റൊരാളോട് സംസാരിക്കുന്നത് തടയുന്നതും അവളുടെ വസ്ത്രധാരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതും വലിയ സ്നേഹമായി ചിലർ കാണുന്നു. 'ഇഷ്ക്' എന്ന സിനിമയിലെ നായകന്റെ ഈഗോ സ്നേഹമല്ല, മറിച്ച് മാനസിക വൈകല്യമാണ്. 'നീ എന്റേത് മാത്രമാണ്' എന്ന ചിന്ത പ്രണയപ്പകയായി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. പ്രണയബന്ധം അവസാനിപ്പിച്ചതിന്റെ പേരിൽ പെൺകുട്ടികൾക്ക് നേരെ നടക്കുന്ന ആസിഡ് ആക്രമണങ്ങളും കൊലപാതകങ്ങളും ഈ 'ടോക്സിക്' ചിന്താഗതിയുടെ ഫലമാണ്.

### 3. ഡിജിറ്റൽ ചതിക്കുഴികൾ: അദൃശ്യരായ കാമുകന്മാർ

ഫോണിലൂടെ മാത്രം പരിചയപ്പെട്ട ഒരാളെ വിശ്വസിച്ച് വീടുവിട്ടിറങ്ങുന്നതിന്റെ അപകടം 'കപ്പേള' എന്ന സിനിമ കാണിച്ചുതരുന്നു. സ്ക്രീനിൽ കാണുന്ന രൂപമല്ല യഥാർഥ ജീവിതത്തിൽ ആ വ്യക്തിക്ക് ഉണ്ടാകുക എന്ന് കുട്ടികൾ തിരിച്ചറിയണം. സോഷ്യൽ മീഡിയ വഴി പ്രണയം നടിച്ച് പെൺകുട്ടികളെ വലയിലാക്കി ലൈംഗിക ചൂഷണത്തിന് ഇരയാക്കിയ ശേഷം, നഗ്നചിത്രങ്ങൾ പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന ഒട്ടേറെ കേസുകൾ ഈയിടെ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

### 4. സമപ്രായക്കാരുടെ സമ്മർദം (Peer Pressure)

കൂട്ടത്തിൽ എല്ലാവർക്കും കാമുകി ഉണ്ടെങ്കിൽ തനിക്കും വേണം എന്ന ചിന്ത കുട്ടികളിൽ വളർത്താൻ 'രോമാഞ്ചം', 'പ്രേമലു' പോലെയുള്ള സിനിമകൾ കാരണമാകുന്നു. പ്രണയമില്ലാത്തത് ഒരു കുറവാണെന്ന തോന്നൽ കുട്ടികളിൽ അനാവശ്യമായ മാനസിക സമ്മർദം ഉണ്ടാക്കുകയും തെറ്റായ ബന്ധങ്ങളിലേക്ക് തള്ളിവിടുകയും ചെയ്യും.

## മാതാപിതാക്കൾക്ക് എന്തുചെയ്യാൻ കഴിയും? (Tips for Parents)

കുട്ടികളെ അടച്ചിടുകയല്ല, മറിച്ച് അവർക്ക് സുരക്ഷിതമായ ഒരു വീടൊരുക്കുകയാണ് വേണ്ടത്:

1. **തുറന്ന ആശയവിനിമയം:** ദിവസവും കുറച്ചുനേരം മക്കളോട് സംസാരിക്കുക. അവരെ ഉപദേശിക്കുന്നതിന് മുമ്പ് അവരുടെ വിശേഷങ്ങൾ കേൾക്കാൻ തയ്യാറാവുക. ഏത് പ്രതിസന്ധിയിലും തങ്ങളെ കേൾക്കാൻ അപ്പനും അമ്മയും ഉണ്ടെന്ന ബോധ്യം അവർക്ക് നൽകുക.
2. **ഡിജിറ്റൽ സാക്ഷരത:** മക്കൾ ഉപയോഗിക്കുന്ന ആപ്പുകളെക്കുറിച്ചും സോഷ്യൽ മീഡിയ ട്രെൻഡുകളെക്കുറിച്ചും മാതാപിതാക്കളും അറിഞ്ഞിരിക്കുക. ഫോൺ ഉപയോഗത്തിന് കൃത്യമായ സമയക്രമം ഏർപ്പെടുത്തുക.
3. **മാറ്റങ്ങൾ ശ്രദ്ധിക്കുക:** കുട്ടിയുടെ സ്വഭാവത്തിലുണ്ടാകുന്ന പെട്ടെന്നുള്ള മാറ്റങ്ങൾ (ഉദാഹരണത്തിന്: ഉറക്കമില്ലായ്മ, അമിതമായ ദേഷ്യം, ഭക്ഷണത്തോടുള്ള വിരക്തി, രഹസ്യ സ്വഭാവം) ശ്രദ്ധിക്കുക.
4. **ശരീരത്തിന്റെ പരിശുദ്ധി:** നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണെന്ന ക്രിസ്തീയ ബോധ്യം കുട്ടികളിൽ വളർത്തുക. സ്വന്തം അന്തസ്സും വ്യക്തിത്വവും ആർക്ക് മുന്നിലും പണയം വെക്കരുതെന്ന് അവരെ പഠിപ്പിക്കുക.

5. **പ്രാർത്ഥനയുടെ തണൽ:** വീടുകളിൽ കുടുംബ പ്രാർത്ഥന ശീലമാക്കുക. ദൈവത്തോടുള്ള ഭക്തിയും സ്നേഹവും മക്കൾക്ക് ശരിയായ വിവേചനാബുദ്ധി നൽകും.

### മൂല്യബോധമുള്ള തലമുറയ്ക്കായി

പ്രിയപ്പെട്ട മക്കളെ, മാതാപിതാക്കളെ, സ്നേഹം ദൈവികമാണ്. എന്നാൽ, അത് ലഹരിയുടെയും വഞ്ചനയുടെയും രൂപത്തിൽ വരുമ്പോൾ തിരിച്ചറിയാൻ നമുക്ക് കഴിയണം. സ്ക്രീനിന്റെ നീലവെളിച്ചം നിങ്ങളുടെ കണ്ണിലെ സ്നേഹപ്രകാശത്തെ കെടുത്താതെ സൂക്ഷിക്കുക.

വീടുകളിൽ പ്രാർഥനയും സംഭാഷണങ്ങളും തിരികെ വരട്ടെ. അവിടെ മാത്രമേ നമ്മുടെ മക്കൾക്ക് യഥാർഥ സുരക്ഷിതത്വം ലഭിക്കുകയുള്ളൂ.

സസ്നേഹം,

**കുട്ടിച്ചായൻ.**

## പ്രണയത്തിൽ സുരക്ഷിതരാകാൻ 10 കൽപ്പനകൾ

**പു**തിയ കാലത്ത് ഒരു ബന്ധത്തിലേക്ക് ചുവടുവെക്കുന്നവർ താഴെ പറയുന്ന പത്ത് കാര്യങ്ങൾ ഹൃദയത്തിൽ കുറിക്കണം:

1. **ഫിൽട്ടറുകൾക്ക് പിന്നിലെ സത്യം:** സോഷ്യൽ മീഡിയയിലെ ഫോട്ടോകൾ കണ്ട് ഒരാളെ വിലയിരുത്തരുത്. നേരിട്ട് കണ്ടുമുട്ടുന്നതിന് മുമ്പ് ഒരാളെയും അന്ധമായി വിശ്വസിക്കരുത്.

2. **സാമ്പത്തിക ജാഗ്രത:** 'പണം ചോദിച്ചാൽ പ്രണയമില്ല' എന്നത് ഒരു പ്രമാണമാക്കുക. ഓൺലൈനിൽ പരിചയപ്പെട്ട ആരെങ്കിലും പണമോ ബാങ്ക് വിവരങ്ങളോ ചോദിച്ചാൽ ഉടൻ ആ ബന്ധം അവസാനിപ്പിക്കുക. ഇത് പുതിയ കാലത്തെ 'Romance Scam' ആണ്.

3. **റെഡ് ഫ്ലാഗുകൾ:** നിങ്ങളുടെ ഫോൺ പരിശോധിക്കാൻ നിർബന്ധിക്കുക, പഴയ സുഹൃത്തുക്കളിൽ നിന്ന് നിങ്ങളെ അകറ്റുക, എപ്പോഴും സംശയിക്കുക – ഇവയെല്ലാം അപകടസൂചനകളാണ്. ഇവ കണ്ടാൽ ഉടൻ പ്രണയത്തിൽ നിന്ന് പിന്മാറുക.

4. **വ്യക്തിത്വം വെടിയരുത്:** മറ്റൊരാളെ പ്രീതിപ്പെടുത്താൻ വേണ്ടി നിങ്ങളുടെ സ്വത്വമോ വിശ്വാസമോ ബലികഴിക്കരുത്. നിങ്ങളെ നിങ്ങളായി സ്നേഹിക്കുന്നവരാണ് ശരിയായ പങ്കാളി.

5. **ആദ്യ കൂടിക്കാഴ്ച:** ഓൺലൈനിൽ പരിചയപ്പെട്ടയാളെ ആദ്യമായി കാണുമ്പോൾ പൊതുസ്ഥലങ്ങൾ മാത്രം തിരഞ്ഞെടുക്കുക. സുഹൃത്തുക്കളെയോ ബന്ധുക്കളെയോ വിവരം അറിയിക്കുക.

6. **സോഷ്യൽ മീഡിയാ ഷോ – ഓഫ്:** ഇൻസ്റ്റഗ്രാമിൽ ഫോട്ടോ ഇടാൻ വേണ്ടി മാത്രം പ്രണയിക്കരുത്. ജീവിതം ഒരു റീൽസ് പരിപാടി അല്ലെന്ന് ഓർക്കുക.

7. **പശ്ചാത്തലം പരിശോധിക്കുക:** അയാളുടെ സുഹൃത്തുക്കൾ ആരാണ്? കുടുംബം എങ്ങനെയുള്ളതാണ്? എന്നതിനെക്കുറിച്ച് കൃത്യമായ ധാരണ ഉണ്ടാക്കിയതിന് ശേഷം മാത്രം ആഴത്തിലുള്ള ബന്ധങ്ങളിലേക്ക് പോവുക.

8. **ഡിജിറ്റൽ ഫുട്പ്രിന്റ്:** നിങ്ങളുടെ സ്വകാര്യ ചിത്രങ്ങളോ വിവരങ്ങളോ കൈമാറുന്നതിൽ അതീവ ജാഗ്രത പാലിക്കുക. നാളെ ബന്ധം തകർന്നാൽ ഇവ നിങ്ങൾക്ക് വിനയാകാം.

9. **കുടുംബത്തെ ചേർത്തുപിടിക്കുക:** എത്ര വലിയ പ്രണയമായാലും മാതാപിതാക്കളിൽ നിന്നോ പ്രിയപ്പെട്ടവരിൽ നിന്നോ അത് രഹസ്യമായി വെക്കാതിരിക്കുക. പ്രതിസന്ധികളിൽ അവർ മാത്രമേ കൂടെയുണ്ടാകൂ.

10. **മനഃശാസ്ത്രപരമായ തയ്യാറെടുപ്പ്:** പ്രണയം പൊളിഞ്ഞാൽ ജീവിതം അവസാനിച്ചു എന്ന് കരുതരുത്. സ്വയം സ്നേഹിക്കാൻ പഠിക്കുക എന്നതാണ് ഏറ്റവും വലിയ പ്രണയം.



തിരിവെട്ടം

# അവൾ

**ബോബി ജോസ് കട്ടിക്കാട്**

**ലോക വനിതാദിനത്തോടനുബന്ധിച്ചുള്ള സന്ദേശം**



❝ **പാതി വഴിയിൽ പലരെയും വിട്ടിട്ടു പോകുന്നത് പലപ്പോഴും പുരുഷന്മാരാണ്. കുരിശിന്റെ വഴിയിൽ അതു കാണുന്നുണ്ട്. അവന്റെ കുരിശോളം പോകുന്നത് സ്ത്രീകൾ മാത്രമാണ്.** ❞

**ഈ** ദിവസം നമ്മുടെ കൂടെയുള്ള മകൾ, സ്നേഹിത, അമ്മ – അവരെയൊക്കെ ഒന്നുകൂടി ചേർത്തുപിടിക്കുക. കാരണം, ഇത് അവർക്കു വേണ്ടിയുള്ള ദിവസമാണ്. അത്രയും വലിയ ഏകാഗ്രതയും ശ്രദ്ധയും നാം അവർക്ക് കൊടുക്കുന്നത്, ഞാൻ മനസ്സിലാക്കിയിടത്തോളം, നമ്മുടെ അനുതാപശുശ്രൂഷയുടെ ഭാഗമെന്ന നിലയിലാണ്. നമ്മൾ ഭേദപ്പെട്ട പ്രകാശമുള്ള മനുഷ്യരൊക്കെയാണ്.

പക്ഷേ, പ്രശ്നം അതല്ല. ലോകത്തിന്റെ പൊതുബോധത്തിൽ സ്ത്രീക്ക് നിരക്കാത്ത കുറെയധികം കാര്യങ്ങൾ അടിഞ്ഞുകൂടിയിട്ടുണ്ട്. പുരുഷന്മാർ പറയുന്ന ഫലിതങ്ങളിൽ പലപ്പോഴും 'object' ആകുന്നത് സ്ത്രീകളാണ്. അത്തരം ചില കാര്യങ്ങൾക്ക് വലിയ തോതിലുള്ള ശുദ്ധീകരണം ആവശ്യമാണ്. അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ' എന്നൊരു പുസ്തകമുണ്ട്. വ്യത്യസ്തമായി ജീവിക്കാനാഗ്രഹിക്കുന്ന ഒരു സ്ത്രീയുടെയും പുരുഷന്റെയും കഥയാണത്. ഒരു പുലരിയിൽ അവൾ കാണുന്നത് തന്റെ

പുരുഷൻ പുഴയിലിറങ്ങി പാറയിൽ അവളുടെ വിഴുപ്പുവസ്ത്രങ്ങൾ അലക്കിക്കൊണ്ടിരിക്കുന്നതാണ്. മിക്കവാറും സ്ത്രീകൾ ചെയ്യുന്ന കണക്കെ അവൾ ഓടിച്ചെന്ന് അവനോട് ചോദിച്ചു, ''നീയെന്തിനാണ് എന്റെ വസ്ത്രങ്ങൾ അലക്കുന്നത്? ഞാൻ നിന്റെ വസ്ത്രങ്ങൾ അലക്കാനുള്ളവളല്ലേ?'' അയാളുടെ മറുപടി വളരെ പരിചിന്തനം ആവശ്യമുള്ള ഒന്നാണ്. അയാൾ പറയുന്നത്, ഇത് എന്റെയും നിന്റെയും പ്രശ്നമല്ലെന്നാണ്; കാലാകാലങ്ങളായി ഞങ്ങൾ പുരുഷന്മാർ നിങ്ങളിൽ രൂപപ്പെടുത്തിയ അധമബോധത്തിന്മേൽ ഒരു തിരുത്ത് നൽകുക മാത്രമാണ് ചെയ്യുന്നതെന്നാണ്.

ഈ അർഥത്തിൽ മാർച്ച് എട്ടിന് വലിയൊരു പ്രസക്തിയുണ്ട്. നമ്മെ ഒന്നുകൂടി 'purify' ചെയ്യാൻ വേണ്ടിയുള്ളതാണത്. കുറെക്കാലം മുമ്പ് എന്നെ കാണാൻ വന്ന ഒരു ആൺകുട്ടി എന്റെ മുന്നിലിരുന്ന് വെറുതെ കരയുകയായിരുന്നു. തനിക്കൊരു പെങ്ങളുണ്ടെന്നും, 'ആൺ' എന്ന ഒറ്റക്കാരണത്താൽ തനിക്ക് ലഭിച്ച പല ആനുകൂല്യങ്ങളും അവൾക്ക് കിട്ടാതെ പോയിട്ടുണ്ടെന്നും അവൻ പറഞ്ഞു. അതോർത്തായിരുന്നു അവന്റെ വിലാപം. വാസ്തവത്തിൽ നമുക്ക് ലഭിക്കുന്ന പല ആനുകൂല്യങ്ങളും നമ്മെ കുറെക്കൂടി വിനയമുള്ളവരാക്കാനും മറ്റുള്ളവരുടെ അവസ്ഥയോർത്ത് ദുഃഖമുള്ളവരാകാനും പ്രേരിപ്പിക്കുന്നുവെന്നാണ് എനിക്ക് തോന്നുന്നത്.

എങ്ങനെയോ നമ്മുടെ പൊതുബോധത്തിൽ ഒരു സ്ത്രീനിഷേധം കടന്നുകൂടിയിട്ടുണ്ട്. 'രണ്ടാംതരം' എന്നൊരു സങ്കല്പം എങ്ങനെയോ രൂപപ്പെട്ടിട്ടുണ്ട്. അനുജത്തിയെന്നോ സ്നേഹിതയെന്നോ വിളിക്കാൻ കഴിയുന്ന ഒരു സ്ത്രീയുണ്ട് എനിക്ക്. അവൾ പറഞ്ഞ ഒരു കാര്യം വളരെയധികം ബുദ്ധിമുട്ടിക്കുന്ന ഒരു നിരീക്ഷണമാണ്. പെൺകുട്ടികൾ മാത്രമുള്ള ഒരു വീടാണ് അവളുടേത്. അതിൽ അവൾക്ക് യാതൊരുവിധ ബുദ്ധിമുട്ടും തോന്നിയിട്ടില്ല. ആൺകുട്ടികൾ എങ്ങനെ ജീവിക്കുന്ന വീടാണോ, അതുപോലെതന്നെയുള്ള ആത്മവിശ്വാസത്തിലും ചങ്കുറപ്പോടും ഈ പെൺകുട്ടികളെ വളർത്താൻ കഴിയുന്ന വൈകാരികബുദ്ധിയുള്ള ഒരു കുടുംബമായിരുന്നു അവരുടേത്. ഭംഗിയായിട്ടാണ് കാര്യങ്ങൾ മുന്നോട്ടുപോയതും. പക്ഷേ, അതിനിടയിൽ മറ്റൊന്നു സംഭവിച്ചു. അവൾ പ്രസവിച്ചത് ഒരു ആൺകുട്ടിയെയാണ്!



ആൺകുട്ടി ജനിച്ചു എന്ന ഒറ്റക്കാരണത്താൽ അവളുടെ മാതാപിതാക്കൾ കാണിച്ച അമിതാവേശം ഇതുവരെയുള്ള എല്ലാ കാര്യങ്ങളെയും retrospective ചെയ്യാൻ അവളെ പ്രേരിപ്പിച്ചു. തങ്ങൾ പെൺകുട്ടികളെന്ന നിലയിൽ കബളിപ്പിക്കപ്പെടുകയായിരുന്നുവെന്ന് അവൾക്ക് തോന്നി. തങ്ങൾ നല്ലവരാണെന്ന ഒരു ഭാവന മാത്രമാണ് രൂപപ്പെട്ടതെന്നും എന്നാൽ, യഥാർഥത്തിൽ അങ്ങനെയല്ലായിരുന്നുവെന്നുമുള്ള ഒരു തോന്നൽ അവൾക്കുണ്ടായി. ഇപ്പറഞ്ഞതിന്റെ പ്രശ്നമാണ് 'ബോധത്തിൽ അടിഞ്ഞ കറ' എന്ന് പറയുന്നത്.

സാറാ ജോസഫൊക്കെ എഴുതുന്ന കണക്കെ പുരുഷകേന്ദ്രീകൃതമായ ഒരു സമൂഹത്തിൽ പലതരം കറകൾ വന്നുവീഴുന്നുണ്ട്. അവൾ ഇല്ലായിരുന്നുവെങ്കിൽ ഈ ഭൂമി എത്രത്തോളം മോശപ്പെട്ട ഒരിടമാവുമായിരുന്നുവെന്ന് ഇടക്കെങ്കിലും ചിന്തിക്കുന്നത് നല്ലതാണ്. സുവിശേഷത്തിൽ സ്ത്രീകൾ കടന്നുവന്നില്ലായിരുന്നുവെങ്കിൽ, പുരുഷന്മാർ മാത്രം താമസിക്കുന്ന ലോഡ്ജ് കണക്കെ അതു മുഷിഞ്ഞുപോകുമായിരുന്നു. അതിൽ എന്തു മാത്രം സ്ത്രീസാന്നിധ്യമുണ്ട്! രണ്ടുമൂന്ന് പേജുകൾ കൂടുമ്പോൾ സ്ത്രീയുമായി ബന്ധപ്പെട്ട ഒരു കഥയോ സംഭവമോ സ്ത്രീയുമായി ബന്ധപ്പെട്ട നിരീക്ഷണമോ ഒരു സ്ത്രീയുടെ പ്രവേശനമോ ഒക്കെ അതിൽ കടന്നുവരാറുണ്ട്. ഇത്രയും 'വുമൺ വിസിബിലിറ്റി'യുള്ള മറ്റൊരു പുസ്തകവും വേദപുസ്തകത്തിൽ ഇല്ല. കാലാകാലങ്ങളായിട്ട്

പുരുഷൻ എന്ന നിലയിൽ നിരീക്ഷിക്കപ്പെട്ടുകൊണ്ടിരുന്ന ദൈവസങ്കല്പത്തിലേക്ക് സ്ത്രൈണഭാവന കടന്നുവരികയാണ്. ബൈബിൾ പഠിക്കുന്നവരൊക്കെ പറയുന്നത്, ഒരു സ്ത്രീയെ കുറ്റപ്പെടുത്തുന്ന, അവളെ ഏതെങ്കിലും തരത്തിൽ അഭംഗിയോടെ നോക്കുന്ന ഒരു റഫറൻസ് ഗുരുവിന്റെ ജീവിതക്രമത്തിൽ ഒരിടത്തും ഉണ്ടായിട്ടില്ല എന്നാണ്.

അവൻ പാർക്കുന്ന ഒരു സമൂഹത്തിൽ ഒരു യഹൂദന്റെ പുലരിപ്രാർത്ഥന എന്നു പറയുന്നത് 'ദൈവമേ നീയെന്നെ മൃഗമായിട്ടും സ്ത്രീയായിട്ടും സൃഷ്ടിക്കാത്തതിന് സ്ത്രോത്രം' എന്നായിരുന്നു. പത്തു കല്പനകളൊക്കെ നോക്കുമ്പോൾ അതു മനസ്സിലാവും. അന്യന്റെ വസ്തുക്കളുടെ കൂട്ടത്തിലാണ് അന്യന്റെ ഭാര്യയെയും കൂട്ടിയിരിക്കുന്നത്. ഒമ്പതും പത്തും ആരംഭത്തിൽ ഒറ്റ കല്പനയായിരുന്നു. പിന്നീട് അവ രണ്ടാക്കുകയാണ് ചെയ്തത്. 'എന്തുകൊണ്ടണ് അവൻ സ്ത്രീയോട് സംസാരിക്കുന്നത്' എന്നൊരു സംശയം യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്. സമരിയാക്കാരി സ്ത്രീയുമായുള്ള സംഭാഷണമാണ് പശ്ചാത്തലം. നമ്മൾ നോക്കുമ്പോൾ അതിൽ വലിയ കുഴപ്പമൊന്നും കാണുന്നില്ല. എല്ലാ പുരുഷന്മാരും എല്ലാ സ്ത്രീകളോടും സംസാരിക്കുന്നുണ്ട് - ബസ്സിലും കടകളിലും ജോലി ചെയ്യുന്ന ഇടങ്ങളിലുമെല്ലാം. എന്നാൽ, അതുപോലെയല്ല പത്തുരണ്ടായിരം വർഷങ്ങൾക്കു മുമ്പ്. യേശു പാർത്തിരുന്ന ലോകത്തിനകത്ത് ആ ചോദ്യത്തിന് വല്ലാത്തൊരു മുഴക്കമുണ്ട്. എന്താണ് കാര്യം?

യഹൂദ പുരോഹിതന്മാർക്ക് പൊതു ഇടത്തിൽ വച്ച് സ്ത്രീകളോട് സംസാരിക്കുക എന്നത്, അന്നത്തെക്കാലത്ത് വളരെ 'സ്കാൻഡലസ്' ആയ കാര്യമായിരുന്നു. പാടില്ല എന്നുതന്നെ അവർ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. സമൂഹം എല്ലാത്തരത്തിലും ബുദ്ധിമുട്ടിലാക്കിയ സ്ത്രീകളോടായിരുന്നു ക്രിസ്തുവിന്റെ കമ്പാനിയൻഷിപ്പ് സ്ത്രീയുടെ ശത്രു പുരുഷൻ എന്ന തെറ്റിദ്ധാരണയൊന്നുമില്ല. ചിലപ്പോഴെങ്കിലും ഹാഗാറിന്റെയും സാറായുടെയും കഥകളിലെന്ന കണക്കെ സ്ത്രീകളുടെ ശത്രു സ്ത്രീയായി മാറുന്നുണ്ട്.

സ്ത്രീ തന്നെ സ്ത്രീക്ക് കൊടുക്കാത്ത പരിഗണനകളും താല്പര്യക്കുറവുകളുമൊക്കെയുണ്ട്. അതിനൊക്കെ വിധേയപ്പെട്ടുജീവിക്കുന്ന മനുഷ്യരിലേക്ക്, സമൂഹം വിളുമ്പിലേക്ക് തള്ളിയിട്ടിരിക്കുന്ന സ്ത്രീകളിലേക്കായിരുന്നു അവന്റെ ശ്രദ്ധ. സമൂഹം അവനെ വിളിച്ചിരുന്ന പേര് എന്തായിരുന്നു? 'ഗണികകളുടെ ചങ്ങാതി'. ഒരു തരത്തിലും ഒരു കാരണവശാലും സ്ത്രീകളെ തഴയില്ലെന്ന് ക്രിസ്തു വിചാരിച്ചു. പാതി വഴിയിൽ പലരെയും വിട്ടിട്ടു പോകുന്നത് പലപ്പോഴും പുരുഷന്മാരാണ്. കുരിശിന്റെ വഴിയിൽ അതു കാണുന്നുണ്ട്. അവന്റെ കുരിശോളം പോകുന്നത് സ്ത്രീകൾ മാത്രമാണ്. പിന്നെയുള്ളത് ജോണാണ്. ജോൺ മനസ്സുകൊണ്ട് സ്ത്രീയായി പരിണമിച്ച ഒരാളാണ്.

ക്രിസ്തുവിന്റെ കുരിശിന്റെ ചുവട്ടിൽ നിന്നുവെന്ന് ഇന്ന് പറയാൻ എളുപ്പമാണ്. പക്ഷേ, ഒന്നോർമ്മിക്കണം; ജീവിക്കാൻ അർഹതയില്ലെന്ന് കരുതി കഴുമരത്തിലേക്ക് എറിഞ്ഞുകൊടുത്ത ഒരു തടവുപുള്ളിയുടെ കൂടെയാണ് സ്ത്രീകൾ പോകുന്നത്. അത് സ്ത്രീകളുടെ നല്ല ക്വാളിറ്റിയാണ്.

അഷ്ടഭാഗ്യം എന്നുപറയുന്നത് എന്താണ്? 'കരയുന്നവർ ഭാഗ്യവാന്മാർ', 'പരിക്കേറ്റവർ ഭാഗ്യവാന്മാർ'. സ്ത്രീക്ക് പിടുത്തം കിട്ടുന്ന കാര്യങ്ങളാണ് ഇതൊക്കെ. തന്റെ മുമ്പിൽ കൂടിനില്ക്കുന്ന പുരുഷന്മാരോട് സ്ത്രീയുടെ ബോധത്തിലേക്ക് ഉണരാനായി, അവരുടെ ഉള്ളിൽ മയങ്ങിക്കിടക്കുന്ന സ്ത്രീയെ ഉണർത്താൻ വേണ്ടിയുള്ള ശ്രമമാണ്. അവനവന്റെ ബോധത്തിലുള്ള സ്ത്രീയെ ഉണർത്തുക. അതായിരിക്കും എല്ലാത്തിന്റെയും പരിഹാരം. അതൊരുപക്ഷേ, കുറെക്കൂടി നല്ല അനുതാപശുശ്രൂഷയുമായിരിക്കും.

മഠങ്ങൾ രൂപപ്പെടുത്തിയ ചില സ്ത്രീകളെക്കൂടി നമസ്ക്കരിക്കാതെ ഈ വിചാരം അവസാനിപ്പിക്കാനാവില്ല. ഈ ദേശത്തിലെ ഏറ്റവും വലിയ സ്ത്രീവിമോചനമായിരുന്നു മഠങ്ങൾ. സ്ത്രീകൾ 'ഡിപ്പെൻഡന്റ്' ആയി ജീവിക്കുന്ന ഒരു സമൂഹത്തിൽ കുറെ സ്ത്രീകൾ കൂടി അവർക്കുവേണ്ടി നിയമങ്ങളും ചിട്ടകളും, സ്ത്രീകളുടെ തന്നെ മെച്ചപ്പെട്ട ജീവിതത്തിനുവേണ്ടി ജീവിതം മാറ്റി വയ്ക്കുകയും ചെയ്ത കഥകളാണ് ഇവിടുത്തെ മഠങ്ങൾ. എന്നിട്ടും, നമ്മുടെ സാംസ്കാരികമായ ചർച്ചകൾക്കകത്ത് അവർക്കൊരു മതിപ്പോ സ്തുതിപ്പോ കല്പിച്ചുകൊടുക്കുന്നില്ല. •



ഭക്തി

# ഇത് യൗസേപ്പിന്റെ യുഗം

ഫാ. സോനു കുളത്തൂർ വി.സി.

**വീ**ണ്ടും ഒരു മരണത്തിരുനാളുകൂടി കടന്നുപോവുകയാണ്. കുരിശുമണി മുഴങ്ങുമ്പോൾ ജപമണികളോടു ചേർത്ത് വി. യൗസേപ്പിതാവിനെ ധ്യാനിക്കുന്ന വണക്കമാസക്കാലം. കുടുംബങ്ങളുടെ അകത്തളങ്ങളിൽ ഏറെ സ്നേഹിക്കപ്പെടുന്ന ഒരു വിശുദ്ധനായി വി. യൗസേപ്പിനെ വണങ്ങുമ്പോൾ അദ്ദേഹം ശക്തമായി നമ്മോടും നമ്മുടെ കാലത്തോടും സംസാരിക്കുന്നുണ്ട്.

''അറിവ് ലഭിച്ചിട്ടില്ലാത്തവർ എന്റെ അടുക്കൽ വരട്ടെ; അവർ എന്റെ വിദ്യാലയത്തിൽ വസിക്കട്ടെ'' (പ്രഭാ. 51:23). ഈശോ പഠിച്ച വിദ്യാലയം പരിശുദ്ധ അമ്മയും വി. യൗസേപ്പുമാകുന്ന വിദ്യാലയമായിരുന്നു. കുടുംബമാണ് ഒരാളുടെ പ്രഥമവും പ്രധാനവുമായ വിദ്യാലയം. ഈ കാലഘട്ടത്തെ അതിജീവിക്കാനുള്ള അറിവ് നമുക്ക് നൽകുന്ന സർവകലാശാലയാണ് യൗസേപ്പിന്റെ ജീവിതം. കുടുംബജീവിതം വല്ലാതെ ഇളകിയാടുന്ന ഈ കാലഘട്ടത്തിൽ, മലമേൽ പണിത ഗോപുരം പോലെ യൗസേപ്പിന്റെ ഭവനം ഉയർന്നുനിൽക്കുന്നു. ''നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് മറ്റുള്ളവർ ദൈവത്തെ സ്തുതിക്കത്തക്കവിധം നിങ്ങളുടെ വെളിച്ചം മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.'' യൗസേപ്പിന്റെ കുടുംബജീവിതം കുടുംബസ്ഥർക്ക് എന്നും ഒരു മാതൃകയും വഴികാട്ടിയുമാണ്.

## വൈകുന്ന വിവാഹങ്ങൾ

പലവിധ കാരണങ്ങളാൽ വിവാഹാന്തസിലേക്ക് പ്രവേശിക്കുന്നവരുടെ പ്രായം നീണ്ടുപോകുന്ന ഒരു കാലഘട്ടമാണിത്. വിവാഹം സ്വകാര്യ ഇഷ്ടങ്ങൾക്ക് തടസമാകും, മറ്റൊരാളുടെ അടിമയായി കഴിയേണ്ടി വരും എന്നതിനാൽ വിവാഹമേ വേണ്ട എന്നുപോലും ചിന്തിക്കുന്ന മക്കളുടെ എണ്ണം പെരുകുകയാണ്. ഈ ചിന്തകൾക്കു മുന്നിൽ ജോസഫ് എന്ന യുവാവ് നമ്മോടു പറയുന്നു; ദൈവഹിതം ഒരു ഭർത്താവാകാനും അപ്പനാകാനുമുള്ള വിളിയാണെന്ന് തിരിച്ചറിഞ്ഞ നേരം, ഒരു ബ്രഹ്മചാരിയായി ജീവിക്കണം എന്ന സ്വകാര്യ ഇഷ്ടത്തെ ദൈവത്തിന്റെ ഹിതത്തിനു വിട്ടുകൊടുത്ത് അദ്ദേഹം ഭാഗ്യവാനായി മാറി (സങ്കീ. 127:4). യൗവനത്തിൽ മക്കൾ ദൈവഹിതം ആരാഞ്ഞ് വിവാഹജീവിതത്തിലേക്കു പ്രവേശിക്കണം.

'താൽമൂദിൽ' 18 വയസ്സാണ് വിവാഹപ്രായമായി നിർദേശിക്കുന്നത്. ആകയാൽ വിവാഹസമയത്ത് ജോസഫിന്റെ പ്രായം ഏകദേശം 18 ആയിരിക്കാം. റോമിലെ വി. പ്രിസില്ലയുടെ (Priscilla) ഭൂഗർഭാലയത്തിൽ തിരുക്കുടുംബത്തിന്റെ ഒരു ചുവർചിത്രമുണ്ട്. ഇത് ഒന്നാം നൂറ്റാണ്ടിൽ വരച്ചതാണ്. തിരുക്കുടുംബത്തിന്റെ ഏറ്റവും പുരാതനമായ ചിത്രം ഇതായിരിക്കണം. അതിൽ പരിശുദ്ധ

കന്യക ദിവ്യശിശുവിനെ മാറോടണച്ചിരിക്കുന്നു. അവളുടെ മുമ്പിൽ ഒരു യുവാവ് മുകളിലേക്കു നോക്കി ഒരു നക്ഷത്രത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് നിൽക്കുന്നു. അത് വി. യൗസേപ്പാണ്. ഗവേഷകരുടെ അഭിപ്രായപ്രകാരം ഈ ചിത്രം ട്രാജന്റേയോ ഹാഡ്രിയാന്റേയോ അന്റോണൈൻസിന്റെയോ കാലത്ത് വരച്ചതാണ്.

'ഭർത്താവിന് കീഴ്‌വഴങ്ങാൻ എനിക്ക് പറ്റില്ല', 'പാടുപെട്ട് കുഞ്ഞുങ്ങളെ വളർത്താൻ വയ്യ' എന്നൊക്കെ ചിന്തിക്കുന്നവർക്ക് മുന്നിൽ, ഒരായുസ്സ് മുഴുവൻ ജീവിതപങ്കാളിക്കും കുഞ്ഞിനുംവേണ്ടി ത്യാഗപൂർവ്വം സമർപ്പിച്ച്, അവർക്കായി അലഞ്ഞു ജീവിച്ച യൗസേപ്പ് തന്റെ ജീവിതഭാഗ്യമായി ഈ സമർപ്പണത്തെയും ക്ലേശങ്ങളെയും കാണുന്നു. ചമ്പക്കുളം ബസലിക്ക ദേവാലയത്തിൽ അമ്മയെയും കുഞ്ഞിനെയും കഴുതപ്പുറത്തിരുത്തി യാത്ര ചെയ്യുന്ന യൗസേപ്പിതാവിന്റെ മനോഹരമായ ഒരു രൂപമുണ്ട്. യൗസേപ്പിന്റെ നീണ്ട യാത്രകളെ സൂചിപ്പിക്കുന്ന ഒരു രൂപമാണത്. അതിൽ യൗസേപ്പ് ഈശോയ്ക്കും മാതാവിനും വേണ്ടി ഒരു കഴുതയെപ്പോലെ അധ്വാനിക്കുകയാണ്. ഈശോയെ വഹിച്ച കഴുതയായി മാറാൻ യൗസേപ്പിന് ലഭിച്ച ഭാഗ്യമാണ് തിരുക്കുടുംബത്തിലെ ഉത്തരവാദിത്തങ്ങളെല്ലാം. ഇന്നും ഈ ലോകത്തിന് ക്രിസ്തുവിനെ നെഞ്ചോടു ചേർത്തുപിടിച്ച് ജീവിതയാത്ര ചെയ്യുന്ന ദമ്പതിമാരെ ഏറെ ആവശ്യമുണ്ട്. വി. യൗസേപ്പ് ഈ കാലഘട്ടത്തിൽ ഓരോ യുവാവിനോടും യുവതിയോടും പറയുന്നു: ''കർത്താവിന് നിന്നെക്കൊണ്ട് ആവശ്യമുണ്ട്.''

## പ്രതിസന്ധികളില്ലാത്ത ദാമ്പത്യമില്ല

ഒരു അസ്വസ്ഥതയും താങ്ങാനാവാതെ മനസ്സ് ദുർബലമാകുന്ന ഒരു തലമുറയാണ് നമ്മുടേത്. ജോലിസ്ഥലങ്ങളിൽ നിന്ന് അനിവാര്യമായി വരുന്ന പിരിമുറുക്കം (tension) വീട്ടിൽ കൊണ്ടുവരുമ്പോൾ, അവിടുത്തെ ചെറിയ കാര്യങ്ങൾ പോലും ദമ്പതിമാർക്കിടയിൽ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അപ്പോൾ ഏറ്റവും എളുപ്പത്തിൽ ഒഴിവാക്കാവുന്ന ഒന്നാണ് ദാമ്പത്യമെന്ന് ആധുനിക തലമുറ കരുതുന്നു. പ്രതിസന്ധികളില്ലാത്ത ജീവിതാന്തസ്സ് ആർക്കുമില്ല.

ഭൂമി കണ്ടതിൽ വെച്ച് ഏറ്റവും നല്ല യുവാവായ ജോസഫ്, ഭൂമിയിൽ ജനിച്ചവരിൽ ഏറ്റവും പരിശുദ്ധയായ മറിയത്തെ വിവാഹം കഴിച്ചു. എന്നിട്ടും, ആ കുടുംബജീവിതം നാല് മാസത്തിനുള്ളിൽ ഉപേക്ഷിക്കപ്പെടേണ്ട ഘട്ടം വരെയെത്തി. ഏത് ജീവിതാന്തസ്സിലായാലും എത്ര നല്ലവരായാലും ജീവിതയാത്ര ആദ്യത്തെ ആഘോഷങ്ങൾ കഴിഞ്ഞ് സാധാരണ നിലയിലേക്ക് നീങ്ങുമ്പോൾ സംശയങ്ങളും മടുപ്പും ഭാരവും ഉപേക്ഷിച്ചു പോകാനുള്ള പ്രവണതകളും രൂപപ്പെടാം. അവിടെ യൗസേപ്പിതാവ് നമ്മോട് പറയുന്നു: 'മനസ്സ് മാറുമ്പോൾ മനുഷ്യരിലേക്ക് തിരിയാതെ സ്വർഗത്തിലേക്ക് തിരിഞ്ഞാൽ, നിങ്ങളെ തിരഞ്ഞെടുത്ത ദൈവം തന്നെ ഇടപെടും.'

## സഹവാസമില്ലാത്ത ദാമ്പത്യം

ദാമ്പത്യത്തിൽ മുന്നേറാൻ ഏറ്റവും അവശ്യമായ ഒരു ഘടകം സഹവാസമാണ് (മത്താ. 1:18). ജോസഫും മറിയവും വിവാഹനിശ്ചയം കഴിഞ്ഞിരുന്നിട്ടും ഒന്നിച്ചു താമസിക്കാൻ വൈകിയെന്ന് അവിടെ കുറിച്ചിട്ടുണ്ട്. എത്ര നല്ല ദമ്പതിമാരായാലും സഹവാസമില്ലായെങ്കിൽ അവരുടെ ഇടയിൽ സ്നേഹം വറ്റിപ്പോകും. നീതിമാനായ ജോസഫ് പരിശുദ്ധ മറിയത്തെ സംശയിച്ചു. കാരണം, ഒന്നിച്ചു പാർക്കാത്തതു മൂലം മറിയം കേട്ട മംഗളവാർത്ത ജോസഫ് അറിഞ്ഞില്ല. അവർ ഒന്നിച്ചു പാർത്തിരുന്നെങ്കിൽ മംഗളവാർത്ത കേൾക്കാനുള്ള ഭാഗ്യം ജോസഫിനും ലഭിക്കുമായിരുന്നു. തന്മൂലം ഏറ്റവും നല്ല വാർത്തയെ ഏറ്റവും ഹീനമായ കാര്യമായി ജോസഫ് തെറ്റിദ്ധരിച്ചു.

ദാമ്പത്യത്തിൽ സംശയരോഗം വർദ്ധിച്ചു വരുമ്പോൾ അതിന്റെ പിന്നിൽ പരസ്പരം അറിയാത്ത മനസ്സുകളുണ്ടെന്ന് കാണാനാവും. സഹവാസമില്ലായ്മ സംശയത്തിലേക്കും തെറ്റുകളിലേക്കും നയിക്കാം. സംശയത്തെ ദൂരീകരിച്ച് ജോസഫ് മറിയത്തോടൊപ്പം ജീവിച്ചു തുടങ്ങിയപ്പോൾ, മറിയം കന്യകയാണെന്ന സത്യം ജോസഫ് വ്യക്തമായി ഗ്രഹിച്ചു. ഓരോ ദിവസം കഴിയുന്തോറും മറിയത്തോടുള്ള ആദരവ് ജോസഫിൽ വർദ്ധിച്ചു വന്നു.

ഉല്പത്തി പുസ്തകത്തിൽ (ഉല്പ. 39) ധനികനായ പോത്തിഫറിനെ നാം കാണുന്നു. അയാൾ ഭാര്യയ്ക്ക് സമ്പത്തും സ്വാതന്ത്ര്യവും ആവോളം നൽകി. പക്ഷേ, അയാൾക്ക് ഭാര്യയോടൊപ്പം കഴിയാൻ സമയമില്ലാതെ എപ്പോഴും യാത്രയിലായിരുന്നു. ഭർത്താവിന്റെ സാമീപ്യമില്ലാത്ത ഭാര്യ മറ്റൊരു പുരുഷനെ മനസ്സിൽ

ആഗ്രഹിച്ചു. രണ്ടിടങ്ങളിലായി ജോലി ചെയ്ത് കുടുംബത്തെ മുന്നോട്ട് നയിക്കേണ്ടി വരുന്ന ദമ്പതിമാരുടെ എണ്ണം പെരുകുന്ന കാലമാണിത്. അവിടെയും ദൈവം ആധുനിക സമ്പർക്ക മാധ്യമങ്ങളിലൂടെ ദൂരത്തിന്റെ അന്തരം കുറയ്ക്കാനുള്ള വഴികൾ തുറന്നിട്ടുണ്ട്. ഇവിടെ ശരിയായ ദിശയിലേക്കും വ്യക്തിയിലേക്കും (ജീവിതപങ്കാളി) സന്ദേശങ്ങളെയും വീഡിയോ കോളുകളെയും സമ്പർക്കങ്ങളെയും തിരിച്ചുവിട്ടാൽ മാത്രം മതി. 'ആരും കൂടെയില്ലെങ്കിലും ദൈവം ദമ്പതിമാർക്ക് മധ്യേ സാക്ഷിയാണെന്ന് ഓർത്തു കൊള്ളാൻ' വചനം പറയുന്നുണ്ട്.

ശാരീരികമായ സഹവാസം ആരംഭിച്ചിട്ട് വർഷങ്ങൾ പിന്നിട്ടിട്ടും മാനസികമായും ആത്മീയമായും സഹവാസമില്ലാതെ രണ്ട് ധ്രുവങ്ങളിലായി ജീവിതം നയിക്കുന്നവരുടെ എണ്ണവും പെരുകുകയാണ്. സങ്കല്പത്തിലെ പങ്കാളിയല്ല യാഥാർഥ്യത്തിലെന്ന് തിരിച്ചറിയുന്നതോടെ സംസാരം കുറയുന്നു, സമ്പർക്കം കുറയുന്നു, സ്നേഹം പോലും മറ്റ് തീരങ്ങൾ തേടിപ്പോകുന്നു. എന്നാൽ, എന്റെ പങ്കാളിയെ ദൈവം നൽകിയതാണെന്നും ദൈവം അറിയുന്ന കുറവുകളേ എന്റെ പങ്കാളിക്കുള്ളൂ എന്നും തിരിച്ചറിയുന്നിടത്ത് മനസ്സിന്റെ ഐക്യം സാധ്യമാകും. പങ്കാളിയെ മനസ്സാൽ സ്വീകരിക്കണമെങ്കിൽ ദൈവത്തിന്റെ കണ്ണുകളിലൂടെ അയാളെ നോക്കാതെ തരമില്ല.

## ദേവാലയത്തെ സ്നേഹിച്ച പിതാവ്

പള്ളിയും സഭയുമൊന്നും വേണ്ട എന്ന് ചിന്തിക്കുന്ന ഒരു തലമുറയാണ് വളർന്നു വരുന്നത്. എന്നാൽ, ജറുസലേം ദേവാലയത്തെ വളരെയധികം സ്നേഹിച്ചവനായിരുന്നു യൗസേപ്പിതാവ്. കഠിന ദാരിദ്ര്യത്തിനിടയിലും ദേവാലയത്തിലെ കാഴ്ചകൾ സമർപ്പിക്കാൻ ജോസഫ് ഉത്സുകനായിരുന്നു. തനിക്ക് സാധിക്കുംവിധം രണ്ട് പ്രാവിൻ കുഞ്ഞുങ്ങളെ കാഴ്ചവയ്ക്കുന്ന യൗസേപ്പിനെ (ലൂക്കാ 2:24) നാം കാണുന്നു. തനിക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്നവരുടെ കടമകൾ മുടങ്ങാതെ ചെയ്യാൻ ജോസഫിന് കഴിഞ്ഞു. നിയമം അനുശാസിക്കുന്ന എല്ലാ നേർച്ചകാഴ്ചകളും ജോസഫ് നിറവേറ്റി. മരണം വരെ എല്ലാ തിരുനാളിനും ജോസഫ് ജറുസലേമിൽ പോയി ദൈവത്തെ ആരാധിച്ചിരുന്നു. നസ്രത്തിൽ നിന്നും ജറുസലേമിലെത്താൻ ദീർഘദൂരം യാത്ര ചെയ്യണം. എന്നിട്ടും എല്ലാ വർഷവും, വരുമാനമാർഗങ്ങൾ മാറ്റിവെച്ച് കുടുംബമായി അദ്ദേഹം ദൈവാരാധനയ്ക്ക് പോയിരുന്നു. ദേവാലയത്തിലെ ആരാധനയും ആഘോഷങ്ങളുമായിരുന്നു ആ കൊച്ചു കുടുംബത്തിന്റെ സന്തോഷങ്ങൾ.

## ഉണ്ണിമിശിഹായുടെ വളർത്തപ്പൻ

ഒരു രാജ്യത്തെ ഏറ്റവും ദുർബലർ കുഞ്ഞുങ്ങളും സ്ത്രീകളുമാണ്. അവർക്ക് സംരക്ഷണം നൽകേണ്ട കടമ ഭരണാധികാരിക്കാണ്. എന്നാൽ, ബൈബിളിൽ നാം കാണുന്നത് രാജാവുതന്നെ തന്റെ സൈന്യത്തെ അയച്ച് ശിശുക്കളെ കൊന്നുകളയുന്നതാണ് (മത്താ. 2:16). എന്നാൽ, തന്റെ രക്തത്തിൽ പിറന്ന ശിശു അല്ലാതിരുന്നിട്ടും ഉണ്ണിമിശിഹായെ സംരക്ഷിക്കാനായി യൗസേപ്പ് കഠിനയാതനകൾ ഏറ്റെടുത്തു.

'ജോലി സ്ഥിരമായില്ല' , 'വരുമാനം കുറവാണ്' എന്നൊക്കെ പറഞ്ഞ് കുഞ്ഞുങ്ങളെ സ്വീകരിക്കുന്നതിൽ വിമുഖത കാട്ടുന്ന ദമ്പതിമാർ ഏറിവരികയാണ്. ദൈവാശ്രയമില്ലാതെ, കണക്കുകൂട്ടലുകൾക്ക് മാത്രം മുൻഗണന നൽകി മക്കളെ സ്വീകരിക്കുന്ന രീതികൾ ഇന്ന് സാധാരണമാണ്. മക്കൾ ദൈവത്തിന്റെ സമ്മാനമാണെന്ന് (സങ്കീ. 127:3) ഓർക്കാതെ, തങ്ങൾ വെറും സൂക്ഷിപ്പുകാർ മാത്രമാണെന്ന് ചിന്തിക്കാതെ ദൈവകരങ്ങളെ അടച്ചുകളയുന്ന കുടുംബങ്ങളായി ആധുനിക ഭവനങ്ങൾ മാറുന്നു. അവിടെയാണ് ജോസഫ് നിലവിളക്കുപോലെ പ്രകാശിക്കുന്നത്. ദാരിദ്ര്യത്തിന്റെയും ഭയപ്പാടിന്റെയും പലായനത്തിന്റെയും നടുവിൽ ദൈവം തന്ന കുഞ്ഞിനെ അദ്ദേഹം സ്വീകരിച്ചു. ആ കുഞ്ഞ് ആ കുടുംബത്തിന്റെയും ലോകത്തിന്റെയും രക്ഷകനായി മാറി.

ഫ്രാൻസീസ് മാർപാപ്പ പറഞ്ഞു: ''ഇത് ജോസഫിന്റെ യുഗമാണ്.'' ജോസഫ് ധ്യാനിക്കപ്പെടേണ്ടതും ജീവിക്കപ്പെടേണ്ടതുമായ ഒരു യുഗം. സഭയിൽ മറഞ്ഞിരിക്കുന്ന നിധിയാണ് ജോസഫ്. അദ്ദേഹം ആധുനിക തലമുറയിൽ മറനീക്കി പുറത്തുവരികയാണ്. കുടുംബമൂല്യങ്ങൾ തകരുമ്പോൾ, വിസ്മൃതിയുടെ ഗർത്തത്തിൽ നിന്നും ജോസഫിന്റെ കുടുംബം പ്രഭയോടെ ഉയിർത്തെഴുന്നേൽക്കുന്നു. (ഉല്പ. 41:55) നമുക്കും ജോസഫിന്റെ പക്കലേക്ക് പോകാം, അദ്ദേഹം പറയുന്നതുപോലെ ചെയ്യാം. •



## സമുദായശക്തീകരണം

# സമുദായത്തിന്റെ ഉള്ളുലയ്ക്കുന്ന സമകാലിക വെല്ലുവിളികൾ

**ആന്റണി ആറിൽചിറ ചമ്പക്കുളം**

റിട്ട. ഡെപ്യൂട്ടി തഹസിൽദാർ,
അതിരൂപതാ പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗം



**സീ**റോ മലബാർ സഭ 2026 സമുദായ ശക്തീകരണ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നത് വലിയ പ്രതീക്ഷകളോടെയാണ്. സഭയുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ചുള്ള വ്യക്തമായ ബോധ്യത്തിൽ നിന്നും, സമുദായവളർച്ചയിൽ നേരിടുന്ന പ്രതിസന്ധികളെ പരിഹരിച്ച് മുന്നേറണമെന്ന ലക്ഷ്യത്തിൽനിന്നുമാണ് ഈ വർഷാചരണത്തിനുള്ള തീരുമാനം ഉണ്ടായത്.

കാര്യങ്ങളെല്ലാം കുറ്റമറ്റ രീതിയിലാണ് മുന്നോട്ടുപോയിരുന്നതെങ്കിൽ, ഇങ്ങനെയൊരു പ്രത്യേക വർഷാചരണത്തിന്റെ ആവശ്യം ഉണ്ടാകുമായിരുന്നില്ല. വിശ്വാസിയുടെ ആത്മീയതയോടൊപ്പം ഭൗതികവും ബൗദ്ധികവുമായ തലങ്ങളുടെ ഏകോപനവും വികസനവുമാണ് സമുദായ ശക്തീകരണംകൊണ്ട് അർഥമാക്കുന്നത്. ഒരുവന്റെ വിശ്വാസത്തോടൊപ്പം ഭൗതിക-സാമൂഹിക സാഹചര്യങ്ങളും വളരുമ്പോഴാണ് സമുദായ ബോധം പൂർണ്ണമാകുന്നത്. ഇവയെല്ലാം ഒന്നുചേർന്നു വളരുമ്പോൾ മാത്രമേ സമുദായം യഥാർഥത്തിൽ പുരോഗതി പ്രാപിക്കുകയുള്ളൂ.

പൊതുവിൽ ക്രൈസ്തവരുടെയും, പ്രത്യേകിച്ച് സുറിയാനി കത്തോലിക്കരുടെയും സമുദായശക്തി ക്ഷയിച്ചുകൊണ്ടിരിക്കുന്നു എന്നത് പകൽപോലെ വ്യക്തമായ യാഥാർഥ്യമാണ്. ഇതിലേക്ക് നയിച്ച കാരണങ്ങൾ പലതാണ്. ഒട്ടനവധി പ്രശ്നങ്ങളിലൂടെയും വെല്ലുവിളികളിലൂടെയുമാണ് സമുദായം ഇന്ന് കടന്നുപോകുന്നത്. ഈ സാഹചര്യത്തിൽ, സമുദായം നേരിടുന്ന പ്രധാന വെല്ലുവിളികളെക്കുറിച്ചുള്ള ഒരു വിശകലനമാണ് ഈ ലേഖനത്തിലൂടെ ലക്ഷ്യമിടുന്നത്.

## ജനസംഖ്യയിലെ ഇടിവ്: കണക്കുകൾ നൽകുന്ന മുന്നറിയിപ്പ്

2023-ലെ ഔദ്യോഗിക കണക്കുകൾ പ്രകാരം കേരളത്തിൽ ആകെ 3,93,231 കുട്ടികളാണ് ജനിച്ചത്. ഇതിൽ ഏറ്റവും കൂടുതൽ കുട്ടികൾ ജനിച്ചത് ഇസ്ലാം മതവിഭാഗത്തിലാണ് (1,76,312). ഹിന്ദു മതവിശ്വാസികൾക്ക് 1,58,399 കുട്ടികൾ ജനിച്ചപ്പോൾ, ക്രൈസ്തവ വിഭാഗത്തിൽ ജനിച്ചത് 56,810 കുട്ടികൾ മാത്രമാണ്.

2023-ലെ മരണനിരക്ക് ഹിന്ദു (1,80,971), മുസ്ലിം (59,541), ക്രൈസ്തവർ (62,338) എന്നിങ്ങനെയാണ്. ഈ കണക്കുകൾ പ്രകാരം മുസ്ലിം ജനസംഖ്യയിൽ 1,16,771 പേരുടെ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ, ഹിന്ദു വിഭാഗത്തിൽ 22,572 പേരുടെയും, ക്രൈസ്തവ വിഭാഗത്തിൽ 5,528 പേരുടെയും കുറവാണ് രേഖപ്പെടുത്തിയത്.

കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിലെ ജനസംഖ്യയിൽ ക്രൈസ്തവരുടെ (ഒപ്പം ഹിന്ദുക്കളുടെയും) എണ്ണത്തിൽ ഗണ്യമായ കുറവ് വന്നുകൊണ്ടിരിക്കുന്നു. ഇതിന് പല കാരണങ്ങൾ ചൂണ്ടിക്കാണിക്കാമെങ്കിലും, ഫലത്തിൽ കേരളത്തിന്റെ മുഖ്യധാരയിൽനിന്നും ക്രൈസ്തവർ പിന്തള്ളപ്പെടുന്നു എന്നതാണ് ഇതിന്റെ അനന്തരഫലം. സാമൂഹിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻപോലും സാധിക്കാത്തവിധം സമുദായം ദുർബലമായിക്കൊണ്ടിരിക്കുകയാണ്.

2005-ൽ കേരളത്തിലെ ക്രൈസ്തവ ജനനനിരക്ക് 17.6% ആയിരുന്നത് 2023-ൽ 14.45% ആയി കുറഞ്ഞു. മറിച്ച്, 2019-ൽ 19.4% ആയിരുന്ന മരണനിരക്ക് 2023-ൽ 20.49% ആയി വർദ്ധിക്കുകയാണുണ്ടായത്. ജനനനിരക്കിലെ കുറവും മരണനിരക്കിലെ വർദ്ധനവും മൂലം പൊതുധാരയിൽനിന്ന് സമുദായം ക്രമേണ അപ്രസക്തമായിക്കൊണ്ടിരിക്കുന്നു. ഈ യാഥാർഥ്യം സമുദായ അംഗങ്ങൾ വേണ്ടവിധം മനസ്സിലാക്കുകയോ ഗൗരവത്തോടെ സമീപിക്കുകയോ ചെയ്യുന്നില്ല എന്നത് ഖേദകരമാണ്. സമുദായത്തിന്റെ നിലനില്പിനെത്തന്നെ ബാധിക്കുന്ന ഈ വിഷയത്തിൽ അടിയന്തരമായ മാറ്റം വരേണ്ടിയിരിക്കുന്നു.

## ബൗദ്ധികശേഷി ചോർത്തുന്ന വിദേശകുടിയേറ്റം

വിദ്യാഭ്യാസത്തിനും തൊഴിലിനുമായി കേരളത്തിൽനിന്നും ഓരോ വർഷവും പതിനായിരങ്ങളാണ് വിദേശരാജ്യങ്ങളിലേക്ക് കുടിയേറുന്നത്. ഇതിൽ വലിയൊരു വിഭാഗവും ക്രൈസ്തവരാണെന്നതാണ് വസ്തുത. സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ കാരണങ്ങളാൽ ഗൾഫ് നാടുകളിലേക്കുള്ള താല്കാലിക കുടിയേറ്റത്തേക്കാൾ പാശ്ചാത്യരാജ്യങ്ങളിലേക്കുള്ള സ്ഥിരമായ കുടിയേറ്റമാണ് ക്രൈസ്തവർ ഇന്ന് തിരഞ്ഞെടുക്കുന്നത്. ഇത് ജന്മനാട്ടിലുള്ള അവരുടെ വേരുകൾ അറ്റുപോകുവാൻ കാരണമാകുന്നു.

ഒരുകാലത്ത് കേരളത്തിന്റെ ഭരണസിരാകേന്ദ്രങ്ങളിലും ഉദ്യോഗസ്ഥതലങ്ങളിലും ക്രൈസ്തവരുടെ സാന്നിധ്യം പ്രകടമായിരുന്നു. എന്നാൽ, ഇന്നത്



നാമമാത്രമാകുകയോ, ബോധപൂർവം ഒഴിവാക്കപ്പെടുകയോ ചെയ്തിരിക്കുന്നു. ഇതുമൂലം ക്രൈസ്തവർ മുഖ്യധാരയിൽ നിന്ന് പിന്തള്ളപ്പെട്ടു എന്നുമാത്രമല്ല, ഉദ്യോഗസ്ഥ-രാഷ്ട്രീയ നേതൃത്വങ്ങളിൽ നിന്ന് ക്രൈസ്തവമൂല്യങ്ങളും ധാർമിക തയും അപ്രത്യക്ഷമാകുന്നതിനും ഇത് കാരണമായി. ഇതിന്റെ പ്രത്യാഘാതം ക്രൈസ്തവർക്കൊപ്പം പൊതുസമൂഹവും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വംപോലും മൂല്യാധിഷ്ഠിത നേതൃത്വത്തിന്റെ അഭാവംമൂലം ഇന്ന് വെല്ലുവിളി നേരിടുന്നു.

സ്വന്തം ജീവിതം സുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോടെ മികച്ച ബൗദ്ധിക ശേഷിയുള്ളവർ പാശ്ചാത്യരാജ്യങ്ങളിലേക്ക് ചേക്കേറുമ്പോൾ, രാജ്യത്തിനും, വിശിഷ്യാ സമുദായത്തിനും ഉണ്ടാകുന്ന നഷ്ടം കണക്കാക്കാവുന്നതിലും അപ്പുറമാണ്. ഗൾഫ് രാജ്യങ്ങളിൽ പോകുന്നവർ നിശ്ചിതകാലത്തിനു ശേഷം തിരിച്ചെത്തുമെങ്കിൽ, പാശ്ചാത്യ രാജ്യങ്ങളിലേക്ക് കുടിയേറുന്നവർ മിക്കവാറും മടങ്ങിവരാറില്ല. അവർ ഭാവി തലമുറകളെക്കൂടിയാണ് ഇവിടെ നിന്ന് കൊണ്ടുപോകുന്നത്. ഇത് വരും വർഷങ്ങളിൽ കേരളത്തിന്റെ സാമൂഹികമേഖലയിൽ സൃഷ്ടിക്കാൻ പോകുന്ന അസമത്വവും അസന്തുലിതാവസ്ഥയും ഊഹിക്കാവുന്നതിലും വലുതായിരിക്കും. അതിന്റെ ലക്ഷണങ്ങൾ ഇപ്പോൾതന്നെ കേരളത്തിൽ പലയിടങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും കണ്ടുതുടങ്ങിയിരിക്കുന്നു.

## അടിത്തറയിളക്കുന്ന കെണികൾ: പ്രണയവും ലഹരിയും

യുവതികളെ ലക്ഷ്യമിട്ടുള്ള ആസൂത്രിതമായ പ്രണയക്കെണികൾക്കൊപ്പം തന്നെ, യുവതലമുറയെ മയക്കുമരുന്നിന്റെ കാണാക്കയങ്ങളിലേക്ക് വീഴ്ത്തുന്ന സംഘങ്ങളും ഇവിടെ സജീവമാണ്. മാധ്യമങ്ങളിൽ ദിനംപ്രതി വരുന്ന വാർത്തകൾ പരിശോധിച്ചാൽ ലഹരി മാഫിയകളുടെ സ്വാധീനം വ്യക്തമാകും. പുതിയ തലമുറയ്ക്ക് കാലാനുസൃതമായ അറിവും തിരിച്ചറിവും നൽകാൻ



സാധിക്കാത്തതുകൊണ്ടാണ് പലരും ഇത്തരം കെണികളിൽ വീണുപോകുന്നത്. കെണികളെ തിരിച്ചറിയാൻ സഹായിക്കേണ്ടവർ പോലും, മതേതരത്വത്തിന്റെ പേരിൽ ഇത്തരം യാഥാർഥ്യങ്ങളെ കണ്ടില്ലെന്നു നടിക്കുകയോ തമസ്കരിക്കുകയോ ചെയ്യുന്നത് യുവതലമുറയെ വഴിതെറ്റിക്കുന്നു.

ഈ സാഹചര്യത്തിൽ, കുട്ടികൾക്ക് ശരിയായ ദിശാബോധം നൽകുന്ന രീതിയിലേക്ക് നമ്മുടെ സൺഡേ സ്കൂളുകൾ മാറേണ്ടിയിരിക്കുന്നു. 10-12 വർഷം നീളുന്ന വേദപാഠം പഠിച്ചിട്ടും ക്രൈസ്തവ പാരമ്പര്യമുള്ള വീടുകളിൽ ജനിച്ചു വളർന്നിട്ടും വിശ്വാസത്തെയും മൂല്യങ്ങളെയും തള്ളിപ്പറഞ്ഞ് പോകാൻ ഒരു തലമുറ തയ്യാറാകുന്നുവെങ്കിൽ, അതിനുപിന്നിൽ പ്രവർത്തിക്കുന്ന ശക്തികൾ നിസ്സാരക്കാരല്ല എന്ന ബോധ്യം കുട്ടികൾക്കും മാതാപിതാക്കൾക്കും പകർന്നുനൽകണം. എങ്കിൽ മാത്രമേ, ഇക്കാര്യത്തിൽ വേണ്ടത്ര ജാഗ്രത പുലർത്താൻ അവർക്ക് സാധിക്കൂ.

എന്നാൽ, ഇത്തരം വിഷയങ്ങൾ തുറന്നു പറയാൻ സഭാധ്യക്ഷന്മാരെയോ ഉത്തരവാദിത്വപ്പെട്ടവരെയോ അനുവദിക്കാത്ത രാഷ്ട്രീയ-സാമൂഹിക അന്തരീക്ഷവും, എല്ലാം അവജ്ഞയോടെ തള്ളിക്കളയുന്ന സമുദായ അംഗങ്ങളുടെ നിസ്സംഗതയും

നമ്മുടെ സമുദായത്തിന്റെ ദുരവസ്ഥയാണെന്ന് സമ്മതിക്കാതെ വയ്യ. യുവജനങ്ങളെ ലഹരിയുടെയും കേസുകളുടെയും നൂലാമാലകളിൽ കുടുക്കി സമുദായത്തിന്റെ അടിത്തറ തകർക്കുക എന്നത് ചില ദേശവിരുദ്ധ ശക്തികളുടെ ലക്ഷ്യമാണ്. ഇത് സാധൂകരിക്കുന്ന സംഭവങ്ങൾ കണ്മുന്നിൽ നടന്നിട്ടും, സമുദായം വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല എന്നത് ഖേദകരമാണ്. ഇതിന് മാറ്റം അനിവാര്യമാണ്. സമൂഹത്തിന്റെ നന്മയ്ക്കും സമുദായത്തിന്റെ നിലനില്പിനും തങ്ങൾകൂടി പങ്കാളികളാകണമെന്ന ബോധ്യം പുതിയ തലമുറയിൽ വളർത്താൻ നമുക്ക് സാധിക്കണം. എങ്കിൽ മാത്രമേ, ശക്തമായ ഒരു സമുദായവും സഭയും ഇവിടെ രൂപപ്പെടുകയുള്ളൂ.

## രാഷ്ട്രീയ – മാധ്യമ രംഗങ്ങളിലെ തകർച്ചയും തിരിച്ചുവരവും

ഒരു കാലത്ത് കേരളത്തിലെ മാത്രമല്ല, ഇന്ത്യയിലെ തന്നെ രാഷ്ട്രീയ-സാമൂഹിക-മാധ്യമ മേഖലകളെ മുന്നിൽനിന്ന് നയിച്ചിരുന്ന ഒട്ടനവധി പ്രതിഭകളെ സംഭാവന ചെയ്തവരാണ് ക്രൈസ്തവ സമൂഹം. എന്നാൽ, ഇന്ന് ഈ മേഖലകളിൽ സമുദായത്തിന് നിർണായകമായ സ്വാധീനമില്ലെന്നു മാത്രമല്ല, രാഷ്ട്രീയ-മാധ്യമ സംവിധാനങ്ങളെത്തന്നെ സമുദായത്തിനെതിരെ തിരിച്ചുവിടാൻ ചില തീവ്രചിന്താഗതിക്കാർക്ക് സാധിച്ചിരിക്കുന്നു എന്നതും നാം മറക്കരുത്. ക്രൈസ്തവ ദർശനങ്ങളെയും ഭാരതീയ സംസ്കാരത്തെയും ഒരുപോലെ എതിർക്കുന്ന തരത്തിലേക്ക് ഇന്നത്തെ രാഷ്ട്രീയ-മാധ്യമ പ്രവർത്തനങ്ങൾ തരംതാഴ്ന്നിരിക്കുന്നു.

എന്തുകൊണ്ടാണ് കെട്ടുറപ്പുള്ള ക്രൈസ്തവ സമുദായങ്ങളെ, തീവ്രനിലപാടുകാരുടെ പിന്തുണ തേടുന്ന രാഷ്ട്രീയപാർട്ടികളും അവർ ധനസഹായം നൽകുന്ന മാധ്യമങ്ങളും എതിർക്കുന്നത്? അതിന് ഒറ്റ ഉത്തരമേയുള്ളൂ: ക്രിസ്തീയ സ്നേഹത്തിലും വിശ്വാസത്തിലും അധിഷ്ഠിതമായ പ്രസ്ഥാനങ്ങൾ എന്നും സമൂഹത്തിന് വെളിച്ചമാണ്. അത്തരം പ്രസ്ഥാനങ്ങളുടെ ശക്തമായ സാന്നിധ്യം തീവ്രവാദ-ദേശവിരുദ്ധ ശക്തികളുടെ വളർച്ചയ്ക്ക് തടസ്സമാണ്. അതുകൊണ്ട്, കെട്ടുറപ്പുള്ള സമുദായങ്ങളെ തകർക്കാൻ അവയ്ക്കുള്ളിൽ നുഴഞ്ഞുകയറി പ്രശ്നങ്ങൾ സൃഷ്ടിക്കുക എന്ന തന്ത്രമാണ് ഇവർ പയറ്റുന്നത്. ഇതിനായി അവർ രാഷ്ട്രീയ-മാധ്യമ സംവിധാനങ്ങളെ ദുരുപയോഗം ചെയ്യുന്നു. ഖേദകരമെന്നു പറയട്ടെ, ഇത്തരം ശക്തികൾക്ക് പിന്തുണ നൽകി, താല്കാലിക നേട്ടങ്ങൾക്കായി സ്വന്തം സമുദായത്തെ ഒറ്റുകൊടുക്കുന്ന പ്രവണത ചില വിശ്വാസികളിലും, എന്തിന് നേതൃത്വത്തിലിരിക്കുന്ന ചിലരിൽപ്പോലും കണ്ടുവരുന്നു.

അച്ചടി മാധ്യമങ്ങളായാലും ദൃശ്യ-സാമൂഹ്യ മാധ്യമങ്ങളായാലും, അവയിൽ പലതും ഇന്ന് ലക്ഷ്യം വയ്ക്കുന്നത് ക്രൈസ്തവവിരുദ്ധതയാണ്. കേരളത്തിന് അച്ചടിമാധ്യമങ്ങളെ പരിചയപ്പെടുത്തിയത് ക്രൈസ്തവരാണെങ്കിലും, ഇന്ന് അതേ മാധ്യമങ്ങൾ സമുദായത്തിനെതിരെ തിരിഞ്ഞിരിക്കുന്നു എന്നത് വിരോധാഭാസമാണ്. എന്നാൽ, ഇതിനെതിരെ ശബ്ദിക്കാനാവാതെ നാം പിന്നാക്കം പോയിരിക്കുന്നു. രാഷ്ട്രീയ-മാധ്യമ മേഖലയിൽ നമുക്ക് നഷ്ടപ്പെട്ട സ്വാധീനം തിരിച്ചുപിടിക്കാൻ പതിൻമടങ്ങ് ശക്തിയിലുള്ള ഒരു തിരിച്ചുവരവ് അനിവാര്യമാണ്. ഈ സമുദായ ശക്തീകരണ വർഷത്തിലെങ്കിലും അതിനു സാധിച്ചില്ലെങ്കിൽ, നമ്മുടെ പൂർവികർ പകർന്നു നൽകിയ സത്യങ്ങളും ചരിത്രരേഖകളും വരുംകാലങ്ങളിൽ തമസ്കരിക്കപ്പെട്ടേക്കാം. അതിന് ഈ തലമുറ കാരണക്കാരാകരുത്.

സമൂഹത്തോടും സമുദായത്തോടും സത്യത്തോടും പ്രതിബദ്ധതയുള്ള രാഷ്ട്രീയക്കാരെയും സത്യം വിളിച്ചുപറയാൻ ആർജ്ജവമുള്ള മാധ്യമപ്രവർത്തകരെയും വാർത്തെടുക്കുന്നതുകൂടിയാകണം സമുദായ ശക്തീകരണ പ്രവർത്തനങ്ങളുടെ ലക്ഷ്യം.

## ഭരണതലത്തിലെ സ്വാധീനക്കുറവ്

ജനാധിപത്യ സംവിധാനത്തിൽ നിയമനിർമ്മാണത്തിനും അവയുടെ നടത്തിപ്പിനും നിർണ്ണായക സ്ഥാനമാണുള്ളത്. ജനക്ഷേമകരമായ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ രാഷ്ട്രീയ-ഭരണ നേതൃത്വങ്ങൾക്കും ഉദ്യോഗസ്ഥർക്കും വലിയ പങ്കുണ്ട്. ഒരുകാലത്ത് കേരളത്തിൽ ഞായറാഴ്ചകളിൽ പൊതുപരിപാടികളോ പരീക്ഷകളോ നടത്തിയിരുന്നില്ല. നിർഭാഗ്യവശാൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ഞായറാഴ്ചകൾ ഇത്തരം കാര്യങ്ങൾക്കായി തിരഞ്ഞെടുക്കുന്ന പ്രവണത വർധിച്ചുവരുന്നു. ഇത് എന്തുകൊണ്ടാണെന്ന് നാം ഗൗരവമായി ചിന്തിക്കണം. ഉദ്യോഗസ്ഥതലത്തിലാണ് പലപ്പോഴും ഇത്തരം തീരുമാ




നങ്ങൾ ഉണ്ടാകുന്നത്. തീരുമാനമെടുക്കുന്ന മേൽത്തട്ടിൽ സമുദായ അംഗങ്ങളുടെ എണ്ണം വിരലിലെണ്ണാവുന്നതിലും താഴെയാണ്. ഉള്ള വർക്കാകട്ടെ, പലപ്പോഴും സമുദായബോധവുമില്ല. ലോകം മുഴുവൻ വിശേഷദിവസമായി ആചരിക്കുന്ന ഞായറാഴ്ച, ക്രമേണ ഒരു പ്രവൃത്തിദിനമായി മാറുന്നതിന് പിന്നിലെ പ്രധാന കാരണവും ഇതുതന്നെയാണ്. ഉത്തരവാദിത്വപ്പെട്ട ഇടങ്ങളിലെ നമ്മുടെ അസാന്നിധ്യം ഇത്തരം നീക്കങ്ങൾക്ക് ആക്കം കൂട്ടുന്നു. സമുദായബോധവും സാമൂഹിക ബോധവുമുള്ള വ്യക്തികൾ അധികാരസ്ഥാനങ്ങളിൽ ഉണ്ടെങ്കിൽ മാത്രമേ ഇത്തരം വിഷയങ്ങളിൽ ഫലപ്രദമായ ഇടപെടലുകൾ നടത്താൻ സാധിക്കൂ.

ഈയിടെ നടന്ന ഒരു സംഭവം ഇതിനൊരു ഉദാഹരണമാണ്. സാധാരണയായി ഓഗസ്റ്റ് മാസത്തിലെ രണ്ടാം ശനിയാഴ്ചയാണ് ആലപ്പുഴ പുന്നമടക്കായലിലെ നെഹ്റു ട്രോഫി വള്ളംകളി നടക്കാറുള്ളത്. എന്നാൽ, കുറച്ചു വർഷങ്ങൾക്ക് മുമ്പ്, ഇത് ഒരു ഞായറാഴ്ച നടത്താൻ തീരുമാനിച്ചു. ഞായറാഴ്ച വള്ളംകളി നടത്തുന്നതിലെ ബുദ്ധിമുട്ടുകൾ ആലപ്പുഴ ജില്ലാ കളക്ടറെ അറിയിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി ചിന്തിപ്പിക്കുന്നതായിരുന്നു. വള്ളംകളി കമ്മിറ്റിയിൽ പല ക്രൈസ്തവരും ഉണ്ടായിരുന്നിട്ടും (അതിരൂപതയിലെ പല പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ ഇരുന്നവർ ഉൾപ്പെടെ) ആരും ഈ വിഷയം യോഗത്തിൽ ഉന്നയിച്ചില്ലെന്നായിരുന്നു കളക്ടർ ചൂണ്ടിക്കാട്ടിയത്.

എന്നാൽ, സഭയുടെ ഇടപെടലിനെത്തുടർന്ന്, വരും വർഷങ്ങളിൽ ഞായറാഴ്ച ഒഴിവാക്കാൻ നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം ഉറപ്പു നൽകുകയും, പിന്നീട് അത് പാലിക്കപ്പെടുകയും ചെയ്തു. കൃത്യസമയത്ത് ഉചിതമായ ഇടപെടൽ നടത്തിയാൽ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാൻ കഴിയും എന്നതിന്റെ തെളിവാണിത്.

അധികാരസ്ഥാനങ്ങളിൽ ആളുകൾ ഉണ്ടായാൽ മാത്രം പോരാ, അവർക്ക് വ്യക്തമായ ബോധ്യം കൂടി ഉണ്ടായിരിക്കണം എന്ന യാഥാർഥ്യമാണ് നാം തിരിച്ചറിയേണ്ടത്. അനർഹമായത് നേടിയെടുക്കാനല്ല, മറിച്ച് അർഹമായത് നഷ്ടപ്പെടാതിരിക്കാനും നീതി ഉറപ്പാക്കാനും ഭരണതലങ്ങളിൽ നമ്മുടെ സാന്നിധ്യം അനിവാര്യമാണ്. എന്നാൽ, ഇന്ന് പലയിടത്തും സമുദായം ശ്രദ്ധിക്കപ്പെടുന്നത്




നമ്മുടെ 'അസാന്നിധ്യം' കൊണ്ടാണ്. സർക്കാർ ഉദ്യോഗങ്ങളിലോ രാഷ്ട്രീയ നേതൃത്വത്തിലോ ഇരിക്കുന്നവർ വെറും 'ക്രൈസ്തവ നാമധാരികൾ' ആയാൽ പോരാ, സാമൂഹിക ബോധത്തിനൊപ്പം സമുദായസ്നേഹവുമുള്ളവരാകണം. എങ്കിൽ മാത്രമേ, സമുദായവിരുദ്ധമായ തീരുമാനങ്ങളെ തുടക്കത്തിൽത്തന്നെ തടയാൻ സാധിക്കൂ.


മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണം (EWS) സർക്കാർ ജോലിക്കും ഉന്നതവിദ്യാഭ്യാസത്തിനും വലിയ കൈത്താങ്ങാണ്. കഴിവും യോഗ്യതയും സമുദായസ്നേഹവുമുള്ള യുവജനങ്ങളെ സർക്കാർ സർവീസുകളിൽ എത്തിക്കുക എന്നത് ഈ സമുദായ ശക്തീകരണ വർഷത്തിന്റെ പ്രധാന ലക്ഷ്യമാകണം.

അതിരൂപതാതലത്തിൽ ഇതിനായി പല പദ്ധതികളും ഉണ്ടെങ്കിലും, ഇടവകതലത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ മാത്രമേ സർക്കാർ മേഖലയിലെ നമ്മുടെ അസാന്നിധ്യം പരിഹരിക്കാൻ കഴിയൂ. ഇതിനായി ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കേണ്ടിയിരിക്കുന്നു.

## തിരിച്ചറിവുകളിൽ ഊന്നിയ ഉയിർത്തെഴുന്നേൽപ്പ്

സഭയ്ക്കും സമുദായത്തിനും പുറത്തുനിന്നുള്ള വെല്ലുവിളികളെക്കുറിച്ചാണ് ഇതുവരെ പ്രതിപാദിച്ചത്. എന്നാൽ, ബാഹ്യശക്തികളേക്കാൾ സങ്കീർണ്ണമായ ആന്തരിക വെല്ലുവിളികളാണ് സമുദായം യഥാർഥത്തിൽ നേരിടുന്നത്. ഇവ രണ്ടിനെയും ഒരുപോലെ അഭിമുഖീകരിക്കുകയും, ആവശ്യമായ തിരുത്തലുകൾ വരുത്തി മുന്നോട്ടുപോവുകയും ചെയ്യുമ്പോൾ മാത്രമേ സമുദായ ശക്തീകരണം എന്ന ലക്ഷ്യം പൂർണ്ണമാകൂ.

സമുദായ ശക്തീകരണം എന്നത് ഒരിക്കലും വർഗീയതയോ മതമൗലികവാദമോ അല്ലെന്ന് നാം തിരിച്ചറിയണം. മറിച്ച്, അർഹമായ അവകാശങ്ങൾ ചോദിച്ചുവാങ്ങാനുള്ള ആർജവം സമുദായ അംഗങ്ങളിൽ വളർത്തിയെടുക്കലാണത്. തങ്ങളുടെ പാരമ്പര്യം എന്തായിരുന്നുവെന്നും, വരുംകാലങ്ങളിൽ തങ്ങൾ എന്തായിരിക്കണമെന്നും ഓരോ സമുദായ അംഗത്തെയും ബോധ്യപ്പെടുത്തി, അവരെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്ന മഹത്തായ ദൗത്യമാണ് യഥാർഥ സമുദായ ശക്തീകരണം. •



പേരന്റിംഗ്

# പരീക്ഷാചൂടും മാതാപിതാക്കളും

## മക്കളുടെ പരീക്ഷാവിജയം മാതാപിതാക്കളുടെ കൈകളിൽ: പത്ത് പ്രായോഗിക നിർദ്ദേശങ്ങൾ

**ഡോ. ജസ്റ്റിൻ തോമസ്**

ട്രെയ്നർ & കൗൺസിലിംങ് സൈക്കോളജിസ്റ്റ്



**പ**രീക്ഷാക്കാലത്ത് കുട്ടികളെക്കാൾ ആശങ്ക മാതാപിതാക്കൾക്കാണെന്ന് ചിലരുടെ കാര്യത്തിൽ നാം പറയാറുണ്ട്. മാതാപിതാക്കൾ തീർച്ചയായും കുട്ടികളുടെ പഠനകാര്യത്തിലും പരീക്ഷാകാര്യത്തിലും ശ്രദ്ധിക്കേണ്ടതുണ്ട്. എന്നാൽ, ആ ശ്രദ്ധയുടെ അളവ് അമിതമായാലും കുറഞ്ഞാലും തെറ്റായ രീതിയിലായാലും അത് അവരെ ദോഷകരമായി ബാധിച്ചേക്കാം. പരീക്ഷാക്കാലത്ത് മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട സുപ്രധാനമായ 10 കാര്യങ്ങൾ ഈ ലേഖനത്തിൽ സൂചിപ്പിക്കുന്നു. ഇവ പ്രാവർത്തികമാക്കിയാൽ കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുകയും അവർ മികച്ച നിലവാരത്തിൽ പഠിക്കുകയും ആത്മവിശ്വാസത്തോടെ പരീക്ഷയെ നേരിടുകയും ചെയ്യും!

## 1. അമിത സമ്മർദം നൽകരുത്

പരീക്ഷാക്കാലത്ത് പല കാര്യങ്ങളുമായി ബന്ധപ്പെട്ട് മാതാപിതാക്കൾ കുട്ടികൾക്ക് അമിത സമ്മർദം നല്കാറുണ്ട്. മാർക്ക്, പഠനസമയം, പഠിക്കേണ്ട രീതി (ഉറക്കെ വായിച്ച്/എഴുതിപ്പഠിച്ച്), സ്ഥലം (എവിടെയിരുന്ന്/ ആരുടെ കൂടെ) തുടങ്ങി സമ്മർദം നൽകുന്ന കാര്യങ്ങൾ പലതാകാം. കുട്ടികളുടെ അഭിപ്രായം കൂടി മനസ്സിലാക്കിയ ശേഷം ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കുക. അവരുടെ താല്പര്യങ്ങൾ അവഗണിച്ച് തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുമ്പോഴാണ് അവർ സമ്മർദത്തിലകപ്പെടുന്നത്.

## 2. മാതാപിതാക്കൾ വികാരപ്രകടനങ്ങൾ നിയന്ത്രിക്കണം

പരീക്ഷാക്കാലത്ത് കുട്ടികളിൽ നെഗറ്റീവ് ഫലമുണ്ടാക്കുന്ന വികാരപ്രകടനങ്ങൾ മാതാപിതാക്കൾ നിയന്ത്രിച്ചേ മതിയാവൂ. എല്ലാ ദിവസവും പലതവണ കുട്ടികളോട് അരിശം പ്രകടിപ്പിക്കുന്ന രീതി ചില മാതാപിതാക്കളിലുണ്ട്. മാതാപിതാക്കൾ ദേഷ്യപ്പെടുമ്പോൾ സ്വാഭാവികമായും മക്കളും അതേ രീതിയിൽ പ്രതികരിക്കും. ഇത് അവരുടെ പഠനത്തിലുള്ള ഏകാഗ്രത നഷ്ടപ്പെടുത്തും. ഇതുപോലെതന്നെ ദോഷകരമായ ഒന്നാണ് മാതാപിതാക്കളുടെ അമിതമായ ഉത്കണ്ഠ. ചുരുക്കത്തിൽ, മാതാപിതാക്കളുടെ പെരുമാറ്റവും വികാരപ്രകടനങ്ങളും സമാധാനപരമായ അന്തരീക്ഷം ഉറപ്പാക്കുന്നതാകണം.

## 3. മികച്ച പഠനസാഹചര്യം ഒരുക്കി നൽകുക

പരീക്ഷ എഴുതാൻ പോകുന്ന പല കുട്ടികൾക്കും വീട്ടിൽ അനുയോജ്യമായ പഠനസാഹചര്യം ലഭിക്കുന്നില്ല എന്നതാണ് വസ്തുത. മികച്ച ഒരു പഠനസാഹചര്യം ഉണ്ടാകണമെങ്കിൽ താഴെപ്പറയുന്ന കാര്യങ്ങൾ അത്യാവശ്യമാണ്:

- സ്വസ്ഥമായി ഇരുന്ന് പഠിക്കാൻ കഴിയുന്ന ഒരിടം.
- കുടുംബാംഗങ്ങളുടെ പൂർണ്ണ പിന്തുണ.
- പോഷകഗുണമുള്ള ആഹാരം.
- ശാരീരികവും മാനസികവുമായ സ്വസ്ഥത.

മേൽ സൂചിപ്പിച്ച നാല് ഘടകങ്ങളും കുട്ടിക്ക് ലഭിക്കുന്നുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തണം.

## 4. കുട്ടികൾക്ക് ചെയ്തുകൊടുക്കുന്ന കാര്യങ്ങൾക്ക് കണക്ക് പറയരുത്

പല സന്ദർഭങ്ങളിലും, പ്രത്യേകിച്ച് പരീക്ഷാക്കാലത്ത്, ചില മാതാപിതാക്കൾ മക്കൾക്കായി ചെയ്യുന്ന കാര്യങ്ങൾ എണ്ണിപ്പറയാറുണ്ട്. ഇത്തരം കണക്കുപറച്ചിലുകൾ കുട്ടികളിൽ അനാവശ്യമായ കുറ്റബോധവും അലോസരവും ഉണ്ടാക്കും. പഠനത്തിനായി ചെലവഴിക്കുന്ന പണം, സമയം, ഒരുക്കി നൽകുന്ന സൗകര്യങ്ങൾ എന്നിവയൊന്നും കുട്ടികൾക്ക് മുന്നിൽ ഒരു ബാധ്യതയായി അവതരിപ്പിക്കരുത്.

## 5. കൂടെയുണ്ടെന്ന വിശ്വാസം നൽകുക

പരീക്ഷാക്കാലത്ത് കുട്ടികൾക്ക് ഏറ്റവും ആവശ്യമുള്ളത് മാതാപിതാക്കളുടെ പിന്തുണയാണ്. പരീക്ഷയിൽ എത്ര മാർക്ക് ലഭിച്ചാലും തങ്ങൾ കൂടെയുണ്ടാകുമെന്ന ഉറപ്പ് അവർക്ക് നൽകണം. ഈ വിശ്വാസം കുട്ടികളുടെ മനസ്സിലെ ഭയവും സമ്മർദവും കുറക്കാൻ സഹായിക്കും. സുരക്ഷിതബോധം ലഭിക്കുന്നതോടെ അവർക്ക് കൂടുതൽ ആത്മവിശ്വാസത്തോടെയും ഏകാഗ്രതയോടെയും പഠിക്കാൻ സാധിക്കും.







## 6. താരതമ്യം ഒഴിവാക്കുക

പഠനകാര്യത്തിലായാലും അല്ലാതെയായാലും കുട്ടികളെ ഏറ്റവും കൂടുതൽ മടുപ്പിക്കുന്നത് മറ്റുള്ളവരുമായുള്ള താരതമ്യപ്പെടുത്തലാണ്. മാതാപിതാക്കളുടെ കുട്ടിക്കാലം, സഹോദരങ്ങൾ, ബന്ധുക്കൾ, അയൽപക്കത്തെ കുട്ടികൾ അല്ലെങ്കിൽ സുഹൃത്തുക്കൾ എന്നിവരുമായി മക്കളെ താരതമ്യം ചെയ്യുന്നത് ഒഴിവാക്കണം. ഇത്തരം താരതമ്യങ്ങൾ കുട്ടികളുടെ ആത്മവിശ്വാസം തകർക്കുമെന്നും അവരെ മാനസികമായി തളർത്തുമെന്നും പഠനങ്ങൾ തെളിയിക്കുന്നു. ഇത് കുട്ടികളിൽ വിദ്വേഷവും പഠനത്തോടുള്ള താല്പര്യക്കുറവും ഉണ്ടാക്കുന്ന അനാരോഗ്യകരമായ പ്രവണതയാണ്.

## 7. ആവശ്യമായ വിശ്രമസമയം ഉറപ്പുവരുത്തുക

പരീക്ഷാക്കാലത്ത് കുട്ടികളുടെ പഠനത്തെക്കുറിച്ച് മാത്രം ഉത്കണ്ഠപ്പെടുന്നവരാണ് പല മാതാപിതാക്കളും. എന്നാൽ, പഠനത്തോടൊപ്പം കൃത്യമായ വിശ്രമം തലച്ചോറിന്റെ പ്രവർത്തനത്തിന് അത്യാവശ്യമാണ്. താഴെപ്പറയുന്ന കാര്യങ്ങൾ കുട്ടിക്ക് ലഭിക്കുന്നുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തണം:

- ഏഴ് മണിക്കൂർ ഉറക്കം
- രണ്ടു മണിക്കൂർ തുടർച്ചയായ പഠനം കഴിഞ്ഞ് പത്തു മിനിറ്റ് വിശ്രമം
- അരമണിക്കൂർ വ്യായാമം ചെയ്യുവാനുള്ള അവസരം
- സുഹൃത്തുക്കളോട് സംസാരിക്കുവാൻ അരമണിക്കൂർ സമയം
- ഭക്ഷണം കഴിക്കുവാൻ ഒരു ദിവസം രണ്ടു മണിക്കൂർ സമയം
- കുളിക്കുവാൻ അരമണിക്കൂർ സമയം
- പ്രാർഥിക്കുവാൻ പതിനഞ്ചു മിനിറ്റ് സമയം.

ഇത്തരം വിശ്രമവേളകൾ കുട്ടികളുടെ തലച്ചോറിനെ ഉന്മേഷമുള്ളതാക്കുകയും കൂടുതൽ കാര്യക്ഷമമായി പഠിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യും. കുട്ടികളുമായി ആലോചിച്ച് ഇവ ഉൾപ്പെടുത്തി ഒരു ടൈം ടേബിൾ തയ്യാറാക്കുന്നത് നന്നായിരിക്കും.

## 8. പ്രോത്സാഹിപ്പിക്കുക

മാതാപിതാക്കൾക്ക് മക്കളിലുള്ള വിശ്വാസം അവർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കണം. ''നീ മിടുക്കനാണ്/മിടുക്കിയാണ്, നന്നായി പഠിക്കുന്നുണ്ട്, നിനക്ക് നല്ല മാർക്ക് കിട്ടുമെന്നെനിക്ക് ഉറപ്പാണ്'' തുടങ്ങിയ വാക്കുകൾ കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിക്കും. അവർ കൃത്യമായി പഠിക്കുമ്പോൾ, പരിഹസിക്കുന്നതിന് പകരം, അവരുടെ പരിശ്രമത്തെ അഭിനന്ദിക്കുന്നത് അവർക്ക് വലിയ സന്തോഷം നൽകും.

## 9. വീട്ടിലെ കലഹങ്ങൾ ഒഴിവാക്കുക

കുട്ടികളുടെ പരീക്ഷാക്കാലം ആണെങ്കിലും അല്ലെങ്കിലും വീട് സമാധാനപൂർണ്ണമായ ഒരിടമായിരിക്കണം. മുതിർന്നവരുടെ ഇടയിലുള്ള തർക്കങ്ങളും ബഹളങ്ങളും



കുട്ടികളെ മാനസികമായി തളർത്തും. വീട്ടിലെ അന്തരീക്ഷം മോശമാകുമ്പോഴാണ് കുട്ടികൾ അവിടെനിന്ന് ഓടിപ്പോകാൻ ആഗ്രഹിക്കുന്നത്. പരീക്ഷാക്കാലം കുട്ടികൾക്ക് വളരെ നിർണ്ണായകമായതിനാൽ, മാതാപിതാക്കളും മറ്റ് കുടുംബാംഗങ്ങളും വിവേകത്തോടെ പെരുമാറുകയും വീട്ടിൽ ശാന്തമായ അന്തരീക്ഷം ഉറപ്പുവരുത്തുകയും വേണം.

### 10. സ്നേഹം പ്രകടിപ്പിക്കുക

പല മാതാപിതാക്കളും മക്കളെ സ്നേഹിക്കുന്നുണ്ടെങ്കിലും അത് പ്രകടിപ്പിക്കാറില്ല. മാതാപിതാക്കളുടെ ചേർത്തുപിടിക്കലും സ്നേഹപ്രകടനങ്ങളും കുട്ടികൾ ആഗ്രഹിക്കുന്നുണ്ട്. സ്നേഹം മറച്ചുവെക്കേണ്ടതല്ല, മറിച്ച് അത് പ്രകടിപ്പിക്കേണ്ടതാണ്. പരീക്ഷയുടെ സമ്മർദത്തിനിടയിൽ മക്കൾക്ക് ഏറ്റവും വലിയ ആശ്വാസം മാതാപിതാക്കളുടെ സ്നേഹപൂർണ്ണമായ പെരുമാറ്റമാണ്. സ്നേഹവും കരുതലും വീട്ടിൽ നിന്ന് ലഭിക്കാതെ വരുമ്പോഴാണ് കുട്ടികൾ അത് പുറംലോകത്ത് തേടിപ്പോകുന്നത്.

മേൽ സൂചിപ്പിച്ച പത്ത് കാര്യങ്ങൾ പ്രാവർത്തികമാക്കിയാൽ അവയുടെ തുടർച്ചയായി മറ്റ് നല്ല മാറ്റങ്ങൾ താനേ സംഭവിച്ചുകൊള്ളും. മക്കളുടെ ശാരീരികവും മാനസികവുമായ അവസ്ഥകളെയും ആരോഗ്യത്തെയും കുറിച്ചാണ് മാതാപിതാക്കൾ ഈ പരീക്ഷാക്കാലത്ത് പ്രധാനമായും മനസ്സിലാക്കേണ്ടത്. ഇത്തരം തിരിച്ചറിവോടുകൂടി പ്രവർത്തിച്ചാൽ നിങ്ങളുടെ മക്കൾ ഉന്നത വിജയം നേടുമെന്നതിൽ സംശയമില്ല. •









കലാവേദി

# മാറുന്ന വേദികൾ, മാറുന്ന കലകൾ

സോജൻ സെബാസ്റ്റ്യൻ

**കേ**രള സംസ്ഥാന കലോത്സവം എന്നത് ഒരു കാലത്ത് മത്സരങ്ങളുടെ മാത്രം ഉത്സവമായിരുന്നു. ഇന്നത് ഒരു സാംസ്കാരിക പ്രസ്താവനയാണ് – കാലത്തിന്റെ മാറ്റങ്ങൾ കലയുടെ വേദിയിലേക്ക് എത്തുന്ന ഒരു വലിയ ദൃശ്യാവതരണം. 2026 ജനുവരി 14 മുതൽ 18 വരെ തൃശൂരിന്റെ മണ്ണിൽ അരങ്ങേറിയ 64–ാമത് കേരള സംസ്ഥാന സ്കൂൾ കലോത്സവം ഇതിന് ഏറ്റവും വലിയ ഉദാഹരണമായി മാറി.

## കലോത്സവം 2026: ഒരു കാഴ്ച

നീണ്ട എട്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് കലകളുടെ പൂരമായ സംസ്ഥാന കലോത്സവം സാംസ്കാരിക തലസ്ഥാനമായ തൃശൂരിലേക്ക് എത്തിയത്. തേക്കിൻകാട് മൈതാനിയിലെ പ്രധാന വേദിയായ 'സൂര്യകാന്തി'യിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്തു.

1957-ൽ വെറും 200 കുട്ടികളുമായി തുടങ്ങിയ ഈ മേള ഇന്ന് 14,000-ത്തിലധികം പ്രതിഭകൾ മാറ്റുരയ്ക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ കൗമാര കലോത്സവമായി മാറിയിരിക്കുന്നു.

## വേദികളിലെ മാറ്റങ്ങൾ

തൃശൂർ നഗരത്തിലുടനീളമുള്ള 25 വേദികളിലായി 239 മത്സര ഇനങ്ങളാണ് അരങ്ങേറിയത്. നദികളുടെ പേരിൽ അറിയപ്പെട്ടിരുന്ന മുൻകാല രീതിയിൽ നിന്ന് മാറി, ഈ വർഷം പൂക്കളുടെ പേരുകളിലാണ് വേദികൾ അറിയപ്പെട്ടത്. പരമ്പരാഗത രീതികൾക്ക് പകരം ആധുനിക ലൈറ്റിംഗ്, സൗണ്ട് ഡിസൈൻ, ഡിജിറ്റൽ ബാക്ക്ഡ്രോപ്പുകൾ എന്നിവ കലാപ്രകടനങ്ങളെ കൂടുതൽ ആസ്വാദ്യകരമാക്കി. പല മത്സരങ്ങളിലും വേദി തന്നെ കഥയുടെ ഭാഗമായി അനുഭവപ്പെട്ടു.

## കലകളുടെ അവതരണ ശൈലി

ക്ലാസിക്കൽ കലാരൂപങ്ങൾ പോലും ആധുനിക അവതരണ ശൈലി സ്വീകരിക്കുന്നു എന്നതാണ് ഈ വർഷത്തെ മറ്റൊരു സവിശേഷത. കഥകളിയിലെ കൃത്യമായ ലൈറ്റിംഗ് പ്രയോഗങ്ങളും, മോഹിനിയാട്ടത്തിലെ തീമാറ്റിക് സമീപനവും നാടോടിക്കലകളിലെ നാടകീയതയും കലകളെ കാലത്തോടു ചേർത്ത് വായിക്കാനുള്ള ശ്രമങ്ങളായി തോന്നി. കഴിഞ്ഞ വർഷം മുതൽ ഉൾപ്പെടുത്തിയ ഗോത്ര കലാരൂപങ്ങൾ (മംഗലംകളി, പണിയ നൃത്തം തുടങ്ങിയവ) നമ്മുടെ സാംസ്കാരിക വൈവിധ്യത്തെ വിളിച്ചോതുന്നതായിരുന്നു.

## തീം അധിഷ്ഠിത പ്രകടനങ്ങൾ

കല വെറും 'പ്രകടനം' മാത്രമല്ല, അതൊരു പ്രസ്താവന കൂടിയാണെന്ന തിരിച്ചറിവ് ഇത്തവണ കൂടുതൽ ശക്തമായി. പരിസ്ഥിതി സംരക്ഷണം, സ്ത്രീശക്തി, മാനസികാരോഗ്യം, സാമൂഹിക നീതി തുടങ്ങിയ വിഷയങ്ങൾ നാടകം, മിമിക്രി, മോണോ ആക്ട് എന്നിവയിൽ വ്യക്തമായി പ്രതിഫലിച്ചു. മത്സരവേദി എന്നതിലുപരി, ഒരു സാമൂഹിക സംവാദവേദിയാക്കി കലോത്സവത്തെ മാറ്റാൻ ഈ മാറ്റത്തിന് കഴിഞ്ഞു.

## സാങ്കേതികവിദ്യയും സുതാര്യതയും

രജിസ്ട്രേഷൻ മുതൽ ഫലപ്രഖ്യാപനം വരെ, സാങ്കേതികവിദ്യയുടെ ഇടപെടൽ ഈ വർഷം ഏറെ ശ്രദ്ധേയമായി. 'ഉത്സവം' മൊബൈൽ ആപ്പിലൂടെയുള്ള ലൈവ് അപ്ഡേറ്റുകൾ, ഡിജിറ്റൽ സ്കോറിംഗ് എന്നിവ മേളയെ കൂടുതൽ സുതാര്യമാക്കി. സോഷ്യൽ മീഡിയ വഴിയുള്ള പ്രചാരണം കലോത്സവത്തെ ഒരു ലൈവ് കൾച്ചറൽ ഇവന്റായി മാറ്റി.



## വിദ്യാർഥികളുടെ ആത്മവിശ്വാസം

ഇന്നത്തെ കലോത്സവ വേദികളിൽ നില്ക്കുന്ന വിദ്യാർഥികൾ വെറും പ്രകടനക്കാരല്ല, അവർ സംസ്കാരത്തിന്റെ വക്താക്കളാണ്. ആധുനിക കലോത്സവങ്ങൾ പാരമ്പര്യത്തെ ഉപേക്ഷിക്കുന്നില്ല; മറിച്ച്, അതിനെ പുതു ഭാഷയിൽ സംസാരിപ്പിക്കുകയാണ് ചെയ്യുന്നത്. അവതരണത്തിലെ ആത്മവിശ്വാസവും കലയുടെ അർഥം മനസിലാക്കി അവതരിപ്പിക്കുന്ന സമീപനവും ഈ വർഷം കൂടുതൽ തെളിഞ്ഞുനിന്നു.

ജയപരാജയങ്ങൾക്കപ്പുറം, ''എനിക്ക് പറയാനുള്ളത് ഇതാണ്'' എന്ന് വിളിച്ചു പറയാൻ ധൈര്യമുള്ള ഒരു തലമുറയെ ഈ വർഷത്തെ കലോത്സവം അടയാളപ്പെടുത്തി.

## ഉപസംഹാരം

കേരള സംസ്ഥാന കലോത്സവം ഇനി ഒരു വാർഷിക മത്സരം മാത്രമല്ല; അത് മാറുന്ന സമൂഹത്തിന്റെയും കലകളുടെയും പുതിയ തലമുറയുടെയും കാലഘട്ടത്തിന്റെ രേഖയാണ്. കല മാറുന്നു പക്ഷേ, അതിന്റെ ആത്മാവ് നഷ്ടപ്പെടുന്നില്ല എന്ന സന്ദേശമാണ് ഈ വർഷത്തെ കലോത്സവം നൽകുന്നത്. പഴയതിനെ ചേർത്തുപിടിച്ചുകൊണ്ട് പുതിയതിലേക്ക് നടന്നുപോകുന്ന ഒരു തലമുറയുടെ കഥയാണിത്.

കല നിൽക്കുന്നില്ല; അത് നമ്മോടൊപ്പം വളരുകയാണ്. •



പ്രബോധനം

# നാവിനും വേണം ഒരു നോമ്പ്!

ആന്റണി സെബാസ്റ്റ്യൻ

**പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പയുടെ നോമ്പുകാല സന്ദേശം**

**വി**ശ്വാസത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനും ദൈവത്തെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാക്കി മാറ്റാനും സഭ നമ്മെ ക്ഷണിക്കുന്ന പുണ്യകാലമാണല്ലോ നോമ്പ്. ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ, ലിയോ പതിനാലാമൻ മാർപാപ്പ നമ്മെ വിളിക്കുന്നത് തികച്ചും വ്യത്യസ്തമായ ഒരു ഉപവാസത്തിനാണ്. ഭക്ഷണമുപേക്ഷിക്കുന്നതിനേക്കാൾ ഉപരിയായി, നമ്മുടെ നാവുകളെ നിയന്ത്രിക്കാനും വാക്കുകൾകൊണ്ട് സ്നേഹം വിതറാനും അദ്ദേഹം നമ്മോട് ആവശ്യപ്പെടുന്നു. നമ്മുടെ കുടുംബങ്ങളിൽ ഈ സന്ദേശം എങ്ങനെ പ്രാവർത്തികമാക്കാം എന്ന് നമുക്ക് നോക്കാം.

## ശ്രദ്ധയോടെ കേൾക്കാം (Listening)

ബന്ധങ്ങൾ തുടങ്ങുന്നത് കേൾക്കുന്നതിലൂടെയാണ്. ദൈവം തന്റെ ജനത്തിന്റെ ദുരിതം കാണുകയും അവരുടെ നിലവിളി ശ്രദ്ധിക്കുകയും ചെയ്തതുപോലെ (പുറപ്പാട് 3:7), നാം പരസ്പരം ശ്രദ്ധിക്കാൻ പഠിക്കണം. വീട്ടിലെ തിരക്കുകൾക്കിടയിൽ മക്കൾക്ക് പറയാനുള്ളതും പങ്കാളിയുടെ സങ്കടങ്ങളും കേൾക്കാൻ നാം സമയം കണ്ടെത്തുന്നുണ്ടോ? മറ്റൊരാളെ ശ്രദ്ധിക്കുന്നത് അവരോടുള്ള സ്നേഹത്തിന്റെ ഏറ്റവും വലിയ അടയാളമാണ്. വിശുദ്ധ ഗ്രന്ഥത്തിലൂടെ ദൈവം സംസാരിക്കുന്നത് നാം ശ്രദ്ധയോടെ കേൾക്കുമ്പോൾ, സഹോദരന്റെ വേദന കേൾക്കാനുള്ള മനസ്സും നമുക്ക് ലഭിക്കുന്നു.



## നാവിനെ നിരായുധമാക്കാം

മാർപാപ്പ ഈ നോമ്പുകാലത്ത് നമുക്ക് നൽകുന്ന ഏറ്റവും വലിയ വെല്ലുവിളി 'വാക്കുകൾ കൊണ്ടുള്ള അക്രമം ഉപേക്ഷിക്കുക' എന്നതാണ്. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

''വളരെ പ്രായോഗികവും, എന്നാൽ പലപ്പോഴും നാം വിലമതിക്കാത്തതുമായ ഒരു ഉപവാസമുണ്ട്: അയൽക്കാരനെ വേദനിപ്പിക്കുന്ന വാക്കുകളിൽ നിന്നും വിട്ടുനിൽക്കുക.''

ദേഷ്യം വരുമ്പോൾ നാം പറയുന്ന പരുഷമായ വാക്കുകൾ നമ്മുടെ പ്രിയപ്പെട്ടവരുടെ ഉള്ളിൽ ആഴത്തിലുള്ള മുറിവുകൾ ഉണ്ടാക്കാറുണ്ട്. അത്തരം വാക്കുകളെയും മറ്റുള്ളവരെ വിധിക്കുന്ന സ്വഭാവത്തെയും ഈ നോമ്പുകാലത്ത്

നമുക്ക് ഉപേക്ഷിക്കാം. കുടുംബങ്ങളിലും ജോലിസ്ഥലത്തും സോഷ്യൽ മീഡിയയിലും ദയയോടെയും ബഹുമാനത്തോടെയും സംസാരിക്കാൻ നമുക്ക് ശീലിക്കാം. വിദ്വേഷത്തിന്റെ വാക്കുകൾക്ക് പകരം പ്രത്യാശയുടെയും സമാധാനത്തിന്റെയും വാക്കുകൾ അവിടെ നിറയട്ടെ.

## പ്രവൃത്തികളിലെ ലാളിത്യം

ഉപവാസം നമ്മുടെ ആഗ്രഹങ്ങളെ ശുദ്ധീകരിക്കാൻ സഹായിക്കുന്നു. ഭക്ഷണത്തിൽ നിയന്ത്രണം വരുത്തുന്നത് വഴി നാം യഥാർഥത്തിൽ വിശക്കുന്നത് എന്തിനോടാണെന്ന് തിരിച്ചറിയാൻ സാധിക്കും. ഉപവാസത്തിലൂടെയും മറ്റ് വിട്ടുനില്ക്കലുകളിലൂടെയും നമ്മുടെ ജീവിതശൈലി കൂടുതൽ ലളിതമാക്കാൻ നാം പരിശ്രമിക്കണം. അനാവശ്യമായ ആഗ്രഹങ്ങളെ നിയന്ത്രിക്കുമ്പോൾ ദൈവത്തിലേക്കും സഹോദരങ്ങളിലേക്കും വളരാൻ നമുക്ക് കൂടുതൽ ഇടം ലഭിക്കുന്നു.

## സമൂഹമായുള്ള യാത്ര

നോമ്പ് എന്നത് ഒറ്റയ്ക്കുള്ള യാത്രയല്ല, മറിച്ച് കുടുംബമായും സമൂഹമായും ചേർന്നുള്ള യാത്രയാണ്. നമ്മുടെ വീടുകൾ മറ്റുള്ളവരുടെ വേദനകൾ കേൾക്കുന്ന ഇടങ്ങളായി മാറണം. ദരിദ്രരുടെയും വേദനിക്കുന്നവരുടെയും നിലവിളി കേൾക്കാനും അവർക്ക് വിമോചനത്തിന്റെ പാതകൾ തുറന്നു നൽകാനും നോമ്പുകാലം നമ്മെ സഹായിക്കട്ടെ. സ്നേഹത്തിന്റെ ഒരു സംസ്കാരം കെട്ടിപ്പടുക്കാൻ ഓരോ കുടുംബത്തിനും വലിയ പങ്കുവഹിക്കാനുണ്ട്.

ഈ നോമ്പുകാലത്ത് നമുക്ക് ഇങ്ങനെ തീരുമാനിക്കാം:

• **വാക്കുകളിൽ മിതത്വം:** ഒരാളെപോലും വാക്കുകൾ കൊണ്ട് വേദനിപ്പിക്കില്ല എന്ന് നമുക്ക് ഓരോ ദിവസവും പ്രതിജ്ഞയെടുക്കാം.

• **കേൾക്കാൻ സമയം:** സ്വർണ്ണത്തേക്കാൾ വിലയുള്ള ഒന്നാണ് 'ശ്രദ്ധ'. വീട്ടിലുള്ളവർക്ക് പറയാനുള്ളത് ക്ഷമയോടെ കേൾക്കാൻ സമയം കണ്ടെത്താം.

• **ദയയുള്ള സംസാരം:** കുറ്റപ്പെടുത്തലുകൾക്ക് പകരം, പ്രോത്സാഹനത്തിന്റെ വാക്കുകൾ കുടുംബങ്ങളിൽ ഉപയോഗിക്കാം.

ഈ പുണ്യകാലം നമ്മുടെ ഹൃദയങ്ങളെ സ്നേഹം കൊണ്ട് നിറയ്ക്കട്ടെ. മാർപാപ്പയുടെ സന്ദേശത്തിൽ പറയുന്നതുപോലെ, വേദനിപ്പിക്കുന്ന വാക്കുകൾ കുറയുന്നതിനും സ്നേഹത്തിന്റെ ഒരു പുത്തൻ ലോകം നമ്മുടെ വീടുകളിൽ നിന്ന് ആരംഭിക്കുന്നതിനും ഈ നോമ്പുകാലം കാരണമാകട്ടെ. •


ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



മറിയാമ്മ ആന്റണി നെല്ലിത്താനത്ത് തൃക്കൊടിത്താനം

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



അന്നമ്മ കിഴക്കേമുറി മണിമല

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ഒരു വിശ്വാസി

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ഒരു വിശ്വാസി



Form IV - Statement of Ownership

| | | |
|---|---|---|
| 1. Title of the Periodical | : | KUDUMBA JYOTHI |
| 2. Registration Number | : | KERMAL/2013/52275 |
| 3. Place of Publication | : | FAMILY APOSTOLATE, PASTORAL CENTRE, OPP. ARCHBISHOP'S HOUSE, CHANGANACHERRY P.O, KOTTAYAM, KERALA - 686101 |
| 4. Periodicity of publication | : | MONTHLY |
| 5. Publisher | : | FR. JOSE THEKKEPURATHU S.B COLLEGE, CHANGANACHERRY P.O, KOTTAYAM, KERALA - 686101 |
| Nationality | : | Indian |
| 6. Printer | : | JUSTIN KAYAMKULATHUSSERRY ARAMANAPADY, CHANGANACHERRY, KOTTAYAM, KERALA - 686101 |
| Nationality | : | Indian |
| 7. Editor | : | FR. JOSE GEORGE THEKKEPURATHU S.B COLLEGE, P.O-CHANGANACHERRY, KOTTAYAM, KERALA - 686101 |
| Nationality | : | Indian |
| 8. Owner | : | FAMILY APOSTOLATE PASTORAL CENTRE, OPP. ARCHBISHOP'S HOUSE, CHANGANACHERRY P.O, KOTTAYAM, KERALA - 686101 |

The magazine being the official organ of the Family Apostolate, I, Fr. Jose Thekkepurathu, hereby declare that the particulars given above are true to the best of my knowledge and belief.

2 March 2026 Sd/- Publisher



47

പുതിയനിയമത്തിലെ
കുടുംബദർശനം



റവ. ഡോ. തോമസ് വള്ളിയാനിപ്പുറം



# ഉത്തമകുടുംബിനിയുടെ ലക്ഷണങ്ങൾ

നസ്രത്തിലെ തിരുകുടുംബമാണ് എല്ലാ കുടുംബങ്ങൾക്കും മാതൃക. തിരുകുടുംബത്തിലെ അപ്പനായ യൗസേപ്പിന്റെ ജീവിതമാതൃകയാണ് മത്തായിയുടെ സുവിശേഷം (1–2 അധ്യായങ്ങൾ) ഉയർത്തിക്കാട്ടുന്നതെങ്കിൽ, അമ്മയായ മറിയത്തിന്റെ മാതൃകയാണ് ലൂക്കാ തന്റെ സുവിശേഷത്തിൽ കോറിയിടുന്നത്. ഉത്തമകുടുംബിനിയുടെ ലക്ഷണങ്ങൾ മറിയത്തിന്റെ പ്രതികരണങ്ങളിൽ നിന്നും ജീവിതശൈലിയിൽ നിന്നും നമുക്ക് സ്വരൂപിച്ചെടുക്കാം. ലൂക്കായുടെ സുവിശേഷം ഒന്നാം അധ്യായം 26 മുതൽ 56 വരെയുള്ള വാക്യങ്ങളാണ് നാം പഠനവിഷയമാക്കുന്നത്.

## മംഗലവാർത്തയിലെ ഉത്തമ മാതാവ് (ലൂക്കാ 1:26 – 38)

''ആറാം മാസം ഗബ്രിയേൽ ദൂതൻ ഗലീലിയിൽ നസ്രത്ത് എന്ന പട്ടണത്തിൽ, ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നു പേരായ പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ടു'' (ലൂക്കാ 1:26). യഹൂദാചാരപ്രകാരമുള്ള വിവാഹത്തിൽ പ്രധാനമായും രണ്ടുഘട്ടങ്ങളുണ്ട്: (1) *എരൂസിൻ* അഥവാ വിവാഹവാഗ്ദാനം, (2) *നിസ്സൂയിൻ* അഥവാ യഥാർഥ വിവാഹം. വിവാഹവാഗ്ദാനം നടത്തിയ കന്യക ഭർത്തൃഗൃഹത്തിലേക്ക് പോകുന്നില്ല; യഥാർഥ വിവാഹം നടക്കുന്നതുവരെ തന്റെ വീട്ടിൽത്തന്നെ താമസിക്കുന്നു. നിയുക്ത ഭർത്താവുമായുള്ള ലൈംഗികബന്ധം ഈ കാലഘട്ടത്തിൽ നിഷിദ്ധമാണ്. ഏതാണ്ട് ഒരു വർഷത്തോളം നീളുന്ന കാലഘട്ടമാണിത്. ഈ കാലഘട്ടത്തിൽ, കന്യകയെ നിയുക്ത ഭർത്താവിന്റെ ഭാര്യയായിട്ടാണ് നിയമപരമായി കണക്കാക്കിയിരുന്നത്. യഥാർഥ വിവാഹം നടന്നുകഴിയുമ്പോൾ മാത്രമാണ് വരൻ വധുവിനെ ഭർത്തൃഗൃഹത്തിലേക്ക് കൊണ്ടുപോകുന്നത്.

നസ്രത്തിലെ കന്യകയായ മറിയം, ദാവീദിന്റെ വംശത്തിൽപ്പെട്ട യൗസേപ്പുമായി വിവാഹവാഗ്ദാനം നടത്തിയിരുന്നു. അവർ ഒന്നിച്ചുവസിച്ചിരുന്നില്ല. ഈ ഘട്ടത്തിലാണ്, ഗബ്രിയേൽ ദൂതൻ മംഗലവാർത്തയുമായി അവളുടെ സമീപത്തെത്തുന്നത്. ഈ കന്യകയുടെ

പേര് മറിയം എന്നാണെന്ന് സുവിശേഷകൻ എടുത്തുപറയുന്നു. 'മറിയം' എന്ന ഹീബ്രു നാമത്തിന്റെ അർഥം 'ഉയർത്തപ്പെട്ടവൾ', 'പുകഴ്ത്തപ്പെട്ടവൾ' എന്നൊക്കെയാണ്.

മൂന്നു പ്രത്യേക കാരണങ്ങളാണ് മംഗല വാർത്തയിൽ ഉൾപ്പെട്ടിരിക്കുന്നത്:

1. നൂറ്റാണ്ടുകളായി ദൈവജനം പ്രതീക്ഷിച്ചിരുന്ന ദാവീദുവംശജനായ മിശിഹാ മറിയത്തിൽ നിന്നു ജനിക്കുവാൻ പോകുന്നു. ഈ മിശിഹാരാജാവ് ലോകത്തിൽ നിത്യമായി തന്റെ ഭരണം സ്ഥാപിക്കും.

2. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലാണ് കന്യകയുടെ ഉദരത്തിൽ ശിശു ജനിക്കുന്നത്. അതിനാൽ, ഈ ശിശു പരിശുദ്ധനായ ദൈവപുത്രനായിരിക്കും.

3. ഏശയ്യായുടെ പ്രവചനം (7:14) പൂർത്തിയാക്കിക്കൊണ്ട്, കന്യകയിൽ നിന്ന്, പുരുഷ സംസർഗം കൂടാതെയാണ് ഈ ശിശു ജനിക്കുന്നത്. കന്യകയായ മറിയം ദൈവ പുത്രന് ജന്മമേകും.

ദൂതൻ മറിയത്തെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: *''ഖയിറേ, കെഖാരിത്തോമെനേ, ഹോ കുരിയോസ് മെത്താ സു''* (1:28). *'ഖയിറേ'* എന്ന വാക്കിന്റെ അർഥം 'സന്തോഷിക്കുക' എന്നാണ്. 'സ്വസ്തി', 'വണക്കം' എന്നൊക്കെ അഭിവാദനമായും ഇത് വിവർത്തനം ചെയ്യാറുണ്ട്. *'കെഖാരിത്തോമെനേ'* എന്ന ഗ്രീക്കു പ്രയോഗത്തിന്റെ അർഥം 'കൃപനിറഞ്ഞവൾ', 'ദൈവത്തിന്റെ അനുഗ്രഹത്തിനു പാത്രമായവൾ' എന്നൊക്കെയാണ്. മിശിഹായുടെ അമ്മയാകാനുള്ള പ്രത്യേക കൃപ മറിയത്തിനു ലഭിച്ചു. ലത്തീൻ ഭാഷയിലെ വുൾഗാത്തായിൽ '*ഗ്രാസിയാ പ്ലേനാ*' എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. 'നന്മനിറഞ്ഞവൾ' എന്ന മലയാള വിവർത്തനത്തിന് വുൾഗാത്തയോട് കടപ്പാടുണ്ട്. മറിയത്തിൽ ദൈവവരപ്രസാദം ആദ്യം മുതലേ നിറഞ്ഞിരുന്നു എന്ന ദൈവശാസ്ത്ര വ്യാഖ്യാനത്തിനും ഇത് കാരണമായി. ഈ വിവർത്തനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കുമെല്ലാം അതതിന്റേതായ പ്രസക്തിയുണ്ട്. കാരണം, ദൈവമാതാവിനെ പുകഴ്ത്തുവാൻ മാനുഷിക ഭാഷാശൈലികളെല്ലാം അപര്യാപ്തമാണ്. മറിയത്തിൽ നിന്ന് ആധുനിക കുടുംബിനികൾ പഠിക്കേണ്ട പ്രധാന പാഠം ഇതാണ്: എപ്പോഴും ദൈവകൃപയിൽ പൂരിതരായി ജീവിക്കുക. ദൈവസ്നേഹം കൊണ്ടും ദൈവവരപ്രസാദം കൊണ്ടും നിറഞ്ഞ അമ്മക്ക് കുടുംബത്തെ മുഴുവൻ ദൈവികാനന്ദത്തിൽ നിറയ്ക്കാനാകും.

*'ഹോ കുരിയോസ് മെത്താ സൂ'*: കർത്താവ് നിന്നോടുകൂടെ. ഇതിനു സമാനമായ അഭിവാദനം റൂത്ത് 2:4, ന്യായാധിപന്മാർ 6:12 എന്നീ ഭാഗങ്ങളിൽ നമുക്ക് കാണാം. കർത്താവിനെ വഹിക്കുന്നവരും കൊടുക്കുന്നവരും കർത്താവിന്റെ സ്നേഹം പങ്കുവെക്കുന്നവരുമായി കുടുംബത്തെ നയിക്കുന്നവരാണ് ഉത്തമകുടുംബിനികൾ.

ദൂതൻ മറിയത്തിനു കൊടുക്കുന്ന സന്ദേശത്തിന്റെ ഒന്നാം ഭാഗത്ത്, അവൾ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കുമെന്നും അവൻ ദാവീദിന്റെ സിംഹാസനത്തിൽ നിത്യമായി വാഴുന്ന മിശിഹായായിരിക്കുമെന്നുമുള്ള സദ്വാർത്തയാണ് ഉൾക്കൊള്ളുന്നത്. ദാവീദുവംശത്തിൽ പിറക്കുന്ന മിശിഹായെ പ്രതീക്ഷിച്ച് യഹൂദജനത കഴിയുകയായിരുന്നു. ദാവീദുമായുള്ള ഉടമ്പടിയിൽ, ദാവീദിന്റെ സിംഹാസനത്തിൽ സ്ഥിരമായി വാഴുന്ന പിൻഗാമിയായ മിശിഹായെപ്പറ്റിയുള്ള സൂചനയുണ്ട് (2 സാമുവൽ 7:5-17, 1 ദിനവൃത്താന്തം 17:2-15). 'വലിയവൻ', 'അത്യുന്നതന്റെ പുത്രൻ', 'ദാവീദിന്റെ സിംഹാസനത്തിൽ നിത്യം വാഴുന്ന രാജാവ്' മുതലായ അഭിധാനങ്ങൾ ജനിക്കാനിരിക്കുന്ന ശിശുവിന് ദൂതൻ നൽകുന്നുണ്ട്. അവന്റെ പേര് 'യേശു' എന്നായിരിക്കും. '*യശുവാ*' എന്ന അറമായ പദത്തിൽ നിന്ന് ഉദ്ഭവിക്കുന്ന ഗ്രീക്കു നാമമാണിത്. രക്ഷകൻ എന്നർഥം.

''ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ'' എന്ന മറിയത്തിന്റെ പ്രതികരണത്തിന് ഉത്തരമായി, പരിശുദ്ധാത്മാവിന്റെ അതിശക്തമായ പ്രവർത്തനത്തെ ദൂതൻ അവൾക്കു ബോധ്യപ്പെടുത്തുകയാണ്. ''പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും'' (ലൂക്കാ 1:35). 'വരും' എന്നതിനെ കുറിക്കാൻ '*എപ്പെർക്കെസ്തായി*' എന്ന ക്രിയയും 'ആവസിക്കും' എന്നതിനെ കുറിക്കാൻ *'എപ്പിസ്ക്കിയാസ്സെയിൻ'* എന്ന ക്രിയയുമാണ് ലൂക്കാ ഉപയോഗിക്കുന്നത്. ആത്മാവിന്റെ അതിശക്തമായ കുത്തൊഴുക്കിനെ കുറിക്കുന്ന ഗ്രീക്കു ക്രിയകളാണിവ. വരണ്ട നിലത്തെ ഫലസമൃദ്ധമായ കൃഷിഭൂമിയാക്കി മാറ്റുന്ന തരത്തിലുള്ള ശക്തമായ ജീവജല പ്രവാഹത്തെ ധ്വനിപ്പിക്കുന്ന പദങ്ങളാണിവ.



കന്യകയുടെ ഉദരത്തെ പുരുഷ സംസർഗം കൂടാതെ ഫലസമൃദ്ധമാക്കാൻ പോരുന്ന ആത്മാവിന്റെ ഇടപെടലാണ് ലൂക്കാ ഉദ്ദേശിക്കുന്നത്. ഇങ്ങനെ ആത്മാവിന്റെ അപ്രതിരോധ്യമായ ആവാസത്താൽ ജനിക്കുന്നതുകൊണ്ട് ശിശു പരിശുദ്ധനായിരിക്കും. പുരുഷന്റെ ഇടപെടൽ കൂടാതെ ദൈവാത്മാവിന്റെ ശക്തിയാൽ ജനിക്കുന്നതിനാൽ അവൻ കന്യാജാതനായിരിക്കും. അവന് ജന്മംകൊടുക്കുന്ന അമ്മ കന്യകയുമായിരിക്കും; അവൻ ദൈവത്തിന്റെ പുത്രൻ എന്നു വിളിക്കപ്പെടുകയും ചെയ്യും. യേശു വലിയവനാണ്; ദാവീദുവംശത്തിൽ പിറക്കുന്ന മിശിഹായാണ്; നിത്യമായി ഭരണം നടത്തുന്ന രാജാധിരാജനാണ്; പരിശുദ്ധാത്മാവിനാൽ ജനിക്കുന്ന ദൈവപുത്രനാണ്; കന്യാജാതനാണ്; പരിശുദ്ധനാണ്. തന്റെ ഉദരത്തിൽ പിറക്കുന്ന ശിശുവിനെപ്പറ്റി ഇപ്രകാരം വൻകാര്യങ്ങൾ സ്വപ്നം കാണുന്നവളാണ് ഉത്തമയായ മാതാവ്. കുഞ്ഞ് അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവിനാൽ നിറയുന്നതിനുവേണ്ടി നിരന്തരമായ പ്രാർഥനയിലും വചനധ്യാനത്തിലും കൂദാശാസ്വീകരണത്തിലും താല്പര്യമെടുക്കുന്നതും നന്നായിരിക്കും.

ദൈവത്തിന് ഒന്നും അസാധ്യമല്ല (1:37) എന്ന സത്യം ഉറപ്പിക്കാൻ ദൂതൻ മറിയത്തിന് ഒരു അടയാളവും നൽകി: മറിയത്തിന്റെ ചാർച്ചക്കാരി വൃദ്ധയായ എലിസബത്ത് ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. അവൾക്ക് ആറാം മാസമാണ്.

## വിശ്വസിക്കുന്ന അമ്മ

വിശ്വാസത്തിന് വലിയ മാതൃകയാണ് മറിയം. *''ഈദ്ദു ഹേ ദൂലേ കുറിയു ഗെനോയ്തോ മോയി കാത്താ തോ റേമാ മൂ''* (ഇതാ കർത്താവിന്റെ ദാസി. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ). ബൈബിളിൽ വിശ്വാസത്തെ സാക്ഷ്യപ്പെടുത്തുന്ന ഏറ്റവും വലിയ പ്രസ്താവനയാണിത്. വരുംവരായ്കകൾ പരിഗണിക്കാതെ മറിയം ദൈവേഷ്ടത്തിന് തന്നെത്തന്നെ വിട്ടുകൊടുത്തു. ദൈവഹിതത്തിനുള്ള സമ്പൂർണ സമർപ്പണമാണ് വിശ്വാസം. ദൈവസന്നിധിയിൽ താൻ ദാസി മാത്രമാണെന്ന് ഏറ്റുപറഞ്ഞ് ദൈവഹിതത്തിന് അടിയറവു പറയുന്നതാണ് വിശ്വാസം. ദൈവത്തിന് എല്ലാം സാധ്യമാണെന്ന പ്രഖ്യാപനമാണ് ഈ സമർപ്പണത്തിനു പ്രേരണയേകുന്നത് (ഉൽപത്തി 18:14, ജോബ് 42:2, സഖറിയ 8:6). ഒരു ഉത്തമകുടുംബിനിയുടെ സകല പ്രവർത്തനങ്ങളും വിശ്വാസമാകുന്ന സ്രോതസ്സിൽ നിന്നാണ് ഉദ്ഭവിക്കുന്നത്. കർത്താവ് അരുൾചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ച മറിയത്തെപ്പോലെ ഭാഗ്യവതികളാണ് വിശ്വാസം മുറുകെപ്പിടിച്ചു ജീവിക്കുന്ന വീട്ടമ്മമാർ.

## സഹോദരസ്നേഹത്തിന്റെ മാതൃകയായ അമ്മ

പരിശുദ്ധ മറിയം സഹോദരസ്നേഹത്തിന്റെ ഉദാത്ത മാതൃകയാണ്. യഥാർഥ വിശ്വാസം സ്വാഭാവികമായി സ്നേഹത്തിന്റെ ഫലം പുറപ്പെടുവിക്കും. അവൾ ഗർഭിണിയായ

എലിസബത്തിനെ ശുശ്രൂഷിക്കുന്നതിന് യൂദയായിലെ മലമ്പ്രദേശത്തുള്ള 'അയിൻ കാരിം' എന്ന പട്ടണത്തിലേക്ക് പോകുന്നു. മറിയത്തിന്റെ ചാർച്ചക്കാരിയാണ് എലിസബത്ത് എന്ന് ലൂക്കാ രേഖപ്പെടുത്തുന്നുണ്ട് (ലൂക്കാ 1:36). *'സുഗ്ഗേനിസ്'* എന്ന ഗ്രീക്കുപദമാണ് ചാർച്ചക്കാരി എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ഈ ചാർച്ച അഥവാ ബന്ധുത്വം ഏതുതരത്തിലുള്ളതാണെന്നു ലൂക്കാ രേഖപ്പെടുത്തുന്നില്ല. അത് നമുക്ക് ഊഹിച്ചെടുക്കാനും സാധ്യമല്ല. ഏതായാലും, എലിസബത്തിനെപ്പോലെ മറിയം ലേവീഗോത്രത്തിൽപ്പെട്ടവളാണെന്ന നിഗമനത്തിൽ നമുക്കെത്താനാവില്ല. ദാവീദുവംശത്തിൽപ്പെട്ട ജോസഫിനെയാണ് അവൾ വിവാഹം കഴിക്കുന്നത്. ദാവീദുവംശം യൂദാഗോത്രത്തിൽപ്പെട്ടതാണല്ലോ. ഒരേ ഗോത്രത്തിൽപ്പെട്ടവർ തമ്മിലുള്ള വിവാഹമാണ് സാധാരണ നടക്കാറുള്ളത്. അതുകൊണ്ട്, മറിയവും യൂദാഗോത്രത്തിൽപ്പെട്ടവളാണെന്ന് നമുക്ക് സമ്മതിക്കേണ്ടിവരും. മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. അവൾ മറിയത്തെ 'കർത്താവിന്റെ അമ്മ' എന്ന് അഭിസംബോധന ചെയ്യുന്നു; സ്ത്രീകളിൽ അനുഗൃഹീതയെന്ന് പ്രശംസിക്കുന്നു; അവളുടെ ഉദരഫലമായ രക്ഷകനായ യേശുവിനെ വാഴ്ത്തുന്നു.

വൃദ്ധയായ ചാർച്ചക്കാരിയെ ശുശ്രൂഷിക്കാനെത്തിയതിലൂടെ മറിയം പരസ്നേഹത്തിന്റെ മാതൃകയായിത്തീരുന്നു. മറിയത്തിന്റെ സാന്നിധ്യത്തിൽ എലിസബത്ത്



അനുഗൃഹീതയായതുപോലെ ഉത്തമ കുടുംബിനിമാരുടെ സാന്നിധ്യവും ശുശ്രൂഷയും എല്ലാവരെയും അനുഗ്രഹങ്ങൾ കൊണ്ടു നിറയ്ക്കും.

## സ്തോത്രപ്രാർഥനയുടെയും ധ്യാനാത്മകപ്രാർഥനയുടെയും മാതൃക

മറിയത്തിന്റെ സ്തോത്രപ്രാർഥന 'മാഗ്നിഫിക്കാത്ത്' എന്നറിയപ്പെടുന്നു. ദൈവത്തിന്റെ മഹത്തായ കാരുണ്യം വാഴ്ത്തിക്കൊണ്ട് തന്റെ എളിമയും താഴ്മയും ഏറ്റുപറയുകയാണ് മറിയം. പഴയനിയമത്തിലെ ഹന്നായുടെ സ്തോത്രഗീതവുമായി ഇതിനു സാമ്യമുണ്ട് (1 സാമുവൽ 2:1-10). എളിയവരെയും താഴ്ന്നവരെയും വിശക്കുന്നവരെയും ഉയർത്തുകയും അഹങ്കാരികളെയും ശക്തരെയും ധനികരെയും താഴ്ത്തുകയും ചെയ്യുന്ന ദൈവത്തിന്റെ അത്ഭുതകരമായ സാമൂഹിക ഇടപെടലാണ് ഈ ഗീതം പ്രഘോഷിക്കുന്നത്.

മറിയം ധ്യാനാത്മക പ്രാർഥനയ്ക്കും മാതൃകയാണ്. ''മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു'' (2:19, 2:51) എന്ന വചനം ധ്യാനാത്മകപ്രാർഥനയുടെ സൂചനയാണ് നമുക്ക് നൽകുന്നത്. ഉത്തമകുടുംബിനികൾ പ്രാർഥനാജീവിതത്തിന് മാതൃകയാണ്.

## സഹനത്തിന്റെ വഴി

കുടുംബജീവിതത്തിൽ സഹനങ്ങളുണ്ട്. ദൈവത്തിൽ വിശ്വസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്ന കുടുംബിനികൾക്ക് സഹനമേറ്റെടുക്കാൻ മടിയുണ്ടാവുകയില്ല. ജറുസലമിലെ ശിമയോൻ എന്ന പ്രവാചകൻ ''നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും'' (2:35) എന്ന് മറിയത്തോട് പറഞ്ഞപ്പോൾ, ഭാവിയിൽ അവൾ പിന്തുടരേണ്ട സഹനമാർഗമാണ് വെളിപ്പെടുത്തിക്കൊടുത്തത്. മറിയം യേശുവിനോടൊപ്പം സഹനത്തിന്റെ വഴിയേ നടന്നു. അങ്ങനെ അവൾ എല്ലാ കുടുംബിനികൾക്കും മാതൃകയായിത്തീർന്നു.

ഉത്തമ മാതാവായ മറിയത്തിൽ വിളങ്ങിയ ഉൽകൃഷ്ട ഗുണങ്ങൾ ഭൂമുഖത്തെ എല്ലാ കുടുംബങ്ങൾക്കും അനുകരിക്കാം. •

EXIT പുറം വാതിൽ

ജെ. മണക്കുന്നേൽ

# നോമ്പിലൊരു അമ്പ്! പിന്നെ അൻപ്

''**അ**സൂയക്കാരും ഏഷണിക്കാരുമാണച്ചാ അടുത്തുള്ളവരെല്ലാം... ഞാനും എന്റെ കുടുംബവും നന്നായിപ്പോകുന്നത് കാണുമ്പോൾ എല്ലാവർക്കും കണ്ണുകടിയാ... ഒരെണ്ണത്തിനെയും വിശ്വസിക്കാൻ പറ്റില്ല. തരം നോക്കി നിന്നില്ലെങ്കിൽ തലയും കൊണ്ടു പോകുന്ന വർഗങ്ങളാ... വല്ല കൂടോത്രവും കൈവിഷവുമൊക്കെ വച്ചിട്ടുണ്ടോയെന്നു പേടിയാ...'' നോമ്പിനു മുമ്പ് അയൽപക്കബന്ധത്തിലൊരു അനുരഞ്ജനം വരുത്താൻ ഒരു വികാരിയച്ചൻ പറഞ്ഞുവിട്ട കുടുംബമാണ് മുന്നിലിരിക്കുന്നത്. അങ്ങേരൊരു പാവം! അവരാ മാപ്പിള..! അടുത്തു താമസിക്കുന്ന അനവധി വീട്ടുകാരുമായി അനേകവർഷത്തെ അകൽചയാണുള്ളത്. പണ്ടേ കണ്ടാൽ മിണ്ടില്ല. പറ്റുമ്പോഴെല്ലാം പക കാട്ടും! പറ്റുന്നിടത്തോളം പാരവയ്ക്കും! ചുറ്റുമുള്ളവരോടു മൊത്തം തെറ്റിനിൽക്കുന്ന അവരോടു ഞാൻ ചോദിച്ചു: ''നോമ്പൊക്കെ വരികയല്ലേ...? ഒന്നു ക്ഷമിച്ചു ഒരു നല്ല കുമ്പസാരം നടത്താം.'' ''ഞാൻ ഇന്നലെയും കുമ്പസാരിച്ചച്ചോ'', ഉടനടി മറുപടി കിട്ടി. ''അയൽക്കാരോട് ക്ഷമിക്കാത്തവരോട് കർത്താവ് ക്ഷമിക്കുമോ സഹോദരീ...? കുമ്പസാരം വെറുതെയായിപ്പോയില്ലേ...?'' എന്റെ ചോദ്യം കേട്ട് കെട്ടിയോൻ തലകുമ്പിട്ടിരിപ്പായി! കെട്ടിയോളാകട്ടെ എന്തും വരട്ടെയെന്ന മട്ടിൽ തലയാട്ടി നെഞ്ചുവിരിച്ചിരിക്കുന്നു. ''അതൊക്കെ കർത്താവിനറിയാം. എന്റെ കാര്യമൊക്കെ കർത്താവ് ഇന്നുവരെ കൃത്യമായി ചെയ്തിട്ടുണ്ട്. കർത്താവിനു കൊടുക്കേണ്ടതൊക്കെ ഞാൻ കൃത്യമായി കൊടുത്തിട്ടുമുണ്ട്.'' ഭാര്യയ്ക്കു നേരെ ഭർത്താവ് ഇതുകേട്ടൊന്നു പാളിനോക്കി. അവളാകട്ടെ അങ്ങേരെ വിഴുങ്ങുന്ന ഒരു നോട്ടം പാസാക്കി! ഉരുളയ്ക്ക് ഉപ്പേരി പോലെ എന്തിനും പറ്റുന്ന മറുപടി പറയുന്ന ആ സ്ത്രീയെ ഭർത്താവിനല്ല, കർത്താവിനുപോലും മെരുക്കാൻ പറ്റില്ലെന്നു എനിക്കു തോന്നിപ്പോയി. ''ഇത്രയും വീട്ടുകാർ ഒരുപോലെ ശത്രുക്കളാകാൻ എന്തെങ്കിലും കാര്യമുണ്ടാകേണ്ടേ?'' വിനയപൂർവം ഞാൻ ചോദിച്ചു. ''അഹങ്കാരമാണ് അച്ചാ... ഞങ്ങടെ വഴിയും ഞങ്ങടെ കിണറുമൊക്കെ അവർക്കു കൂടി കിട്ടണം. കരണ്ടുകമ്പി വലിക്കാനും ഞങ്ങടെ പറമ്പുവേണം. ഇതൊക്കെത്തന്നെ പ്രശ്നം.'' നിങ്ങൾക്കു വലിയ പ്രശ്നമൊന്നുമില്ലെങ്കിൽ പാവപ്പെട്ട അവർക്കുകൂടി പ്രയോജനപ്പെടും വിധം പങ്കുവെക്കുമ്പോൾ അതൊരു നന്മയാകില്ലേ എന്ന ചോദ്യത്തിന് ''ആ പുണ്യമൊന്നും കിട്ടാതിരിക്കുകയാ ഭേദം'' എന്നായിരുന്നു മറുപടി. ഒടുവിൽ അവരെ മാറ്റി ഭർത്താവിനോടു മാത്രമായി ഞാൻ സംസാരിച്ചു.

അദ്ദേഹത്തിന് എല്ലാം മനസാണ്, പക്ഷേ അയൽക്കാരോടെങ്ങാനും മിണ്ടുന്നതു കണ്ടാൽ അന്നു വീട്ടിൽ കലഹമാണത്രേ! മനഃസമാധാനം കിട്ടാനായി അയാൾ ഇപ്പോൾ മുനിതുല്യം മിണ്ടാവ്രതം പാലിക്കുന്നു. അടുപ്പുകല്ലുപോലെ തൊട്ടടുത്തു താമസിക്കുന്നവരോട് ഒരു അടുപ്പവും കാട്ടാത്ത ആ സ്ത്രീയോട് പൊടുന്നനവേ വരാൻ പോകുന്ന ഒരു രോഗത്തെക്കുറിച്ചും മരണത്തെക്കുറിച്ചുമൊക്കെ ഒന്നാലോചിക്കാൻ ഞാൻ പറഞ്ഞു. അല്പം മാറ്റം അങ്ങനെയെങ്കിലുമുണ്ടാകട്ടെ എന്നേ കരുതിയുള്ളൂ. ''അച്ചനു ദർശനവരമുണ്ടല്ലേ?'' എന്ന ചോദ്യത്തോടെ അമ്പുകൊണ്ടതുപോലെ അവരതിൽ ഒന്നു പകച്ചുനിന്നു. അതിൽ ഊന്നി ഒന്നര മണിക്കൂർ നീണ്ട ഒരു സംഭാഷണത്തിനൊടുവിൽ അവരൊന്ന് ആകെ അയഞ്ഞു. പിന്നെ കുറെ പരിഭവങ്ങളൊക്കെ പുലമ്പിയിട്ട് അവരങ്ങ് പതുങ്ങി! ഒടുവിൽ ബന്ധങ്ങളിലെ വിള്ളലുകൾ വിളക്കിച്ചേർക്കാം എന്ന് ഉറപ്പു നല്കി, അവരിരുവരും ഒരു നല്ല കുമ്പസാരം നടത്തി. കൃത്യനിർവഹണത്തിൽ കൃതാർഥനായി ഞാൻ കർത്താവിനെ വാഴ്ത്തി.

''നിന്റെ ഹൃദയത്തിൽ നിന്ന് ദുഷ്ടത കഴുകിക്കളയുക; എന്നാൽ നീ രക്ഷപെടും. എത്ര നാളാണു നീ ദുഷ്ടതയും പേറി നടക്കുക'' (ജറമി. 4:14).

അയൽക്കാരോട് അനീതി കാട്ടുന്നവന്റെ ആരാധനയ്ക്ക് അർഥമുണ്ടോ? നോവുന്നവന്റെ നൊമ്പരം കാണാത്തവരുടെ നോമ്പാചരണത്തിൽ കാമ്പുണ്ടോ? എല്ലാവരോടും കൊമ്പു കോർക്കുന്നവരുടെ കുമ്പസാരം സാരവത്താകുമോ? പങ്കുവെക്കൽ ശീലമില്ലാതെ ചങ്കുപൊട്ടി പ്രാർഥിച്ചാൽ ഫലവത്താകുമോ? കറയും കപടതയുമായി കരുണയില്ലാതെ കുർബാന അർപ്പിക്കുന്നവർക്കു കൃപ കിട്ടുമോ?

''നിങ്ങളുടെ ഹൃദയമാണ് കീറേണ്ടത്; വസ്ത്രമല്ല. നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്ക് മടങ്ങിവരുവിൻ'' (ജോയേൽ 2:12). •

Published by Fr. Jose Thekkepurathu Owned by Family Apostolate, Pastoral Centre, Changanacherry • Phone: 0481 2424476 • Printed at St. Joseph Orphanage Press, Changanacherry
Chief Editor: Fr. Johnykutty Tharakunnel